# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ആഗസ്റ്റ് 2024 | വാല്യം 51 ലക്കം 5 | പേജ് 12 | വില 10.00 രൂപ

UNITY Monthly | August 2024 | Volume 51 Issue 5 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


**പൊലിഞ്ഞുപോയ മനുഷ്യജീവന്റെയും നാശനഷ്ടങ്ങളുടെയും കണക്കെടുത്താൽ രാജ്യത്തുണ്ടായ ഏറ്റവും വലിയ പ്രകൃതി ദുരന്തങ്ങളിലൊന്നാണ് വയനാട്ടിൽ സംഭവിച്ചത് എന്ന് കാണാം. മറ്റ് ജീവജാലങ്ങൾ, ജീവനോപാധികൾ എന്നിവയും മണ്ണടിഞ്ഞുപോയി. രക്ഷപ്പെട്ടവരിൽ പലരും അനാഥരായി. കുടുംബങ്ങൾ ശിഥിലമായി. തകർച്ചയുടെ പടുകുഴിയിൽനിന്ന് കരകയറാൻ ദുരന്തത്തിന്റെ ഇരകൾക്കിനി സമൂഹത്തിന്റെ ഉറച്ച പിന്തുണ ആവശ്യമാണ്.**

ഏത് ദുരന്തത്തിലും ഏറ്റവുമധികം കെടുതികൾ ഏറ്റുവാങ്ങുക സാധാരണ മനുഷ്യരായിരിക്കുമല്ലോ. ജീവൻ രക്ഷിക്കാനായി ആദ്യം ഓടിയെത്തുന്നതും അവർതന്നെ. ഇവിടെയും സ്ഥിതി വ്യത്യസ്തമല്ല. ഗവണ്മെന്റ് സംവിധാനങ്ങളും സന്നദ്ധസംഘങ്ങളും സാങ്കേതിക സഹായങ്ങളുമൊക്കെ പിന്നാലെയാണെത്തുക. എങ്കിലും ജീവൻ രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളുമൊക്കെ വലിയൊരു പരിധിവരെ കാര്യക്ഷമമായി നടന്നു എന്നത് ആശ്വാസകരമാണ്. പ്രളയക്കെടുതിയുടെ സമയത്ത് കണ്ടതുപോലെ പ്രശംസനീയമാംവിധം പ്രവർത്തിച്ചവർ മനുഷ്യ സാഹോദര്യത്തിന്റെ കരുത്താണ് നമ്മെ ബോധ്യപ്പെടുത്തിയത്.

### പ്രകൃതി ദുരന്തങ്ങൾ തടയാനാകുമോ?

ഉരുൾപൊട്ടൽ പൂർണമായും തടയുക മനുഷ്യസാധ്യമല്ല എന്നത് ശരിയായിരിക്കാം. ദുരന്തങ്ങളിൽ ആഗോളതാപനവും അതുവഴിയുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനവും വഹിക്കുന്ന പങ്കം പ്രധാനംതന്നെ. പക്ഷേ ഇവയൊന്നുംതന്നെ പ്രകൃതിക്കുമേൽ നടത്തുന്ന കൈയേറ്റങ്ങൾക്കും ഏൽപ്പിക്കപ്പെടുന്ന ആഘാതങ്ങൾക്കും ന്യായീകരണമാകുന്നില്ല. ആഘാതം പരമാവധി കുറയ്ക്കുന്നതിനായുള്ള മുൻകരുതൽ നടപടികൾ കൈക്കൊള്ളുന്നതിൽ അധികാര കേന്ദ്രങ്ങൾ പുലർത്തുന്ന അലംഭാവം, സമയോചിതമായ മുന്നറിയിപ്പുകൾ നൽകുന്നതിലുള്ള കുറ്റകരമായ

(ശേഷം 2–ാം പേജിൽ)



# വയനാട് ഉരുൾപൊട്ടൽ

## പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കണം

കാർഷിക നയങ്ങളുടെ കെടുതികളും വന്യമൃഗ ആക്രമണങ്ങളുംകൊണ്ട് പൊറുതിമുട്ടിയ ഒരു ജനത ഇപ്പോൾ പ്രകൃതി ദുരന്തങ്ങളുടെ നിതാന്ത ഭീഷണിയിൽ വിറങ്ങലിച്ചു കഴിയുകയാണ്. ഇതിനൊരവസാനമുണ്ടാകണം.

# സർക്കാർ ജീവനക്കാർക്ക് നേരെയുള്ള 'ഇടത്' സർക്കാരിന്റെ കടന്നാക്രമണങ്ങൾ



**കേരളം അഭിമുഖീകരിക്കുന്ന സകലവ്യാധികളുടെയും പരിഹാരം സ്വകാര്യ നിക്ഷേപത്തെ പോഷിപ്പിക്കുകയാണ് എന്ന കാഴ്ചപ്പാട് വച്ചുകൊണ്ട് പിണറായി സർക്കാർ തൊഴിൽ മേഖലയിൽ ആവിഷ്കരിക്കുന്ന നയനടപടികൾ കേരളത്തെ ഒന്നാകെ നശിപ്പിക്കുവാൻ പോന്നതാണ്. ഒരു മാതൃകാ തൊഴിൽദാതാവ് എന്ന നിലയിൽ സ്വന്തം തൊഴിലാളികളായ സർക്കാർ ജീവനക്കാരുടെ കാര്യത്തിൽ ആ സമീപനം നടപ്പിലാക്കി മാതൃക കാട്ടുകയാണ് സർക്കാർ.**

2002 ജനവരി 16ലെ കറുത്ത ഉത്തരവിനെതിരെ കേരളത്തിലെ സർക്കാർ ജീവനക്കാർ നടത്തിയ ഐതിഹാസികമായ പണിമുടക്കിന് ദിശ നൽകിക്കൊണ്ടും ആ സമരത്തെ സർക്കാരും സർവീസ് സംഘടനകളും ചേർന്ന് പരാജയപ്പെടുത്തിയപ്പോൾ സർക്കാർ ജീവനക്കാരുടെ മുന്നിലുള്ള കടമകൾ എന്തെന്ന് വിശദീകരിച്ചുകൊണ്ടും 2002 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലായി പ്രസിദ്ധീകരിച്ച്, ലക്ഷക്കണക്കിന് കോപ്പികൾ കേരളത്തിൽ എമ്പാടും വിതരണം ചെയ്ത 'യൂണിറ്റി'യിൽ വന്ന ലേഖനങ്ങളിലൂടെയും നേരിട്ട് നടത്തിയ പ്രചാരണ പ്രവർത്തനങ്ങളിലൂടെയും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഏറ്റെടുത്ത ദൗത്യം ഈ സാഹചര്യത്തിൽ ഓർമിപ്പിച്ചുകൊള്ളട്ടെ.

കേരളത്തിലെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവകാശപ്പെട്ട ശമ്പളവും പെൻഷനും അനുബന്ധ സാമ്പത്തിക ഘടകങ്ങളും നൽകുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും കാലതാമസം വരുത്തിയും തടഞ്ഞുവച്ചും നിഷേധിച്ചുംകൊണ്ട് സർക്കാർ കൈക്കൊള്ളുന്ന നടപടികൾ കേവലം യാദൃച്ഛികമല്ലെന്ന് തിരിച്ചറിയണം. കഴിഞ്ഞ നിരവധി പതിറ്റാണ്ടുകൾ കൊണ്ട് കേരളത്തിലെ പണിയെടുക്കുന്നവരൊന്നാകെ പൊരുതി നേടിയ, കുടുംബത്തിന്റെ ആരോഗ്യ, വിദ്യാഭ്യാസ നിലവാരം നിലനിർത്താൻ സഹായിച്ച, ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിയ കൂലിഘടനയെ, സേവന വ്യവസ്ഥകളെ അട്ടിമറിക്കാനുള്ള ആസൂത്രിതമായ ഒരു ദീർഘകാല പദ്ധതിയുടെ ഭാഗമാണ് അത്. ഈ നടപടികൾ കേവലം സർക്കാർ ജീവനക്കാരിൽ ഒതുക്കി നിർത്താനുള്ളതല്ല. ഇക്കാര്യത്തിൽ ഭരണത്തിൽ മാറിമാറി വരുന്ന മുന്നണി

(ശേഷം 6–ാം പേജിൽ)


പേജ് 3 — ആഗസ്റ്റ് 5 ശിബ്ദാസ് ഘോഷ് അനുസ്മരണ ദിനം ആചരിച്ചു

പേജ് 8 — സൈദ്ധാന്തിക പാഠങ്ങൾ: വിപ്ലവജീവിതമാണ് ഏറ്റവും മഹത്തായത്

പേജ് 10 — റിസർവ് ബാങ്ക് വ്യാജമായി നിർമ്മിച്ച തൊഴിൽ വിവരങ്ങൾ




**ആർ.ജി.കാർ: പിജി ഡോക്ടറുടെ കൊലപാതകം**

### എസ്‌യുസിഐ(സി) ആഹ്വാനം ചെയ്ത 12 മണിക്കൂർ ബംഗാൾ ബന്ദ് സമ്പൂർണ്ണം

വാർത്ത 12–ാം പേജിൽ

# പാരിസ്ഥിതിക വെല്ലുവിളികളെ നേരിടാൻ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ശാസ്ത്രീയസമീപന രീതി സ്വീകരിക്കണം

*(1–ാം പേജിൽ നിന്ന്)*

അനാസ്ഥ, പരിസ്ഥിതി നശീകരണത്തിന് പരോക്ഷമായി ഒത്താശ ചെയ്യൽ എന്നിവയൊക്കെ അവരെ പ്രതിസ്ഥാനത്ത് നിർത്തുന്നുണ്ട്.

**വയനാട് ഉരുൾപൊട്ടൽ**

"മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളോട് ചേർന്നുള്ള മലനിരകളിലെ അനിയന്ത്രിതടൂറിസം ഉരുൾപൊട്ടലിന് കാരണമാകുമെന്ന് ഹൈക്കോടതി നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട ഒരു വിദഗ്ദ്ധ സമിതി ഒരു വർഷം മുമ്പേ റിപ്പോർട്ടുനൽകിയിരുന്നു. പരിസ്ഥിതിലോലമായ ഈ പ്രദേശത്തുമാത്രം മുപ്പത് റിസോർട്ടുകളാണ് പ്രവർത്തിക്കുന്നത്. ഒഴിവുദിവസങ്ങളിൽ 2500 സന്ദർശകർവരെ എത്തുന്നു. ഓൺറോഡ്, ഓഫ്റോഡ് യാത്രകളും കണ്ണാടിപ്പുഴയുടെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന നടപടികളും റിസോർട്ടുകളിലെ മാലിന്യ നിർമാർജനത്തിന് ഫലപ്രദമായ നടപടികളില്ലാത്തതുമൊക്കെഗുരുതരപ്രശ്നങ്ങളായി സമിതി ചൂണ്ടിക്കാണിച്ചിരുന്നു."*(മാതൃഭൂമി, 8.8.24)*

## ഉരുൾപൊട്ടൽ എങ്ങനെ ഉണ്ടാകുന്നു?

"അതിതീവ്രമഴ ഉരുൾപൊട്ടലിനുള്ള ഒരു പ്രധാനകാരണമായി കരുതപ്പെടുന്നു. മഴവെള്ളം മണ്ണിലൂടെ അരിച്ചിറങ്ങി അതിന്റെ വ്യാപനം ഒരു പൂരിതാവസ്ഥയിലെത്തുമ്പോൾ കുറേയേറെ ജലം ഗമനമാർഗ്ഗങ്ങളിലൂടെ പുറത്തേയ്ക്കൊഴുകിപ്പോകുന്നു. ബാക്കിയാകുന്ന ജലം മേൽമണ്ണിലൂടെ താഴേയ്ക്ക് കിനിഞ്ഞിറങ്ങുന്നു. ഈ ജലം പാറയുടെയും മേൽമണ്ണിന്റെയും ഇടയിലുള്ള പ്രതലത്തിൽ ചെളിയായി രൂപപ്പെടുകയും മേൽമണ്ണിന്റെ കെട്ടുറപ്പിനെ ബാധിക്കുകയും ചെയ്യുന്നു. കൂടാതെ, വർദ്ധിച്ചുവരുന്ന ജലമർദ്ദം പാറയും മണ്ണുമായുള്ള ഘർഷണശക്തി കുറയ്ക്കുകയും വഴുതാനുള്ള പ്രവണത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കുറഞ്ഞ സമയത്തിനുള്ളിൽ തീവ്രമായ മഴയുണ്ടായാൽ മേൽമണ്ണിൽ കൂടുതൽ ജലം തങ്ങിനിന്ന് അതിന്റെ ഭാരം വർദ്ധിക്കുകയും അത് ചെരിവുകളിലൂടെ താഴേയ്ക്ക് നീങ്ങുകയും ചെയ്യും. ഭൂമികുലുക്കം, അഗ്നിപർവ്വത സ്ഫോടനം തുടങ്ങിയവയും ഉരുൾപൊട്ടലിന് കാരണമാകും. ലോലമായ വനഭൂമിയിലേയ്ക്കുള്ള കടന്നുകയറ്റവും വനനശീകരണവുംപോലുള്ള മനുഷ്യന്റെ പ്രവൃത്തികൾ ഉരുൾപൊട്ടലിന്റെ എണ്ണവും തീവ്രതയും വർദ്ധിപ്പിക്കുന്നു. കാരണം, മേൽമണ്ണ് ബലപ്പെടുത്തുന്നതിൽ വനത്തിന്റെ പങ്ക് ചെറുതല്ല."*(ഡോ.സി.പി.രാജേന്ദ്രൻ, ഭൗമശാസ്ത്രജ്ഞൻ, മാതൃഭൂമി, 10.8.24)*

## ആഗോളതാപനം

പാരിസ്ഥിതിക പ്രശ്നങ്ങൾക്കെല്ലാം കാരണം ആഗോള താപനമാണെന്നും അതൊരു ആഗോള പ്രതിഭാസമാണെന്നും പറഞ്ഞ് നിസ്സഹായത നടിക്കുന്നവർ മനസ്സിലാക്കേണ്ടത് ആഗോള താപനവും മനുഷ്യ സൃഷ്ടിതന്നെയാണ് എന്ന വസ്തുതയാണ്. ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ അനുവദനീയമായ പരിധിയിൽ ഒതുക്കാൻ മനുഷ്യന് കഴിയും. അതിസമ്പന്നരുടെലാഭാർത്തിയുംസുഖലോലുപതയുമൊക്കെ ഇതിന് വിലങ്ങുതടിയാകുന്നു. ഏറ്റവും അധികം ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുന്ന വികസിത രാജ്യങ്ങൾ ഇക്കാര്യത്തിലെടുക്കുന്ന നിഷേധാത്മക നിലപാട് അവികസിത രാജ്യങ്ങളിലെ ജനങ്ങളെയാണ് ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത്.

## പശ്ചിമഘട്ടം സംരക്ഷിക്കേണ്ടത് എന്തുകൊണ്ട്?

പശ്ചിമഘട്ട മലനിരകൾ ഉൾക്കൊള്ളുന്ന ജില്ലയാണ് വയനാട്. പശ്ചിമ ഘട്ടത്തിന്റെ ഏത് രൂപ-ഭാവമാറ്റവും വയനാടിനെ വളരെയേറെ ബാധിക്കും. വയനാടിനെ മാത്രമല്ല ഇത് ബാധിക്കുക. ആറ് സംസ്ഥാനങ്ങളിലായി 1490കി.മി. നീളത്തിൽ സ്ഥിതിചെയ്യുന്ന മലനിരകളാണിത്. 28 കോടി ആളുകളാണ് ഇതിനെ ആശ്രയിച്ച് ജീവിക്കുന്നത്. പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതികമായ പ്രാധാന്യം മനസ്സിലാക്കി അതിന്റെ സംരക്ഷണത്തിനായി ധാരാളം സംഘടനകളും വ്യക്തികളും ശബ്ദമുയർത്തിയിട്ടുണ്ട്. ജനങ്ങളുടെ ഈ മുറവിളി അവഗണിക്കാനാകാതെ വന്നപ്പോഴാണ് പശ്ചിമഘട്ടത്തിന്റെ സംരക്ഷണം മുൻനിർത്തി പഠനം നടത്താൻ 'പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ്ധ സമിതി' എന്നൊരു കമ്മിറ്റിക്ക് കേന്ദ്ര



ഗവണ്മെന്റ് 2010ൽ രൂപം നൽകുന്നത്. പ്രമുഖ ശാസ്ത്രജ്ഞനായ മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ ഈ പാനൽ 2011ൽതന്നെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമഗ്രമായൊരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കാനോ തുടർനടപടികൾ കൈക്കൊള്ളാനോ കേന്ദ്രം ഭരിച്ച ഗവണ്മെന്റുകളൊന്നും തയ്യാറായില്ല. ഏറെ വൈകി, കോടതി ഉത്തരവിനെത്തുടർന്നാണ് ഇത് വെളിച്ചം കണ്ടത്.

ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളം ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും ശുദ്ധജലത്തിന്റെയുമൊക്കെ പേരിലാണ് ആ ഖ്യാതി നേടിയത് എന്ന് നമുക്കറിയാം. ഇതിനെല്ലാം കാരണം പശ്ചിമഘട്ടം തന്നെയാണ്. കേരളത്തെ സമ്പന്നമാക്കുന്ന 44 നദികളുടെ ഉദ്ഭവസ്ഥാനമാണത്. സമൃദ്ധമായ മൺസൂൺ മഴ നൽകുന്നതും കേരളത്തെ വരണ്ട കാലാവസ്ഥയിൽനിന്ന് സംരക്ഷിക്കുന്നതുമൊക്കെ ഈ മലനിരകളാണ്. ലോകത്തെ ഏറ്റവും സമ്പന്നമായ 8 ജൈവവൈവിദ്ധ്യ കലവറകളിലൊന്നാണ് പശ്ചിമഘട്ടം.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണി നേരിടുന്ന നമ്മൾ ഏറ്റവുമധികം ശ്രദ്ധിക്കേണ്ട കാര്യങ്ങളിലൊന്നാണ് മണ്ണിന്റെ ഉറപ്പ് പരിപാലിക്കുക എന്നത്. മരങ്ങളും ജൈവ വൈവിദ്ധ്യവുമൊക്കെ ഇതിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. പരിസ്ഥിതി സംരക്ഷണം സുപ്രധാനമായ കർത്തവ്യങ്ങളിലൊന്നായി ഏറ്റെടുക്കുകയും ജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുകയും ജീവിതശൈലിതന്നെ പരിസ്ഥിതി സൗഹൃദമാക്കുകയും ചെയ്തുകൊണ്ടേ നമുക്കിനി മുന്നേറാനാകൂ.

## ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്

'ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്- യാഥാർത്ഥ്യങ്ങളും ഉത്കണ്ഠകളും' എന്ന ലഘുലേഘയിൽ ഗാഡ്ഗിൽ കമ്മിറ്റി അംഗമായിരുന്ന ഡോ.വി.എസ്.വിജയൻ പറയുന്നു: "പരിസ്ഥിതിയ്ക്കും ആവാസ വ്യവസ്ഥയ്ക്കും ഏറ്റവും കുറഞ്ഞ അലോസരങ്ങൾ മാത്രം ഏൽപിച്ചുകൊണ്ട് പാവപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്. വീണ്ടുവിചാരമില്ലാത്ത വികസനം-ഭാവനാശൂന്യമായ സംരക്ഷണം എന്നതിന്റെ സ്ഥാനത്ത് സുസ്ഥിര വികസനം-വിവേകപൂർണമായ സംരക്ഷണം എന്നതിന് ഈ

*(ശേഷം 3–ാം പേജിൽ)*

# ദുരന്തഭൂമിയിൽ വൈദ്യസഹായവുമായി മെഡിക്കൽ സർവ്വീസ് സെന്റർ

**ആ**രോഗ്യപ്രവർത്തകരുടെ സന്നദ്ധ സംഘടനയായ മെഡിക്കൽ സർവ്വീസ് സെന്ററിന്റെ സംസ്ഥാനഘടകത്തിന്റെ നേതൃത്വത്തിൽ ഡോക്ടർമാർ, നേഴ്സുമാർ, മെഡിക്കൽ വോളന്റിയർമാർ എന്നിവരടങ്ങുന്ന സംഘം മേപ്പാടിയിലെത്തി ജൂലൈ 31ന് തന്നെ ബേസ് ക്യാമ്പ് തുറന്ന് പ്രവർത്തനം ആരംഭിച്ചു. ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം മണിക്കൂറുകൾ പിന്നിടുന്നതനുസരിച്ച് വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ മേപ്പാടിയിലെ പ്രധാന സർക്കാരാശുപത്രി മൃതദേഹങ്ങൾ കൈകാര്യം ചെയ്യുക എന്ന സങ്കീർണ്ണദൗത്യത്തിൽ വാപൃതമാവേണ്ടി വന്നിരുന്നു. മറുവശത്ത് പരിക്കേറ്റവരെക്കൊണ്ട് ആശുപത്രികൾ നിറയുക കൂടി ചെയ്തപ്പോൾ രക്ഷാപ്രവർത്തകർക്കും സാധാരണ ജനങ്ങൾക്കും സൗജന്യ വൈദ്യസഹായം ലഭ്യമാക്കുക എന്നത് ദുഷ്കരമായ ഒന്നായി മാറുകയുണ്ടായി. സുപ്രധാനമായ ഈ ദൗത്യമാണ് മുഖ്യമായും എംഎസ്സി ഏറ്റെടുത്തത്. ആഗസ്റ്റ് 1ന് തന്നെ മേപ്പാടി കേന്ദ്രീകരിച്ച് തുടക്കം കുറിച്ച പ്രവർത്തനം രണ്ടു മാർഗ്ഗങ്ങളിലൂടെ കാര്യക്ഷമമായി തുടരുകയാണ്. ബേസ് ക്യാമ്പിൽ പ്രവർത്തിക്കുന്ന സ്ഥിരം സ്വഭാവത്തിലുള്ള ക്ലിനിക്കാണ് പ്രധാന വൈദ്യസഹായകേന്ദ്രം. സമീപ ജനവാസമേഖലകളിൽ മൊബൈൽ മെഡിക്കൽ ക്യാമ്പുകളും ഇതോടൊപ്പം പ്രവർത്തിപ്പിക്കുന്നു. ഈ രണ്ട് പ്രവർത്തനങ്ങ ളിലൂടെയും ഇതിനോടകം നൂറുകണക്കിന് രോഗികൾക്ക് പ്രാഥമികപരിശോധനകളും ചികിൽസയും മരുന്നും നൽകിക്കഴിഞ്ഞു.









ഉരുൾപൊട്ടലിൽനിന്ന് രക്ഷപ്പെട്ടവരും ബന്ധുക്കൾ നഷ്ടപ്പെട്ടവരുമായ നിസ്സഹായരായ മനുഷ്യർ അനുഭവിക്കുന്ന ഒറ്റപ്പെടലും അവരുടെ മാനസിക വ്യഥകളും ക്രമേണ ദുരന്തമേഖലയിൽ വർദ്ധിക്കുകയാണ്. പ്രതീക്ഷയും ആത്മവിശ്വാസവും നൽകി മെച്ചപ്പെട്ട മാനസികാരോഗ്യത്തോടെ ജീവിതത്തെ നേരിടാൻ ജനങ്ങളെ പ്രാപ്തമാക്കുക എന്നത് അടിയന്തരമായ ആവശ്യകതയായി ഉയർന്നുവന്നിരിക്കുന്നു. എന്നാൽ ഈ ദിശയിലുള്ള സംവിധാനങ്ങൾ സർക്കാർ തലത്തിൽ വളരെ ദുർബ്ബലമാണെ ന്നിരിക്കെ, കാര്യക്ഷമമായ ഒരു സാന്ത്വനപ്രവർത്തനത്തിനും മെഡിക്കൽ സർവ്വീസ് സെന്റർ തുടക്കം കുറിച്ചുകഴിഞ്ഞു. ആഗസ്റ്റ് 10, 11 തീയതികളിൽ ഈ ലക്ഷ്യത്തോടെ മറ്റൊരു മെഡിക്കൽ ക്യാമ്പും നടത്തുകയുണ്ടായി.

മേപ്പാടി കേന്ദ്രീകരിച്ച് മെഡിക്കൽ സർവ്വീസ് സെന്റർ നടത്തിക്കൊണ്ടിരിക്കുന്ന വൈദ്യസഹായ - സാന്ത്വന പ്രവർത്തനങ്ങൾക്ക് സംഘടനയുടെ സംസ്ഥാന പ്രസിഡണ്ട് ഡോ.ഹരിപ്രസാദ്, സംസ്ഥാന സെക്രട്ടറി ഡോ.തുഷാര തോമസ്, അഖിലേന്ത്യാ കമ്മിറ്റിയംഗം എസ്.മിനി എന്നിവർ നേതൃത്വം നൽകുന്നു. മെഡിക്കൽ സർവ്വീസ് സെന്റർ തമിഴ്നാട് ചാപ്റ്റർ അംഗം ഡോ.ഇളന്തിരിയൻ, ഡോ.വിഘ്നേഷ്, കർണ്ണാടക ചാപ്റ്റർ അംഗങ്ങൾ ഡോ.ശിവകുമാർ മെഡിക്കൽ വിദ്യാർത്ഥികളായ മിശാൽ മുഹമ്മദ് വി.പി, ദമരു, വെങ്കിടേഷ്, എസ്. ശാലിനി തുടങ്ങിയവരും ഡോ.ചന്ദ്രശേഖർ, ഡോ. പി.എസ്.ബാബു, ഡോ.ഗോദകുമാർ, ഡോ.റിൻസി, ഡോ.സുബോധ് മാത്യു, ഡോ.സുകന്യകുമാർ, മാനവ് ജെ, നഴ്സുമാരായ ആർ.മാളു, ഗിരിജകുമാരി എന്നിവരും എസ്.ബിനു എ.ശ്രീനിവാസൻ, എഎം.എ.പുഷ്പ, പി.കെ.ഭഗത്, റ്റിൽസി, നന്ദന ഉൾപ്പടെ സംസ്ഥാനത്തെ എംഎസ്സി അംഗങ്ങളായ ഇരുപതോളം സന്നദ്ധപ്രവർത്തകരും മേപ്പാടി ക്യാമ്പിൽ ടേൺ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. കെറെയിൽ -സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ, വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി സെക്രട്ടറി വി.കെ സദാനന്ദൻ എന്നിവരും വൈദ്യസഹായ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് മേപ്പാടിയിൽ ക്യാമ്പ് ചെയ്യുന്നു. എംഎസ്സിലക്ഷ്യമിടുന്നദുരന്തമേഖലയിലെ വിപുലമായ സാന്ത്വന സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനായി ഡോക്ടർമാരും മാനസികാരോഗ്യ വിദഗ്ദരും മുന്നോട്ടു വരണമെന്ന് മെഡിക്കൽ സർവ്വീസ് സെന്റർ ഒരു പ്രസ്താവനയിലൂടെ അഭ്യർത്ഥിച്ചു. ■

# ആഗസ്റ്റ് 5 ശിബ്ദാസ് ഘോഷ് അനുസ്മരണ സമ്മേളനം




അങ്കമാലിയിൽ നടന്ന സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗവും പശ്ചിമബംഗാൾ സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ചണ്ഡിദാസ് ഭട്ടാചാര്യ പ്രസംഗിക്കുന്നു.



ആഗസ്റ്റ് 5ന് കൽക്കട്ടയിൽ നടന്ന സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് പ്രസംഗിക്കുന്നു.

**എസ്**യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപകനും സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ അനുസ്മരണ ദിനമായ ആഗസ്റ്റ് 5ന് പാർട്ടി സംസ്ഥാന കമ്മിറ്റി അങ്കമാലിയിൽ സംഘടിപ്പിച്ച ചടങ്ങിൽ പോളിറ്റ് ബ്യൂറോ അംഗം സഖാവ് ചണ്ഡിദാസ് ഭട്ടാചാര്യ മുഖ്യപ്രസംഗകനായി പങ്കെടുത്തു.

സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് അധ്യക്ഷത വഹിച്ചു. വയനാട് ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടുള്ള പ്രമേയം സമ്മേളനത്തിൽ അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങളായ ടി.കെ.സുധീർകുമാർ, ആർ.കുമാർ, ഡോ.പി.എസ്.ബാബു, സംസ്ഥാന കമ്മിറ്റിയംഗങ്ങളായ വി.കെ.സദാനന്ദൻ, ജ്യോതികൃഷ്ണൻ, ഷൈല കെ.ജോൺ, മിനി കെ.ഫിലിപ്പ്, അബ്ദുൾ അസീസ്, എസ്.സീതിലാൽ, എൻ.ആർ.മോഹൻകുമാർ, കെ.കെ.സുരേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു. സഖാവ് ശിബ്ദാസ് ഘോഷിനെക്കുറിച്ചുള്ള ഗാനാലാപനത്തോടെയാണ് യോഗം ആരംഭിച്ചത്. അദ്ദേഹത്തിന്റെ ഛായാ ചിത്രത്തിൽ വിവിധ പാർട്ടി ഘടകങ്ങൾക്കുവേണ്ടി പുഷ്പങ്ങൾ അർപ്പിച്ചു. തൊഴിലാളികളുടെ സാർവ്വദേശീയ ഗാനം ആലപിച്ചുകൊണ്ടാണ് യോഗം അവസാനിച്ചത്.

സഖാവ് ചണ്ഡിദാസ് ഭട്ടാചാര്യയുടെ പ്രസംഗത്തിന്റെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു:

ഇന്നത്തെ ലോകസാഹചര്യം അങ്ങേയറ്റം സംഘർഷഭരിതമാണ്. ബംഗ്ലാദേശിലെ പ്രക്ഷോഭത്തെത്തുടർന്ന് ഷേക് ഹസീനയും സഹോദരി രഹാനയും നാടുവിട്ടുവെന്ന വാർത്ത ഇന്ന് പുറത്തുവന്നിട്ടുണ്ട്. ബംഗ്ലാദേശിൽ ന്യായമായ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടുള്ള വിദ്യാർത്ഥി സമരത്തിൽ ഇന്നലെവരെ നൂറിലേറെപ്പേർ കൊല്ലപ്പെട്ടു; അതിലധികവും വിദ്യാർത്ഥികളാണ്. എങ്കിലും ജനങ്ങൾ അവരുടെ കരുത്ത് തെളിയിച്ചിരിക്കുകയാണ്.

പലസ്തീനിലെ ഇസ്രയേലിന്റെ കൂട്ടക്കുരുതി തുടരുകയാണ്. പതിനായിരങ്ങൾ കൊല്ലപ്പെട്ടു. കൂടുതലും സ്ത്രീകളും കുട്ടികളും. ലോകത്തെവിടെയും ജർമ്മനിയിലും ഫ്രാൻസിലും കെനിയയിലും എന്തിന് ഇസ്രയേലിൽ പോലും യുദ്ധത്തിനെതിരെ ജനങ്ങൾ തെരുവിൽ ഇറങ്ങുന്നു. സോഷ്യലിസ്റ്റ് ചേരിയുടെ പതനത്തിനുശേഷം യുദ്ധം തടയാൻ കഴിയുന്നില്ല. 'സാമ്രാജ്യത്വം യുദ്ധമുണ്ടാക്കുന്നു' എന്ന ലെനിന്റെ നിരീക്ഷണം അങ്ങേയറ്റം സാധുവാണ്. അത് ശീതയുദ്ധത്തിന്റേയോ പ്രാദേശിക - ഭാഗിക യുദ്ധങ്ങളുടെയോ രൂപം കൈക്കൊള്ളുന്നു.

രാജ്യത്തെ സ്ഥിതി പരിശോധിച്ചാൽ, കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ബിജെപിയുടെ സീറ്റിന്റെ എണ്ണം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. ജനങ്ങളുടെ അതൃപ്തി മോദിയുടെ ഗ്യാരണ്ടിയെ കാറ്റിൽ പറത്തി. മുൻ തെരഞ്ഞെടുപ്പിൽ, വർഷംതോറും രണ്ട് കോടി തൊഴിൽ നൽകുമെന്നും കള്ളപ്പണം പിടിച്ചെടുത്ത് പൗരന്മാരുടെ അക്കൗണ്ടിൽ 15 ലക്ഷം വീതം നിക്ഷേപിക്കും എന്നുമൊക്കെ പറഞ്ഞ കാപട്യത്തിനും തിരിച്ചടി കിട്ടി. കർഷകരുടെ അവസ്ഥ തീരെ ദയനീയമാണ്. 10 മിനിറ്റിൽ ഒരു കർഷകൻ വീതം ഇന്ത്യയിൽ ആത്മഹത്യ ചെയ്യുന്നു. 45 വർഷത്തെ ഏറ്റവും വലിയ തൊഴിലില്ലായ്മയാണ് രാജ്യം ദർശിക്കുന്നത്. യുവാക്കൾ മറ്റുരാജ്യങ്ങളിലേക്ക് പലായനം ചെയ്യുകയാണ്. സ്ഥിരം തൊഴിൽ അപ്രത്യക്ഷമാകുന്നു. കോൺട്രാക്ട് തൊഴിലും നിസ്സാര വേതനവും വ്യാപകമാകുകയാണ്.

ബജറ്റുകളെല്ലാം അദാനി-അംബാനിമാർക്കും മറ്റ് കോർപ്പറേറ്റുകൾക്കും ഇളവുകൾ നൽകുന്നതാണ്. ചങ്ങാത്ത മുതലാളിത്തം കോർപ്പറേറ്റുകൾക്കായി ഒത്താശ ചെയ്യുകയാണ്. ചെറുകിട വ്യവസായങ്ങളും വ്യാപാരവും തകരുകയാണ്. അഴിമതി വ്യാപകമാകുന്നു. ഇലക്ടറൽ ബോണ്ട്, നീരവ് മോദി, മെഹുൽ ചോക്സി വിഷയങ്ങൾ അതിൽ ചിലതുമാത്രം. വർഗ്ഗീയ കടന്നാക്രമണങ്ങളിൽ ജനങ്ങൾ കൊല്ലപ്പെടുന്നു; അന്വേഷണമില്ല. മതഭ്രാന്തും വർഗ്ഗീയതയും ജാതിസ്പർദ്ധയും വോട്ടിനുള്ള ഉപാധികളാക്കപ്പെടുന്നു. നവോത്ഥാനം സൃഷ്ടിച്ച എല്ലാ മൂല്യങ്ങളും തകർത്തെറിയുകയാണ്. തിരഞ്ഞെടുപ്പുകൾ അടുത്തുവരുമ്പോൾ രാമനെ മുൻനിർത്തി പ്രചാരണം നടത്തുന്നതും പ്രധാന മന്ത്രി തന്നെ അയോദ്ധ്യയിൽ മുഖ്യകാർമ്മികനായി മാറുന്നതും മതേതരത്വത്തിനേറ്റ കനത്ത ആഘാതമാണ്.

വർഗ്ഗീയത യഥാർത്ഥത്തിൽ നാട്ടിലുണ്ടായിവരുന്ന സമരങ്ങൾക്ക് ഭീഷണിയാവുകയാണ്. അത് ജനൈക്യം തകർക്കുന്നു. ബിജെപിക്കെതിരെ ശക്തമായ വികാരമുണ്ട്; പക്ഷേ ബദലില്ല. ഇന്ത്യാ സഖ്യം ബിജെപിക്ക് യഥാർത്ഥ ബദലായി മാറുന്നില്ല. കാരണം അതൊരു സമരശക്തിയല്ല. സമരത്തിന്റെയും മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെയും ശക്തികൾക്കേ യഥാർത്ഥ ബദലാകുവാൻ കഴിയൂ. അതുവഴി മാത്രമേ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുള്ളൂ.

ഒരു യഥാർത്ഥ വിപ്ലവപ്പാർട്ടിക്കേ വിപ്ലവം നയിക്കാനും അതിനെ വിജയകരമായ പരിണതിയിൽ എത്തിക്കാനുമാകൂ. ഇന്ത്യൻ വിപ്ലവത്തിന്റെ ഘട്ടം കൃത്യമായി നിർണ്ണയിക്കാൻ സഖാവ് ഘോഷിന് കഴിഞ്ഞു. സ്വാതന്ത്ര്യസമരത്തിലെ സന്ധിയില്ലാ സമരധാരയുടെ വക്താവായിരുന്ന സഖാവ് ഘോഷ്. ബ്രിട്ടീഷ് ഭരണം മാറി; പക്ഷേ, വ്യവസ്ഥ മാറിയില്ല. 1947ൽ ഇന്ത്യൻ മുതലാളിവർഗ്ഗമാണ് അധികാരത്തിൽ വന്നത്. അതിനാൽ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഘട്ടമാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു. സിപിഐ, സിപിഐ(എം), സിപിഐ(എംഎൽ) പ്രസ്ഥാനങ്ങൾക്ക് ഈ വിഷയം ബോദ്ധ്യമായില്ല. മരണാസന്നമായ മുതലാളിത്തത്തിന് ജനാധിപത്യ വിപ്ലവത്തിന്റെ ഇനിയും പൂർത്തീകരിക്കാത്ത കടമകൾ നിർവ്വഹിക്കാനാവില്ല. സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ തൊഴിലാളിവർഗ്ഗത്തിനു മാത്രമേ അത് നിർവ്വഹിക്കാനാവൂ എന്നും സഖാവ് ഘോഷ് നിരീക്ഷിച്ചു.

ജനാധിപത്യ കേന്ദ്രീയതയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടനാതത്വം. തൊഴിലാളിവർഗ്ഗ ജനാധിപത്യത്തിന്റെയും കേന്ദ്രീയതയുടെയും ലയനത്തിലൂടെയാണ് അത് യാഥാർത്ഥ്യമാകുന്നത്. സത്യം കണ്ടെത്തുവാൻ ഏറ്റവും ശാസ്ത്രീയമായ ദ്വന്ദ്വാത്മകഭൗതികവാദ സമീപനം സ്വീകരിക്കുന്നതാണ് തൊഴിലാളിവർഗ്ഗ ജനാധിപത്യത്തിന്റെ രീതി. സഖാക്കളുടെ കൂട്ടായ ജീവിതത്തിലൂടെ, ജീവിതത്തിന്റെ സമസ്ത മേഖലകളിലും നടത്തുന്ന സമരത്തിലൂടെ ആർജ്ജിച്ചെടുക്കുന്നതാണ് പ്രത്യയശാസ്ത്ര കേന്ദ്രീയത. അതിന്റെ അടിസ്ഥാനത്തിലുള്ള സംഘടനാ കേന്ദ്രീയതയും നേടിയെടുക്കാൻ കഴിഞ്ഞാലേ ജനാധിപത്യ കേന്ദ്രീയത സംഘടനയിൽ പ്രാവർത്തികമാവൂ. കേന്ദ്ര നേതൃത്വത്തിൽ മാത്രമല്ല, സംഘടനയുടെ എല്ലാ തലങ്ങളിലുംഇത് പ്രവർത്തനക്ഷമമാവണം.

ശിബ്ദാസ് ഘോഷ് ചിന്തകൾ സ്വായത്തമാക്കിക്കൊണ്ട് കാലം നമ്മിലർപ്പിക്കുന്ന കടമകൾ പൂർത്തീകരിക്കാൻ പ്രാപ്തരാകണമെന്ന് സഖാവ് ചണ്ഡിദാസ് ഭട്ടാചാര്യ ആഹ്വാനംചെയ്തു. ■

## വയനാട് ഉരുൾപൊട്ടൽ

(2-ാം പേജിൽ നിന്ന്)

റിപ്പോർട്ട് പ്രേരണ നൽകുന്നു. ജലവും ജലസ്രോതസ്സുകളും സംരക്ഷിക്കുവാനും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ആഘാതങ്ങൾ ലഘൂകരിക്കാനും പ്രത്യക്ഷമായോ പരോക്ഷമായോ സഹായിക്കുന്നവയാണ് ഇതിലെ നിർദ്ദേശങ്ങൾ. പ്രകൃതി സംരക്ഷണവും വികസനവും ഒരുമിച്ച് കൊണ്ടുപോകുന്ന സമീപനമാണ് നമ്മൾ സ്വീകരിക്കേണ്ടത്. നിയമവിരുദ്ധമായ ഖനനം, പാറപൊട്ടിക്കൽ, മണൽ ഖനനം, മരം മുറിക്കൽ, നിർമ്മാണ പ്രവർത്തനങ്ങൾ, കഞ്ചാവ് കൃഷി, വന്യമൃഗങ്ങളെ വേട്ടയാടൽ പോലുള്ളവയൊക്കെ ചെയ്യുന്നവർക്കുമാത്രമാണ് ഈ റിപ്പോർട്ട് എതിരായിട്ടുള്ളത്."

### കേരളം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

കേരളം ഇന്ന് ബഹുമുഖമായ പാരിസ്ഥിതിക പ്രശ്നങ്ങളെയാണ് അഭിമുഖീകരിക്കുന്നത്. കടലാക്രമണങ്ങളും ന്യൂനമർദ്ദവും ചുഴലിക്കാറ്റുമൊക്കെ നിരന്തരം ഉണ്ടാകുന്നു. ഉൾനാടൻ ജലാശയങ്ങളടക്കം നമ്മുടെ ജലസ്രോതസ്സുകളെല്ലാം മലിനീകരണം നേരിടുന്നു. അധികൃതമായും അനധികൃതമായും ആയിരക്കണക്കിന് ക്വാറികൾ പ്രവർത്തിക്കുന്നു. പുഴകളിലെ മണൽഖനനം ജലക്ഷാമത്തിന് ഇടയാക്കുന്നു. ടൂറിസത്തിന്റെ പേരിൽ മലനിരകളെല്ലാം യഥേഷ്ടം കൈയേറുകയാണ്. വനങ്ങൾ വെട്ടിവെളുപ്പിക്കുന്നു. വികസനത്തിന്റെ പേരിൽ വരുന്ന വൻകിട പദ്ധതികളെല്ലാം വൻതോതിലുള്ള പരിസ്ഥിതി നാശം ക്ഷണിച്ചു വരുത്തുന്നവയാണ്. കൊടും ചൂടും വരൾച്ചയും നമുക്ക് ചിരപരിചിതമാകുകയാണ്. പേമാരിയും വെള്ളപ്പൊക്കവും വർഷംതോറും സംഭവിക്കുന്നു. മഴയുടെ താളക്രമം തെറ്റിക്കഴിഞ്ഞു. ഒരു തുള്ളിക്ക് ഒരു കുടം എന്നത് വെറും പഴഞ്ചൊല്ലല്ല, നമ്മുടെ അനുഭവമാണിന്ന്. മലമ്പ്രദേശത്ത് താമസിക്കുന്നവർ സുരക്ഷിത വാസസ്ഥലം തേടുകയാണ്. ഒരുകാലത്ത് മല കയറി ജീവിതം വെട്ടിപ്പിടിച്ചവരാണ് ഇന്ന് മലയിറങ്ങി രക്ഷപ്പെടാൻ വെമ്പൽ കൊള്ളുന്നത്. നമ്മുടെ സംസ്ഥാനം ക്രമേണ വാസയോഗ്യമല്ലാതായി മാറുകയാണോ? ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ശാസ്ത്ര-സാങ്കേതിക പുരോഗതിയിലും ഇവയ്ക്കൊന്നും പരിഹാരമില്ലെന്ന് വിശ്വസിക്കണോ? അതോ ഈ ദുരവസ്ഥ സൃഷ്ടിക്കപ്പെടുന്നതാണോ? ദുരന്തങ്ങൾ മനുഷ്യ നിർമ്മിതമാകുന്നുണ്ടോ? അതിന്റെ പിന്നിൽ മനുഷ്യന്റെ ലാഭാർത്തി പതിയിരിക്കുന്നുണ്ടോ?

(ശേഷം 4-ാം പേജിൽ)

# മൂലധന ശക്തികളുടെ താൽപര്യം പേറുമ്പോൾ വികസനം വിനാശമായി മാറുന്നു

(3-ാം പേജിൽ നിന്ന്)

ജീവിക്കാനുള്ള അവകാശംപോലും നഷ്ടപ്പെടുന്ന സ്ഥിതി വന്നാൽ എങ്ങനെയാണ് നമ്മൾ പ്രതികരിക്കേണ്ടത്. "ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാദ്ധ്യമോ" എന്ന കവിയുടെ വിലാപം ബൃഹത്തായ ജനകീയ മുന്നേറ്റങ്ങളുടെ മുദ്രാവാക്യമായി മാറുന്ന സ്ഥിതിയിലേയ്ക്കാണോ കാലം ചുവടുവയ്ക്കേണ്ടത്.

കാലാവസ്ഥാവ്യതിയാനം കാടുകളുടെ സ്ഥിതിയിലും വലിയ മാറ്റങ്ങളുണ്ടാക്കുന്നുണ്ട്. ആഹാരത്തിന്റെയും വെള്ളത്തിന്റെയും ദൗർലഭ്യം വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷികൾ നശിപ്പിക്കുന്നതിനും മനുഷ്യജീവനും വളർത്തുമൃഗങ്ങൾക്കും ഭീഷണിയായി മാറുന്നതിനും ഇടയാക്കുന്നു. വനനശീകരണവും കൈയേറ്റങ്ങളുമൊക്കെ ഈ സാഹചര്യം കൂടുതൽ വഷളാക്കുകയാണ്.

വ്യവസായശാലകൾ പുറന്തള്ളുന്ന മാലിന്യം സംസ്കരിക്കുന്നതിനുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നില്ല. നിയമവിരുദ്ധമായ ഈ പ്രവർത്തനം അധികാരികൾ കണ്ടില്ലെന്ന് നടിക്കുന്നു. ഭീമമായ ലാഭത്തിൽനിന്ന് ചെറിയൊരു വിഹിതംപോലും ഇതിനായി ചിലവഴിക്കാൻ ഫാക്ടറി ഉടമകൾ തയ്യാറാകാത്തതാണ് നമ്മുടെ മണ്ണും വെള്ളവും വായുവും ഇത്രയേറെ മലിനമാകാൻ കാരണം. മണ്ണ് പ്ലാസ്റ്റിക് കൊണ്ട് നിറയുകയാണ്. പ്ലാസ്റ്റിക് കത്തിക്കുന്നതാകട്ടെ അതിലേറെ വിനാശകരവും.മൈക്രോൺകുറഞ്ഞപ്ലാസ്റ്റിക്കിന്റെ ഉത്പാദനം ഗവണ്മെന്റ് വിചാരിച്ചാൽ നിസ്സാരമായി നിർത്തലാക്കാവുന്നതേയുള്ളൂ. എന്നാൽ ഇക്കാര്യത്തിൽ ഒരു ആത്മാർത്ഥതയും ഗവണ്മെന്റുകൾക്കില്ല.

കുട്ടനാട്ടിലുംമറ്റും വർഷംതോറുമുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ മാർഗങ്ങൾ പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജലാശയങ്ങൾ വൃത്തിയാക്കുക, അവയുടെ ഒഴുക്ക് തടയുന്ന നടപടികൾ ഒഴിവാക്കുക തുടങ്ങി അനായാസം ചെയ്യാവുന്ന കാര്യങ്ങൾപോലും അവഗണിക്കപ്പെടുകയാണ്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ കടൽത്തീരത്ത് നടക്കുന്ന കരിമണൽ ഖനനം നിരന്തരമായ കരശോഷണത്തിനും കടലാക്രമണങ്ങൾക്കും ഇടയാക്കുന്നു. മുതലാളിമാരുടെ കൈയിൽനിന്ന് പണംപറ്റി അവരുടെ കീശ വീർപ്പിക്കാനുള്ള അധികാരികളുടെ വ്യഗ്രതയാണ് തീരത്തെ അനേകായിരങ്ങളുടെ ജീവിതം കശക്കിയെറിയുന്നത്.

വികസനത്തിന്റെ പേരിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ പരിസ്ഥിതിക്കുമേൽ ഏൽപിക്കുന്ന ആഘാതത്തെക്കുറിച്ച് സൂചിപ്പിച്ചുവല്ലോ. ദേശീയപാതാ വികസനം ഇതിനൊരു ഉദാഹരണമാണ്. ദേശീയപാതകൾ ചുങ്കപ്പാതകളാക്കി സ്വകാര്യ സംരംഭകരെ ഏൽപിക്കുന്ന തന്ത്രത്തെയാണ് വികസനമെന്ന് വിളിക്കുന്നത്. ഇതിനായി ഉപയോഗിക്കുന്ന മണ്ണ്, പാറ, തുടങ്ങിയവയ്ക്കായി കുന്നുകൾ ഇടിച്ചുനിരത്തുകയും പാറകൾ തകർക്കുകയും ചെയ്യുന്നു. ദൂരവ്യാപകമായ ഭവിഷ്യത്തുകളാണ് ഇതുണ്ടാക്കുന്നത്.

കെ-റെയിൽ-സിൽവർലൈൻ പദ്ധതിയുമായി കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ മുന്നോട്ടുവന്നപ്പോൾ അതുണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം ചൂണ്ടിക്കാണിച്ച് പദ്ധതിയെ എതിർക്കാൻ ജനങ്ങൾ തയ്യാറായി. നിർമ്മാണരംഗത്ത് മൂലധനമിറക്കി കൃത്രിമമായ ഉത്തേജനം സൃഷ്ടിക്കുക എന്നത് പുതിയ കാലത്തിന്റെ കമ്പോളതന്ത്രമാണ്. ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിനുമുമ്പ് നടത്തേണ്ട പാരിസ്ഥിതികാഘാത പഠനംപോലും വേണ്ടവണ്ണം നടത്തുന്നില്ല. എല്ലാം ഇരകളുടെയും സാമൂഹ്യബോധമുള്ള ജനങ്ങളുടെയും കടുത്ത എതിർപ്പുണ്ടായാൽ മാത്രം ഒഴിവാക്കപ്പെടുന്ന ദുരന്തങ്ങളായി നമ്മുടെ ജീവിതത്തിൽ അടിച്ചേൽപിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു.

**വയനാട് ഉരുൾപൊട്ടൽ**

## വികസന നയം

പരിസ്ഥിതി സംരക്ഷണവും വികസനവും പൊരുത്തപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുക സാദ്ധ്യമാണ്. ജനങ്ങൾക്ക് തൊഴിലും വിദ്യാഭ്യാസവും പാർപ്പിടവുമൊക്കെ ഉറപ്പാക്കിക്കൊണ്ട് പുരോഗതി കൈവരിക്കുക എന്നതാണ് വികസനമെന്ന നിലയിൽ ചെയ്യേണ്ടത്. എന്നാൽ ഇന്ന് വികസനംകൊണ്ട് സർക്കാരുകൾ അർത്ഥമാക്കുന്നത് മൂലധന നിക്ഷേപത്തിന് അവസരമൊരുക്കുക എന്നതുമാത്രമാണ്. വികസനത്തിന്റെ കാര്യത്തിൽ ആവശ്യകതയ്ക്കിണങ്ങുന്നതും ശാസ്ത്രീയവുമായ ഒരു നയം രൂപീകരിച്ചെടുക്കേണ്ടതുമുണ്ട്. വികസന പ്രവർത്തനങ്ങളോട് മുഖംതിരിച്ച് നിൽക്കുകയല്ല, അവ ജനപക്ഷത്തുനിന്ന് വിലയിരുത്തി മനുഷ്യപുരോഗതിക്ക് ആവശ്യമുള്ളതുമാത്രം യാഥാർത്ഥ്യമാക്കുകയാണ് വേണ്ടത്. മൂലധന ശക്തികളുടെ താൽപര്യങ്ങൾ പേറുമ്പോൾ വികസനം വിനാശമായി മാറുന്നു. കൃഷി, വ്യവസായം, നിർമ്മാണം, ഭക്ഷണം, ജീവിതശൈലി തുടങ്ങി സമസ്ത മേഖലകളും കമ്പോള താല്പര്യാർത്ഥം സംവിധാനം ചെയ്യപ്പെടുകയും മനുഷ്യർ ആദൃഷ്ടലാക്കുകൾക്ക് ഇരയായിത്തീരുകയുമാണിന്ന്. അധികാരികളെ ജനപക്ഷ വികസനത്തിന്റെ വഴിക്ക് നടത്താൻ ഉയർന്ന സാമൂഹ്യ അവബോധവുംപ്രതിബദ്ധതയുമുള്ള ജനമുന്നേറ്റങ്ങൾ അനിവാര്യമാണ്.




## ഇരകളോടുള്ള സമീപനം

പരിസ്ഥിതിക്കുമേലുള്ള കടന്നുകയറ്റങ്ങൾക്ക് ഒത്താശചെയ്യുന്ന അധികാരികൾ പ്രകൃതി ദുരന്തങ്ങൾക്ക് ഇരയാകുന്നവരോട് സ്വീകരിക്കുന്ന നിലപാടും ജനവിരുദ്ധം തന്നെയാണ്. പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾപോലും ലഭിക്കാതെ, മാന്യമായ പുനരധിവാസം നിഷേധിക്കപ്പെട്ട് ദുരിതമനുഭവിക്കുന്നവരെ എല്ലാ ദുരന്തമുഖങ്ങളിലും നമുക്ക് കാണാം. വായ്പയുടെ പേരിൽ ബാങ്കുകൾ ഇവർക്കുനേരെ ജപ്തിഭീഷണി മുഴക്കുന്നതുപോലും നമുക്ക് കാണേണ്ടിവരുന്നു. വികസന പദ്ധതികളുടെപേരിൽകുടിയൊഴിപ്പിക്കപ്പെടുന്നവരുടെ സ്ഥിതിയും വ്യത്യസ്തമല്ല.

ഡോ.ടി.വി.സജീവ് ഓൺലൈൻ ചാനലായ 'ദ ക്യൂട്ടിക്'ന് നൽകിയ അഭിമുഖത്തിൽ പറയുന്നു: "നമ്മുടെ ആവാസ വ്യവസ്ഥകളെ ആരോഗ്യത്തോടെ സംരക്ഷിച്ചാൽ നമുക്ക് കാലാവസ്ഥാ വ്യതിയാനംപോലുള്ള പ്രതിഭാസങ്ങളുടെ ആഘാതം കുറയ്ക്കാനാകും. മരംവെട്ടി കാട് നശിപ്പിക്കൽ, തേക്കിൻതോട്ടങ്ങളും തേയിലത്തോട്ടങ്ങളും പോലുള്ള പ്ലാന്റേഷനുകൾ എന്നിവയൊക്കെ കാടിന്റെ സ്ഥിതിയിൽ മാറ്റം വരുത്തുന്നുണ്ട്. പല സസ്യ-ജീവി വർഗങ്ങളുടെ ഒന്നിച്ചുള്ള വാസസ്ഥലം ഒന്നിന്റേതുമാത്രമാക്കി തീർക്കുന്നത് സഹായകരമല്ല. മണ്ണിനെ പാറയോടുറപ്പിച്ച് നിർത്തണമെങ്കിൽ പലതരം സസ്യങ്ങൾ വേണ്ടിവരും. അതിശക്തമായ മഴ മണ്ണിന്റെ ഭാരം കൂട്ടുന്നു. ചരിവുള്ള പ്രദേശങ്ങളിൽ അത് മണ്ണിടിച്ചിലിന് കാരണമാകുന്നു. നിർമ്മാണ മേഖല പുരോഗമിക്കുമ്പോൾ അവയ്ക്കാവശ്യമായ സാധനങ്ങൾക്കുവേണ്ടി നമ്മൾ ഭൂമിയെ അധികമധികം ആശ്രയിക്കേണ്ടിവരുന്നു. പാറ മാത്രമല്ല മണലിനുപകരം പാറപ്പൊടികൂടി ഉപയോഗിച്ച് തുടങ്ങിയതോടെ പാറഖനനം വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. പാറ പൊട്ടിക്കുമ്പോൾ ഉണ്ടാകുന്ന പ്രകമ്പനങ്ങൾ വിള്ളലുകൾക്ക് കാരണമാകുന്നു. വജ്രം കഴിഞ്ഞാൽ പ്രകമ്പനങ്ങൾ ഏറ്റവുമധികം സഞ്ചരിക്കുന്നത് പാറയിലാണ്. വിള്ളലുകളിലൂടെ വെള്ളമിറങ്ങുന്നത് പാറയുടെ ഘടനതന്നെ മാറ്റും. അത് മയപ്പെടുകയും പൊടിയുകയുമൊക്കെ ചെയ്യും. പാറയും മണ്ണും തമ്മിലുള്ള ബന്ധം വേർപെടുന്നതിന് ഇത് കാരണമാകും. പാറ ഖനനം കർശന നിയന്ത്രണങ്ങൾക്ക് വിധേയമാകണം. മലഞ്ചെരുവുകളിലുണ്ടാക്കുന്ന റോഡുകളും മണ്ണിനെയും പാറയെയും വലിയൊരളവിൽ അസ്ഥിരപ്പെടുത്തുന്നതാണ്. ഇന്ന് പഴയ രീതിയിൽ ശക്തികുറഞ്ഞതും വ്യാപകവുമായ മഴയല്ല പെയ്യുന്നത്. അതിശക്തമായ മഴ ഒരു പ്രദേശത്ത് മാത്രമായി പെയ്യുന്നു. ഇതും ദുരന്തങ്ങൾക്ക് കാരണമാകുന്നു.

ഗാഡ്ഗിൽ കമ്മിറ്റി പരിസ്ഥിതി ദുർബല പ്രദേശങ്ങൾ അടയാളപ്പെടുത്തി. എന്നാൽ അതിന്റെ അതിർത്തി നിർണയിക്കാനുള്ള അധികാരം പശ്ചിമഘട്ട അതോറിറ്റിക്കും സംസ്ഥാന അതോറിറ്റിക്കും ജില്ലാകമ്മിറ്റിക്കും പ്രാദേശിക സമൂഹത്തിനുമായിരിക്കും എന്നാണ് പറഞ്ഞത്. പശ്ചിമഘട്ടത്തെ അത് മൂന്ന് മേഖലകളായി തിരിച്ചു. ഏറ്റവുമധികം സംരക്ഷിക്കപ്പെടേണ്ട ഒന്നാം മേഖലയിൽ കടുത്ത നിയന്ത്രണങ്ങൾ നിർദ്ദേശിച്ചു. ഒന്നും പാടില്ലെന്നല്ല, എന്ത്, എവിടെ, എങ്ങനെ വേണം എന്നാണ് ആ റിപ്പോർട്ട് പറഞ്ഞത്. എന്നാൽ അതുപ്രകാരമുള്ള തുടർ നടപടികളുണ്ടായില്ല. പകരം കസ്തൂരിരംഗൻ കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി പരിസ്ഥിതി ദുർബല പ്രദേശങ്ങൾ പരിമിതപ്പെടുത്തുക മാത്രമല്ല മേഖലകളായുള്ള വിഭജനവും വേണ്ടെന്നുവച്ചു. കേരളമാകട്ടെ, ഉമ്മൻ വി.ഉമ്മൻ കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് ഇത് വീണ്ടും വെട്ടിച്ചുരുക്കി. ഫലത്തിൽ സംരക്ഷണ പ്രവർത്തനങ്ങൾതന്നെ അസ്ഥിരപ്പെടുത്തുന്ന സ്ഥിതിയുണ്ടായി. സത്യത്തിൽ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ സമീപനരീതി സ്വീകരിച്ചുകൊണ്ട് അത് സംസ്ഥാനത്തിനാകെ ബാധകമാക്കേണ്ടതുണ്ട്. നമ്മുടെ സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തി, പല മേഖലകളാക്കി തിരിച്ച്, കേരളത്തെ മുഴുവൻ പഠനവിധേയമാക്കണം. അപ്പോൾ മാത്രമേ നമുക്ക് ദുരന്തങ്ങളെ മുൻകൂട്ടി കാണാനും ആവശ്യമായ മുൻകരുതലെടുക്കാനും സ്വസ്ഥമായി ജീവിക്കാനും സാധിക്കൂ."

## മുന്നറിയിപ്പുകൾ അവഗണിക്കപ്പെടുന്നോ?

"ജൂലൈ 29ന്, അതായത് വയനാട് ദുരന്തത്തിന് 16 മണിക്കൂർ മുമ്പ്, കൽപറ്റ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആന്റ് വൈൽഡ് ലൈഫ് ബയോളജി', വയനാട് ജില്ലാ ഭരണകൂടത്തിന് ഉരുൾപൊട്ടൽ സാദ്ധ്യതയെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്നു. പുത്തുമലയിൽ അവർ സ്ഥാപിച്ചിരിക്കുന്ന മാപിനിയിൽ 572 മില്ലീമീറ്റർ മഴ രേഖപ്പെടുത്തിയിരുന്നു. 2019ൽ പുത്തുമലയിലും കവളപ്പാറയിലും ഉരുൾപൊട്ടൽ സംഭവിക്കുമ്പോൾ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതലായിരുന്നു ഇത്. എന്നാൽ അധികാരികൾ ദുരന്തനിവാരണ നടപടികൾ എടുത്തില്ല. വയനാട്ടിലെ ഉരുൾപൊട്ടൽ സാദ്ധ്യതയെക്കുറിച്ച് ഒരു പഠനറിപ്പോർട്ട് 2020ലും ഇവർ സമർപ്പിച്ചിരുന്നു.

## മുൻകരുതൽ നടപടികൾ

പല മുൻകരുതലുകളും ഇത്തരം മേഖലകളിൽ നടപ്പിലാക്കേണ്ടതാണ്. അതിവർഷപാതം ഉണ്ടാകുമ്പോൾ ഭൂമിയിലേക്ക് കൂടുതൽ ജലം കിനിഞ്ഞിറങ്ങാൻ അനുവദിക്കാതെ സമയമെടുത്ത് താഴേയ്ക്ക് ഒഴുകുന്ന രീതിയിൽ മലഞ്ചെരിവുകൾ ക്രമീകരിക്കാവുന്നതാണ്. പല തട്ടുകളിലൂടെ ജലപാതകൾ സൃഷ്ടിക്കുമ്പോൾ അതിവേഗത്തിലുള്ള ജലപ്രവാഹവും മണ്ണൊലിപ്പും നിയന്ത്രിക്കാനാവും. സൂക്ഷ്മ നിരീക്ഷണങ്ങളുടെയും വിവരശേഖരണത്തിന്റെയും അഭാവം ഇത്തരം നടപടികൾക്ക് തടസ്സമാകുന്നു. മഴയുടെ തോത് മണ്ണിന്റെ ഘടന, ഉപരിതലത്തിലൂടെയും ഭൂഗർഭ പാതകളിലൂടെയും ഒലിച്ചിറങ്ങുന്ന ജലത്തിന്റെ അളവ് എന്നിവയൊക്കെ കണക്കാക്കണം. അതോടൊപ്പം ഉപരിതലത്തിലെ ചലനങ്ങൾ രേഖപ്പെടുത്തുന്ന സെൻസറുകൾ സാദ്ധ്യതാ മേഖലകളിൽ സ്ഥാപിക്കുകയും വേണം. ജിയോടെക്നിക്കൽ വിവരശേഖരണവും ഡേറ്റാ തൽസമയം സംപ്രേഷണം ചെയ്ത് വിശകലനം ചെയ്യാനുള്ള സാങ്കേതികതകളും നിലവിലുള്ള ഇക്കാലത്ത് ഇത്തരം പഠനങ്ങൾ ഫലവത്താകാനുള്ള സാധ്യത കൂടുതലാണ്. ജനപങ്കാളിത്തത്തോടെ, പ്രകൃതിയുടെ നിയമങ്ങൾ പാലിച്ചുകൊണ്ടുള്ള ഉത്തരവാദിത്വപൂർണമായ സമീപനത്തിലൂടെ പ്രതിസന്ധികളെ നേരിടുക എന്നത് മാത്രമാണ് നമ്മുടെ മുമ്പിലുള്ള വഴി."(ഡോ. സി.പി.രാജേന്ദ്രന്റെ മാതൃഭൂമി ലേഖനം)

## അധികാരികളുടെ നിലപാടും ജനങ്ങളുടെ കടമയും

ചുരുക്കത്തിൽ പ്രകൃതിക്കുമേൽ, മനുഷ്യൻ ഏൽപിക്കുന്ന ആഘാതമാണ് ദുരന്തങ്ങൾക്ക് ഒരു പരിധിവരെ കാരണമാകുന്നത് എന്നതാണ് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത്. പ്രകൃതി ഏൽപിക്കുന്ന ആഘാതങ്ങളെ സയൻസിന്റെ നേട്ടങ്ങൾ മുൻനിർത്തി പരമാവധി ലഘൂകരിക്കാൻ നമുക്ക് കഴിയും. മുൻകരുതൽ നടപടികളും കൈക്കൊള്ളാനാകും. എന്നാൽ ഇതിന് ജനാനുകൂലമായ നിലപാട് അധികാരസ്ഥാനങ്ങൾക്കുണ്ടാകണം. കോർപറേറ്റുകൾക്കുവേണ്ടി നിലകൊള്ളുന്നവർ ഒരിക്കലും ജനങ്ങളുടെ ദുരിതങ്ങൾ കാണില്ല. അവർ പ്ര

(ശേഷം 5-ാം പേജിൽ)

# കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ള വനനശീകരണവും വനവാസികളുടെ കുടിയൊഴിപ്പിക്കലും

18-ാം ലോക്സഭാ തിരഞ്ഞെടുപ്പ് അവസാനിച്ചപ്പോൾ കേവല ഭൂരിപക്ഷം ലഭിച്ചില്ലെങ്കിലും ബിജെപി അധികാരത്തിൽ തിരിച്ചെത്തി. ഭരണകക്ഷിയായ ബിജെപിയും ബൂർഷ്വാ പ്രതിപക്ഷവും തിരഞ്ഞെടുപ്പുകാലത്ത്, വനവാസികളായ പാർശ്വവൽക്കരിക്കപ്പെട്ടവരും പിന്നാക്കം നിൽക്കുന്നതുമായ ഗോത്രവർഗക്കാർ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് ഉറപ്പുകളുടെയും വാഗ്ദാനങ്ങളുടെയും കൂമ്പാരം നൽകി. ഈ രാജ്യത്തെ 20 കോടി ജനങ്ങളാണ് വനത്തെ ഉപജീവനത്തിനായി ആശ്രയിക്കുന്നത്. ഇത്തരം കപടവാഗ്ദാനങ്ങൾ നൽകി അവരെ സമാധാനിപ്പിക്കാനും വോട്ട് ബാങ്കായി വളർത്തിയെടുക്കാനും പാർലമെന്ററി പാർട്ടികൾ പല സമയത്തും പല തന്ത്രങ്ങളും പ്രയോഗിച്ചു.

വലിയ അളവിൽ പ്രകൃതി വിഭവങ്ങളുടെയും ഖനികളുടെയും ഉറവിടമാണ് വനങ്ങൾ. ഈ വിഭവങ്ങളിൽ ഏകപക്ഷീയമായ ഉടമസ്ഥാവകാശം സ്ഥാപിച്ച്, പരമാവധി ലാഭം നേടുന്നതിനായി ആദിവാസികളെയും ഗോത്രവർഗ്ഗക്കാരെയും ഇല്ലാതാക്കി വനഭൂമി പിടിച്ചെടുക്കാനാണ് കുത്തകകൾ ഉദ്ദേശിക്കുന്നത്. അതിനായി പാവപ്പെട്ട ആദിവാസികളെ കുടിയൊഴിപ്പിക്കാനും അനിയന്ത്രിതമായ വനനശീകരണത്തിന് ഇറങ്ങാനും അവർക്ക് ഒരു മടിയുമില്ല. പുതിയ റിപ്പോർട്ടുകൾ അനുസരിച്ച്, 2015 നും 2020 നും ഇടയിൽ രേഖപ്പെടുത്തിയ വമ്പിച്ച കുതിച്ചുചാട്ടത്തോടെ, കഴിഞ്ഞ 30 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന വനനശീകരണമാണ് ഇന്ത്യ കണ്ടുകൊണ്ടിരിക്കുന്നത്. ഈ വർഷങ്ങളിൽ, ശരാശരി 6,68,400 ഹെക്ടർ വനനശീകരണത്തോടെ, ബ്രസീൽ കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തായിരുന്നു ഇക്കാര്യത്തിൽ ഇന്ത്യയുടെ സ്ഥാനം. ബ്രിട്ടൺ ആസ്ഥാനമായുള്ള ഊർജ്ജ, യൂട്ടിലിറ്റി ചെലവുകൾക്കായുള്ള താരതമ്യ സൈറ്റായ യൂട്ടിലിറ്റി ബിഡ്ഡറിന്റെ റിപ്പോർട്ടിൽ ഇത് നിരീക്ഷിക്കുന്നുണ്ട്.

ഉദാഹരണത്തിന്, ഛത്തീസ്ഗഢിലെ വനത്തിൽ ഏകദേശം 5 ബില്യൺ ടൺ കൽക്കരി ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഈ കൽക്കരി ഉപരിതലത്തോട് അടുത്താണ് സ്ഥിതി ചെയ്യുന്നത് എന്നതുകൊണ്ട് ഇത് ഖനനം ചെയ്യുന്നത് എളുപ്പമാകുന്നു. കേന്ദ്രസർക്കാർ ഈ പ്രദേശത്തെ 23 "കൽക്കരി ബ്ലോക്കുകളായി" തിരിച്ചിട്ടുണ്ട്. ഇതിൽ ആറെണ്ണത്തിൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ട്. കെറ്റും സമീപ ഗ്രാമങ്ങളും ഉൾപ്പെടുന്ന ആറിൽ നാലെണ്ണം ഖനനം ചെയ്യുന്നതിനുള്ള കരാറുകൾ അദാനി ഗ്രൂപ്പിന് ലഭിച്ചു. ഈ ഖനികളുടെ നിർമ്മാണം കുറഞ്ഞത് 1,898 ഹെക്ടർ വനഭൂമിയെ നശിപ്പിക്കും. കെറ്റിനു കീഴിലുള്ള പ്രത്യേക കൽക്കരി ബ്ലോക്കിൽ ഏകദേശം 450 മില്യൺ ടൺ കൽക്കരിയുണ്ട്. ഇതിന് ഏകദേശം 5 ബില്യൺ ഡോളർ വിലമതിക്കുന്നു. ഇതിനകം തന്നെ ഛത്തീസ്ഗഢിലെ പ്രാകൃത വനഭൂമിയിൽ, കോടീശ്വരനായ അദാനിക്ക് കൂടുതൽ കൽക്കരി കുഴിച്ചെടുക്കുന്നതിനായി അസംഖ്യം മരങ്ങളും വീടുകളും തകർത്തു. 4,00,000ലധികം മരങ്ങൾ കൽക്കരി ഖനനത്തിനായി ഹസ്ഡിയോ അരണ്ടിലെ സമൃദ്ധമായ വനങ്ങളിൽ വെട്ടിമുറിച്ചതായി മാധ്യമ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ആദിവാസികൾ മരങ്ങളെ ദൈവങ്ങളായി ആരാധിക്കുന്നു, അവയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നു. ഈ പ്രക്രിയയിൽ നഷ്ടപ്പെടുന്നത്, പകരം വെക്കാനില്ലാത്തതും സമ്പന്നവുമായ ജൈവവൈവിധ്യമാണ്. കൂടാതെ ഭക്ഷണം, കാലിത്തീറ്റ, ഔഷധ സസ്യങ്ങൾ, ഇന്ധനം, പ്രദേശത്തിന്റെ സാമൂഹിക സാംസ്കാരിക മൂല്യങ്ങൾ



മെഡിക്കൽ സർവ്വീസ് സെന്റർ ഉത്തരാഖണ്ഡിൽ സംഘടിപ്പിച്ച നാലുദിവസം നീണ്ടുനിന്ന മെഡിക്കൽക്യാമ്പിൽ മുൻ എംപി ഡോ.തരുൺ മണ്ഡൽ രോഗികളെ പരിശോധിക്കുന്നു.

എന്നിവയെല്ലാം വനവിഭവങ്ങളെ ആശ്രയിച്ച പ്രാദേശിക ആദിവാസികളുടെ വരുമാനത്തിന്റെ 70 ശതമാനം വരെ ഇല്ലാതാക്കപ്പെടുന്നു. ഇന്ത്യയിലെ ഹസ്ഡിയോ വനങ്ങളിലെ കൽക്കരി ഖനികൾക്കായി, ആദിവാസികളുടെ ഭൂമി പിടിച്ചെടുക്കാൻ അദാനിയും സംസ്ഥാന ഭരണാധികാരികളും സർവ്വവിധ കുതന്ത്രങ്ങളും ഹീനമാർഗ്ഗങ്ങളും ഉപയോഗിച്ചു.

ഗ്രാമവാസികളെ അവരുടെ സ്വത്തുക്കൾ വിട്ടുനൽകാൻ പ്രേരിപ്പിക്കുന്നതിന്, പോലീസ് സേനയുടെ പിൻബലത്തോടെയുള്ള സാമ്പത്തിക പ്രേരണകൾ ഉപയോഗിക്കുന്നു. അതിനാൽ സമീപ ഗ്രാമങ്ങളിൽ പ്രതിഷേധം അലയടിക്കുന്നു. ഒരു ദശാബ്ദത്തിലേറെയായി പുതിയ കൽക്കരി ഖനി തുറക്കുന്നതിനെ ഇവിടുത്തെ ആദിവാസി ഗ്രാമീണർ ശക്തമായി എതിർക്കുന്നു. എന്നാൽ, ശക്തമായ ചെറുത്തുനിൽപ്പും പ്രാദേശിക ആവാസവ്യവസ്ഥയെയും വനപരിസ്ഥിതിയെയും പ്രതികൂലമായി ബാധിക്കുമെന്ന സർക്കാരിന്റെ സ്വന്തം വനഗവേഷണ ഏജൻസിയുടെ മുന്നറിയിപ്പുകളും അവഗണിച്ച്, ഖനിക്കുള്ള അന്തിമ അനുമതി കഴിഞ്ഞ വർഷം അനുവദിച്ചു. ഇത് 2022 മാർച്ച് 2 മുതലുള്ള ഒരു അനിശ്ചിതകാല പ്രക്ഷോഭത്തിന് കാരണമായി. ഹരിഹർപൂരിലേക്ക് പോകുന്ന റോഡിന് പുറത്ത് ഒരു ഓലമേഞ്ഞ ടെന്റ്, കഴിഞ്ഞ ഒരു വർഷമായി തുടരുന്ന ഗോത്രവർഗ പ്രതിഷേധങ്ങളുടെ പ്രഭവകേന്ദ്രമാണ്. ഫത്തേപൂർ, ഘട്ബറ, സാൽഹി എന്നീ മൂന്ന് ഗ്രാമങ്ങളിൽ നിന്നുള്ള ഗ്രാമീണർ എല്ലാ ദിവസവും ഇവിടെ സമാധാനപരമായ കുത്തിയിരിപ്പ് സമരങ്ങൾ നടത്തുന്നു. അദാനി തിരിച്ചുപോകു എന്ന് മുദ്രാവാക്യം വിളിക്കാൻ ആഴ്ചയിലൊരിക്കൽ നൂറുകണക്കിനാളുകൾ അണിനിരക്കുന്നു. ഇപ്പോൾ നിലവിൽ വന്ന പുതിയ വനനിയമം, കോർപ്പറേറ്റ് കമ്പനികൾക്ക് വനവും പരിസ്ഥിതിയും നശിപ്പിക്കാനുള്ള വ്യക്തമായ ലൈസൻസ് നൽകിയിട്ടുണ്ട്.

ഇന്ത്യയെ ഹരിതോർജ്ജ മേഖലയിലെ ഭീമൻ ആക്കാനുള്ള അതിമോഹനമായ പദ്ധതികൾ രണ്ട് വർഷം മുമ്പ് പ്രധാനമന്ത്രി മോദി പ്രഖ്യാപിച്ചത് ഓർക്കുക. രാജ്യത്തെ കാർബൺ പുറന്തള്ളൽ പൂജ്യമായി കുറയ്ക്കുകയോ കാർബൺ ന്യൂട്രൽ ആകുകയോ ചെയ്യുമെന്ന് അദ്ദേഹം അന്ന് പ്രതിജ്ഞയെടുത്തു. ഇതിനർത്ഥം 2070-ഓടെ അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ അളവ് നിയന്ത്രിക്കണമെന്നാണ്. (പ്രതിശീർഷ കാർബൺ പുറന്തള്ളൽ പാശ്ചാത്യ രാജ്യങ്ങളെ അപേക്ഷിച്ച് വളരെ കുറവാണെങ്കിലും, ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുന്ന ലോകത്തിലെ മൂന്നാമത്തെ വലിയ രാജ്യമാണ് ഇന്ത്യ.) 2030-ഓടെ ഇന്ത്യയുടെ ഊർജത്തിന്റെ പകുതിയും പുനരുൽപ്പാദിപ്പിക്കാവുന്ന വിഭവങ്ങളിൽനിന്ന് ലഭിക്കുമെന്നും അതേ വർഷംതന്നെ ഒരു ബില്യൺ ടൺ കാർബൺ പുറന്തള്ളൽ കുറയ്ക്കുമെന്നും പ്രധാനമന്ത്രി മോദി വാഗ്ദാനം ചെയ്തു. എന്നാൽ തുറമുഖം മുതൽ ഊർജ്ജംവരെ ഏഴ് കമ്പനികളുമായി വിപുലീകൃത ബിസിനസ്സ് നടത്തുന്ന അദാനി ഗ്രൂപ്പ് ഇപ്പോൾ വനനശീകരണത്തിലും പാരിസ്ഥിതിക സന്തുലിതാവസ്ഥയെ അലംഭാവത്തോടെ നശിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. ദരിദ്രരായ വനവാസികളെക്കുറിച്ചോ കാലാവസ്ഥാ പ്രശ്നങ്ങളെക്കുറിച്ചോ ചിന്തിക്കാതെ പരമാവധി ലാഭം നേടുന്നതിനാണ് അവർ ഇത് ചെയ്യുന്നത്. ഈ ഭയാനകമായ കുറ്റകൃത്യത്തിൽ ബിജെപി സർക്കാർ പങ്കാളിയാണെന്ന് പറയേണ്ടതില്ലല്ലോ.

ഇപ്പോൾ, 1980ലെ വനം (സംരക്ഷണം) നിയമത്തിൽ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് വനം(സംരക്ഷണം) ഭേദഗതി നിയമം 2023 (എഫ്സിഎ), 2023 ഡിസംബർ 1 മുതൽ പ്രാബല്യത്തിൽ വന്നു. ഈ ഭേദഗതികൾ വനസംരക്ഷണ നിയമത്തിൽ കാര്യമായ മാറ്റങ്ങൾ കൊണ്ടുവന്നു. വിവധതരം ഭൂവിഭാഗങ്ങൾക്ക് അതിന്റെ പ്രയോഗം വിശദമാക്കുന്നതിനും പ്രത്യേക ഭൂവിഭാഗങ്ങൾക്ക് ഇളവുകളും നൽകുന്നതിലുമായിരുന്നു പ്രധാന ശ്രദ്ധ. ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള സുപ്രീം കോടതി ബെഞ്ച്, ഭേദഗതി നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത അഞ്ച് ഹർജികൾ പരിഗണിക്കവേ, 'വനം' എന്നതിന്റെ നിർവചനം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാന സർക്കാരുകളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും നിർദ്ദേശിച്ച്, 2024 ഫെബ്രുവരി 19ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ, ആരവല്ലി ബച്ചാവോ സിറ്റിസൺ മൂവ്മെന്റ്, ഗോവയിലെ റെയിൻബോ വാരിയേഴ്സ്, അരുണാചൽ പ്രദേശിലെ അഭിഭാഷകൻ എബോ മിലി, പശ്ചിമ ബംഗാളിൽ നിന്നുള്ള സന്തനു ദാസ് എന്നിവർ ഭരണഘടനയുടെ 32-ാം വകുപ്പ് പ്രകാരം സമർപ്പിച്ച റിട്ട് ഹർജി പരിശോധിച്ചപ്പോൾ, ഭേദഗതി നിയമത്തിന്റെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്യുന്ന ഒന്നിലധികം കാരണങ്ങൾ വെളിപ്പെട്ടു. എഫ്സിഎ, 'വിജ്ഞാപനം ചെയ്യപ്പെട്ട വനങ്ങൾക്ക്' മാത്രമായി പ്രയോഗിക്കേണ്ടതും സർക്കാർ രേഖകളിൽ ലിസ്റ്റുചെയ്തിരിക്കുന്നവ ഉൾപ്പെടെയുള്ള മറ്റ് വനവിഭാഗങ്ങൾക്ക് ബാധകമല്ലാത്തതുമാണെന്നുള്ള തെറ്റായ നിയമപരിസരത്തിലാണ് ഈ നിയമം നിർമ്മിച്ചിരിക്കുന്നതെന്നാണ് ഹർജിയിലെ പ്രധാന വാദം. 'വിജ്ഞാപനം ചെയ്ത വനം' എന്നതിൽ നിന്ന് 'സർക്കാർ രേഖകളിലെ വനം' എന്നതിലേക്ക് വിപുലീകരിക്കാൻ ഭേദഗതി നിയമം തെറ്റായി നിർദ്ദേശിക്കുന്നു. പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന്റെ മറവിൽ, നിയമപരവും ഭരണഘടനാപരവുമായ ബാധ്യതകളെ മറികടക്കുന്നതാണ് കുറ്റകരമായ ഭേദഗതി. പ്രതിരോധവുമായി ബന്ധപ്പെട്ടവ ഉൾപ്പെടെ, തന്ത്രപരവും ദേശീയതലത്തിൽ പ്രാധാന്യമുള്ളതുമായ പദ്ധതികൾ വേഗത്തിലാക്കാൻവേണ്ടി നിയമപരമായ ആവശ്യകതകൾ വളഞ്ഞവഴിയിൽ ഇങ്ങനെ മറികടക്കുന്നതിനു പകരം ഭരണപരമായ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിലൂടെ അവ പരിഹരിക്കാനാകും. ഫോറസ്റ്റ് ക്ലിയറൻസുകൾ നേടുന്നതിനുമുമ്പ് ഉറപ്പാക്കേണ്ട ഫലപ്രദമായ പൊതുജന പങ്കാളിത്തം ഇല്ലാതാക്കുന്നതിലൂടെ, അഭിപ്രായ സ്വാതന്ത്ര്യം ഉറപ്പുനൽകുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)എ വകുപ്പിനെ ഭേദഗതി നിയമം ലംഘിക്കുന്നു. കൂടാതെ, ഭരണഘടന 'അറിയാനുള്ള അവകാശം' ഉറ

(ശേഷം 6-ാം പേജിൽ)

## വയനാട് ഉരുൾപൊട്ടൽ

(4-ാം പേജിൽ നിന്ന്)

കൃതിക്കുമേലുള്ള അനിയന്ത്രിതമായ ചൂഷണത്തിനും കടന്നുകയറ്റത്തിനും ഒത്താശ ചെയ്തുകൊണ്ടിരിക്കും. പരിസ്ഥിതിയെ തകർക്കുന്ന വിനാശകരമായ പദ്ധതികൾ വികസനമെന്നപേരിൽ അടിച്ചേൽപിച്ചുകൊണ്ടിരിക്കും. അതിനാൽ പരിസ്ഥിതി അവബോധമാർജിച്ച, ജനതാൽപര്യം പേറുന്ന ബൃഹത്തായ മുന്നേറ്റങ്ങൾ ഉണ്ടാകണം. പുരോഗതിക്കും സ്വസ്ഥമായ ജീവിതത്തിനും സ്വച്ഛന്ദമായ പ്രകൃതിക്കും വേണ്ടിയുള്ള സന്തുലിതവും ശാസ്ത്രീയവുമായ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുന്ന ജനശക്തി ഉയർന്നുവരണം. അപ്പോൾ തീർച്ചയായും സർവ്വനാശത്തിലേയ്ക്കല്ല സർവ്വതോമുഖമായ പുരോഗതിയിലേക്ക് നമുക്ക് മുന്നേറാനാകും. പ്രാപഞ്ചിക പ്രതിഭാസങ്ങൾക്ക് ഇരയായിരുന്ന നിസ്സഹായമായ പ്രാകൃത ജീവിതത്തിന്റെ സ്ഥാനത്ത് സ്വന്തം ഭാഗധേയം നിർണയിക്കാൻ ശേഷിയുള്ള അർത്ഥവത്തായ മനുഷ്യജീവിതം നമുക്ക് കെട്ടിപ്പടുക്കാനാകും.

മനുഷ്യനെ പ്രകൃതിയുടെ അഭേദ്യഭാഗമായി കാണുന്ന, മനുഷ്യനും പ്രകൃതിക്കും മേലുള്ള എല്ലാത്തരം ചൂഷണങ്ങളിൽനിന്നും മുക്തമായ, അനസ്യൂതമായ സാമൂഹ്യപുരോഗതി ഉറപ്പാക്കുന്ന മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തെ മുറുകെപ്പിടിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി പരിസ്ഥിതി സംരക്ഷണത്തിനും ജനപക്ഷവികസനത്തിനും വേണ്ടിയുള്ള എല്ലാ ജനകീയ മുന്നേറ്റങ്ങളിലും സജീവമായി നിലയുറപ്പിച്ചിട്ടുണ്ട്. പരമാവധി ലാഭത്തിനുവേണ്ടി നിലകൊള്ളുന്ന മുതലാളിത്ത വ്യവസ്ഥയാണ് ലോകത്തെവിടെയും മനുഷ്യ പുരോഗതിക്കും പ്രകൃതി സംരക്ഷണത്തിനും വിലങ്ങുതടിയായി നിൽക്കുന്നത്. പരിസ്ഥിതി സംരക്ഷണത്തിനായുള്ള ഏതൊരു ജനമുന്നേറ്റവും മുതലാളിത്ത വ്യവസ്ഥയുടെ ഈ ഗൂഢലക്ഷ്യങ്ങൾ തിരിച്ചറിയാനും അതിനെതിരെ നിലകൊള്ളാനും പ്രാപ്തമാകുമ്പോൾ മാത്രമേ സ്വസ്ഥമായ ജീവിതം നമുക്ക് ഉറപ്പാക്കാൻ കഴിയൂ. ■

# സർക്കാർ ജീവനക്കാരുടെ ശമ്പളം പിടിച്ചെടുക്കുന്നതിന്റെ പിന്നിലെ ഗൂഢലക്ഷ്യങ്ങൾ

(1–ാം പേജിൽ നിന്ന്)

കൾ തമ്മിൽ വലിയ അന്തരങ്ങളൊന്നുമില്ലെങ്കിലും നിലവിലിരിക്കുന്ന ഇടതെന്ന് വിളിക്കപ്പെടുന്ന സർക്കാർ ഇക്കാര്യത്തിൽ മുൻകാലസർക്കാരുകളെ കവച്ചു വച്ചിരിക്കുകയാണ്.

സർക്കാർ ജീവനക്കാർ അവിഹിതമായതെന്തോ കൈപ്പറ്റുകയാണെന്നും സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രയാസങ്ങളുടെ ഒരു മുഖ്യകാരണം ഇതാണെന്നും പ്രചരിപ്പിച്ച് മുന്നൊരുക്കം നടത്തിയിട്ടാണ് കൂലിക്കൊള്ള ആരംഭിച്ചതെന്നതിനാൽ പൊതുജനങ്ങളുടെയും വലത് പിന്തിരിപ്പന്മാരുടെയും, എന്തിന്, ദരിദ്ര വിഭാഗത്തിൽപ്പെട്ടവരുടെ പോലും പിന്തുണ കിട്ടുമെന്ന് സർക്കാർ കരുതുന്നു.

കേരളത്തിലെ സർക്കാർ ജീവനക്കാരിൽ ബഹുഭൂരിപക്ഷവും സംസ്ഥാനത്തിലെയും കേന്ദ്രത്തിലെയും ഭരണകക്ഷികളുടെ (മുൻ ഭരണകക്ഷികൾ ഉൾപ്പെടെ) ഒറ്റാലിനുള്ളിൽ അകപ്പെട്ടിട്ടുള്ളവരാകയാൽ സർക്കാർ നീക്കങ്ങളോട് സമരസപ്പെടാൻ അണികളെ പ്രേരിപ്പിക്കുകയോ ഭീഷണിയിൽ നിർത്തുകയോ നിഷ്ഫലമായ ചടങ്ങ് പ്രതിഷേധങ്ങളിൽ ഒതുക്കുകയോ ചെയ്തുകൊണ്ട് അവരെ നിരാശയിലും നിഷ്ക്രിയത്വത്തിലും എത്തിച്ചിട്ടുണ്ട്. ഇങ്ങനെ എല്ലാവിധത്തിലും നിലമൊരുക്കിയതിനുശേഷമാണ് സർക്കാർ സ്വന്തം ജീവനക്കാരിൽ നിന്ന് സാമ്പത്തികം ചോർത്താൻ തുടങ്ങിയത്.

## വ്യവസ്ഥാപിതവും നിയമപരവുമായ മാർഗ്ഗത്തിലൂടെയാണ് ശമ്പളം നിശ്ചയിക്കപ്പെടുന്നത്

കേരളത്തിലെ സംസ്ഥാന ജീവനക്കാരുടെ ശമ്പളം നിശ്ചയിച്ച് നൽകുന്നത് സർക്കാരാണ്; ജീവനക്കാരല്ല. കാലാകാലങ്ങളിൽ സർക്കാർ നിയോഗിക്കുന്ന ശമ്പള കമ്മീഷനുകളാണ് ശമ്പള ഘടന നിശ്ചയിക്കുന്നത്. അതിൽ ജീവനക്കാരുടെ പ്രതിനിധികൾ ഉണ്ടാവാറില്ല. അവസാനത്തെ ശമ്പളക്കമ്മീഷനിൽ ജീവനക്കാരോട് പ്രത്യേകിച്ച് യാതൊരു ആഭിമുഖ്യവും ഇല്ലാത്ത,സർക്കാർ ഖജനാവ് സംരക്ഷിക്കുന്നതിൽ താല്പര്യമുള്ളവർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഒരു സീനിയർ ബ്യൂറോക്രാറ്റിന്റെ നേതൃത്വത്തിൽ, ഒരു മുൻ ലോകബാങ്ക് ഉദ്യോഗസ്ഥനും ഒരു സാമ്പത്തിക ശാസ്ത്രജ്ഞനും ഉൾപ്പെട്ട കമ്മീഷൻ ആയിരുന്നു ശുപാർശകൾ നൽകിയത്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടെ വച്ചുവേണം ശുപാർശ നൽകേണ്ടത് എന്ന് എല്ലാ ശമ്പള കമ്മീഷന്റെയും ടേംസ് ഓഫ് റഫറൻസിൽ എഴുതിച്ചേർക്കുകയും ചെയ്യാറുണ്ട്. മേൽപ്പറഞ്ഞ കമ്മീഷൻ 2021ൽ നൽകിയ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു, "സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത് റവന്യൂ വരുമാനത്തിലുള്ള ആകമാന കുറവ് മുൻപ് ഭയപ്പെട്ടിരുന്നത് പോലെ ആപൽക്കരമൊന്നുമല്ല എന്നാണ്. സംസ്ഥാന സർക്കാർ ഒരു മാതൃക തൊഴിൽദാതാവാണ് എന്നതിനാൽ ഏറ്റവും ബുദ്ധിശക്തിയും കാര്യശേഷിയുമുള്ളവരെ സർക്കാർ സർവീസിലേക്ക് ആകർഷിക്കാനും നിലനിർത്തുവാനും പോന്ന വിധം നീതിയുക്തമായ ശമ്പളവും ബത്തകളും നൽകാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്."

മറ്റേതൊരു ശമ്പള പരിഷ്കരണത്തിലും ഉണ്ടാവുന്ന നിരക്കിലുള്ള വർദ്ധനവേ നിലവിലുള്ള പരിഷ്കരണത്തിലും ഉണ്ടായിട്ടുള്ളൂ. സർക്കാർ ജീവനക്കാർ അനർഹമായത് ഒന്നും പിടിച്ചു വാങ്ങിയിട്ടില്ല എന്നാണിത് വ്യക്തമാക്കുന്നത്. എന്നുമാത്രമല്ല അർഹതപ്പെട്ടതിൽ നിന്ന് എത്രയോ കുറവാണ് കമ്മീഷനുകൾ നിശ്ചയിക്കുന്നത്.

ഒരു ജീവനക്കാരനു അയാളും കുഞ്ഞുങ്ങളും വൃദ്ധ മാതാക്കളും അടക്കമുള്ള കുടുംബത്തിന്റെ യഥാർത്ഥ ചെലവിന്റെ ഒരു ചെറിയ ഭാഗമാണ് അടിസ്ഥാന ശമ്പളമായി നിശ്ചയിക്കുന്നത്. 1957ലെ ഇന്ത്യൻ ലേബർ കോൺഫറൻസ്, ഐഎൽഒ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് നിശ്ചയിച്ച മിനിമം വേതനത്തിന്റെ അയലത്തൊന്നും വരാറില്ല സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് നിശ്ചയിക്കുന്ന മിനിമം അടിസ്ഥാന ശമ്പളം. അതുപോലെതന്നെ, വിലനിലവാരവും ഉപഭോഗ വസ്തുക്കളുടെ നിർണയവും യാഥാർത്ഥ്യത്തിന് നിരക്കാത്തതുകൊണ്ട് ക്ഷാമബത്ത ഒരിക്കലും യഥാർത്ഥ വേതനത്തിൽ വിലക്കയറ്റം സൃഷ്ടിക്കുന്ന ചോർച്ചയ്ക്ക് പൂർണ്ണസമീകരണമാവില്ല. വീട്ടു വാടകയുടെ കാര്യത്തിലും യാഥാർത്ഥ്യത്തിന് നിരക്കാത്ത സമീപനമാണുള്ളത്.

കേരളത്തിലെ സർക്കാർ ജീവനക്കാരിൽ ബഹുഭൂരിപക്ഷം വരുന്ന ക്ലാസ് 4, ക്ലാസ് 3 ജീവനക്കാർക്ക് ആരംഭത്തിൽ കിട്ടുന്ന അടിസ്ഥാന ശമ്പളം 23,000 രൂപയും 26,500 രൂപയും ആണ്. പക്ഷേ അവർക്ക് നിർബന്ധിത പിടുത്തമൊക്കെ കഴിഞ്ഞ് യഥാക്രമം 19,500 രൂപയും 22,200 രൂപയുമാണ് ചെലവഴിക്കാനായി കയ്യിൽ കിട്ടുക. അതായത്, പ്രതിദിനം 650, ഉം 740 ഉം രൂപ വച്ച്. ഇതിനെയാണ് സർക്കാർ ജീവനക്കാരെ കേരളത്തിലെ ധനിക വർഗ്ഗവും സർക്കാരിന്റെ റവന്യൂ വരുമാനത്തെ മുച്ചൂടും വിഴുങ്ങുന്ന വരുമായി സർക്കാരും മറ്റു നിക്ഷിപ്ത താൽപര്യക്കാരും ചിത്രീകരിക്കുന്നത്. തങ്ങളുടെ സേവന കാലാവധിയുടെ മുക്കാലും കഴിയുമ്പോൾ കിട്ടുന്ന പ്രമോഷനിലൂടെയും പ്രൊഫഷണൽ യോഗ്യതയുള്ളവർക്ക് ഉയർന്ന തസ്തികയിലൂടെയും ഒരു ന്യൂനപക്ഷത്തിന് മേൽപ്പറഞ്ഞതിലും കൂടുതൽ ശമ്പളം കിട്ടുന്നുണ്ടെന്നത് മറന്നു കൊണ്ടല്ല ഈ പറയുന്നത്.

ദൈനംദിന ചെലവുകൾക്ക് തികയാത്തതുകൊണ്ടുതന്നെ ഏതുതരം അധിക ആവശ്യങ്ങൾക്കും വായ്പയെ ആശ്രയിക്കുന്നവരാണ് കൂടുതലും. കേരളത്തിലെ ഗവൺമെന്റ് എംപ്ലോയീസ് സർവീസ് സഹകരണ സംഘങ്ങളിൽ മാത്രം സർക്കാർ ജീവനക്കാർക്ക് ശരാശരി ഒന്നര ലക്ഷം രൂപയ്ക്ക് കടബാധ്യതയുണ്ട്. മറ്റു ബാങ്കുകളിലും ഭവന നിർമ്മാണ വായ്പകളും മറ്റും കണക്കാക്കുമ്പോൾ അത് എത്രയോ ഇരട്ടി ആവും. എന്നുവച്ചാൽ പ്രതിമാസം പലിശയിനത്തിൽ വലിയൊരു തുക ബാങ്കുകൾക്ക് നൽകുന്നവരാണ് കേരളത്തിലെ ജീവനക്കാർ. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമായി ബാങ്ക് ജാമ്യം നിന്ന് മുടിഞ്ഞുപോകുന്നവരുടെ എണ്ണവും ചെറുതല്ല.

## കിട്ടുന്നതിൽ നല്ലൊരു ശതമാനം ഗവൺമെന്റിന് തിരിച്ചുനൽകുന്നു

പ്രതിമാസം 60,000 രൂപയ്ക്ക് മുകളിൽ ശമ്പളം വാങ്ങുന്ന സർക്കാർ ജീവനക്കാർ നിശ്ചിത പരിധി കഴിഞ്ഞുള്ള തുകയ്ക്ക് 10 മുതൽ 30 ശതമാനം വരെ ഇൻകം ടാക്സ് നൽകുന്നവരാണ്. കണക്കിൽപ്പെട്ട വരുമാനമായതുകൊണ്ട് ആർക്കും ഒഴിവാകാനുമാവില്ല. കൂടാതെ, പ്രൊഫഷണൽ ടാക്സ് ആയി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം 2500 രൂപയും നൽകുന്നു. ഉപഭോക്താവ് എന്ന നിലയിൽ ഓരോ ചെലവിനും 5 മുതൽ 28 ശതമാനം വരെ നികുതി നൽകുന്നവരുമാണ്. ഇങ്ങനെ ചെലവഴിക്കുന്ന ഓരോ ആയിരം രൂപയ്ക്കും 80 മുതൽ 160 രൂപ വരെ നികുതി ഇനത്തിൽ സർക്കാരിലെത്തും എന്നാണ് കണക്ക്.

## സാമ്പത്തിക രംഗത്തെ ചലിപ്പിക്കുന്ന ഉത്തേജക ശക്തി

സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളവരുമാനം ഏതാണ്ട് പൂർണമായും, ഭാവിയിലെ വരുമാനം കടപ്പെടുത്തിയെടുക്കുന്ന വായ്പ തുകയും ഉൾപ്പെടെ ഉടനെ തന്നെ കമ്പോളത്തിൽ തിരികെ എത്തുന്നു. ചരക്കായും സേവനങ്ങളായും സാമ്പത്തിക വ്യവസ്ഥയെ ആകെ ചലിപ്പിക്കുന്ന ഒരു ഉത്തേജക ശക്തിയാണ് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളം. പ്രാഥമിക ഘട്ടത്തിലെ ചെലവ് പ്രാദേശിക വിപണനത്തെ ഉയർത്തും. അവിടെനിന്ന് ഉടലെടുക്കുന്ന ഡിമാൻഡ് ചെറുകിട ഉത്പാദനത്തെയും മൊത്ത വ്യാപാരത്തെയും സ്വാധീനിക്കും. അത് കൂടുതൽ തൊഴിൽ സൃഷ്ടിക്കും. അങ്ങനെ സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിക്കപ്പെടുന്ന, മുകളിലേക്ക് തരംഗ സ്വഭാവത്തിൽ ഉണ്ടാകുന്ന വളർച്ചയെയാണ് 'മൾട്ടിപ്ലയർ എഫക്ട്' എന്ന് സാമ്പത്തിക ശാസ്ത്രത്തിൽ പറയുന്നത്. തുടക്കത്തിൽ ഉപഭോക്താവ് സൃഷ്ടിക്കുന്ന ചെലവിനേക്കാൾ വളരെ കൂടുതലാണ് സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിക്കുന്ന ആകമാന ഉണർവ്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിലുള്ള ഉപഭോക്തൃ ചെലവ് ഘടന അനുസരിച്ച് ഈ അനുപാതം 1: 2.5 ആയി കണക്കാക്കപ്പെടുന്നു. അതായത് ഒരാൾ നൂറ് രൂപ ചെലവാക്കുമ്പോൾ 250 രൂപയുടെ ഉത്തേജനം സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിക്കപ്പെടുന്നു. അതുപോലെ 100 രൂപ ചെലവഴിക്കുമ്പോൾ 250 രൂപയ്ക്കുള്ള നികുതി സർക്കാരിലേക്ക് എത്തുകയും ചെയ്യുന്നു എന്നർത്ഥം. 2002ൽ സംസ്ഥാനസർക്കാർ ജീവനക്കാർ സമരം ചെയ്യുകയും ഒരു മാസം ശമ്പളം കിട്ടാതെ വരികയും, തുടർന്ന് കേരളത്തിന്റെ വ്യാപാര രംഗമാകെ മാന്ദ്യത്തിൽ അകപ്പെട്ടതും ഓർക്കുക.

(ശേഷം 7–ാം പേജിൽ)

---

## കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ള വനനശീകരണം...

(5–ാം പേജിൽ നിന്ന്)

പ്പുനൽകുന്നു. അത് രാജ്യത്തിന്റെ ഭരണത്തെക്കുറിച്ചുള്ള 'യഥാർത്ഥ വസ്തുതകൾ' ലഭിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. എഫ്സിഎയ്ക്ക് കീഴിൽ അനുമതി തേടുന്നതിൽനിന്ന് വനഭൂമിയുടെ തരംമാറ്റൽ ഒഴിവാക്കിയാൽ, നിർദിഷ്ട തരംമാറ്റലിനെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുകയോ തീരുമാനമെടുക്കൽ പ്രക്രിയയിൽ ജനങ്ങളെ പങ്കെടുപ്പിക്കുകയോ ചെയ്യില്ല. ഇത് പൊതുജനപങ്കാളിത്തത്തെയും വിവരം ലഭിക്കുന്നതിനുള്ള അവകാശത്തെയും ഗുരുതരമായി വെട്ടിക്കുറയ്ക്കുന്നു. മാത്രമല്ല, ഫോറസ്റ്റ് ക്ലിയറൻസ് അനുവദിച്ചതിനെതിരെ ദേശീയ ഹരിത ട്രൈബ്യൂണലിൽ അപ്പീൽ നൽകാനുള്ള നിയമപരമായ അവകാശവും നഷ്ടപ്പെടുന്നു.

ഇപ്പോൾ, ആദിവാസികളോടും മറ്റ് പാവപ്പെട്ട പിന്നാക്ക ജനവിഭാഗങ്ങളോടുമുള്ള 'ബഹുമാനാർത്ഥം', ബിജെപി നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ "ആദിമനിവാസികളുടെ മഹത്തായ ദിനം" ആചരിച്ചു. അവർക്ക് വിവിധ സൗകര്യങ്ങൾ എത്തിക്കുന്നതിനുള്ള പ്രകടനപത്രികയായി 'വികാസ് ഭാരത് സംഗ്ബാദ് പത്ര' പ്രഖ്യാപിച്ചു. ദുരിതമനുഭവിക്കുന്ന ആദിവാസികളുടെ വികസനത്തിനായി "ജന മന മിഷൻ" പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ, ആദിവാസി സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾക്ക് വനവിഭവങ്ങൾ വിൽക്കുന്നതിലൂടെ വരുമാനം ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ, വനഭൂമിയിൽ ഇതുവരെ കൈവശം വച്ചിരുന്ന അവകാശം അവർക്ക് നിഷേധിക്കാനുള്ള തന്ത്രത്തെ മറയ്ക്കാനുള്ള വഞ്ചനകളാണ് ഇതെല്ലാം. ഈ അവകാശം ദശലക്ഷക്കണക്കിന് ആളുകൾക്ക് ജീവിക്കാനുള്ള ഏറ്റവും ചുരുങ്ങിയ ചില മാർഗങ്ങളെങ്കിലും നൽകിയിരുന്നു. എന്നാൽ ബിജെപി സർക്കാർ വാഗ്ദാനങ്ങൾ ലംഘിച്ച് 2023 ജൂലൈ 26 ന് പുതിയ വനം (സംവരണം) ബിൽ 2023 പാസാക്കി. പാർലമെന്റിൽ ഒരു ചർച്ചയും നടത്താതെയാണ് ഇത് പാസ്സാക്കിയത്. വനാവകാശം കോർപ്പറേറ്റ് ഭീമന്മാർക്ക് കൈമാറുന്നതിനാണ് ഇത് ചെയ്തത്. ഭരണകക്ഷിയായ ബിജെപിയും അതിന്റെ നിയന്ത്രണത്തിലുള്ള ഭരണകൂടവും ചേർന്ന് വംശീയ സംഘർഷങ്ങളാൽ തകർന്ന മണിപ്പൂരിൽപോലും ഈ നിയമം സാധുവാക്കിയിരിക്കുന്നു.

ഈ ബിൽ പാസാക്കി 15 ദിവസത്തിനകം നടന്ന ഏതാനും സംഭവങ്ങളിൽ നിന്നുതന്നെ ബിജെപി സർക്കാരിന്റെയും കുത്തകഭീമന്മാരുടെയും കുതന്ത്രപദ്ധതി വ്യക്തമാണ്. മലിനീകരണ നിയമങ്ങൾ ലംഘിച്ചതിന് നേരത്തെതന്നെ പ്രോസിക്യൂട്ട് ചെയ്യപ്പെട്ട കുപ്രസിദ്ധ വേദാന്ത ഗ്രൂപ്പ്, ഒഡീഷയിലെ റായ്ഗഢ ജില്ലയിലെ സിസ്മാലി പർവതത്തിലെ വനം പിടിച്ചെടുക്കാൻ ശ്രമിച്ചു. ഒഡീഷയിലെ റായ്ഗഢയിലെ കുക്രോമാലി പർവതത്തിൽ കാടുകൾ പിടിച്ചെടുക്കാൻ അദാനി ഗ്രൂപ്പും ശ്രമിച്ചു. ഗ്രാമവാസികൾ ചെറുത്തുനിൽപ്പ് നടത്തിയപ്പോൾ, പ്രതിഷേധിച്ച ആദിവാസി യുവാക്കളെ പോലീസ് പീഡിപ്പിക്കുകയും അവർക്കെതിരെ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം വിവിധ കേസുകളെടുക്കുകയും ചെയ്തു. ഈ കുത്തകഭീമന്മാരുടെ രണ്ട് പദ്ധതികൾ നടപ്പിലാക്കാൻ, 180 ഗ്രാമങ്ങളിലെ ഏകദേശം രണ്ട് ലക്ഷം ആദിവാസികളെ ഒഴിപ്പിക്കേണ്ടിവരും. അതിനാൽ, ഛത്തീസ്ഗഢ്, ഒഡീഷ, ജാർഖണ്ഡ്, ഗുജറാത്ത്, അസം, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസികളുടെയും വനവാസികളുടെയും താൽപര്യത്തിന് ഹാനികരമായ ഇത്തരം വിനാശകരമായ പദ്ധതികൾക്കെതിരെ പ്രക്ഷോഭങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. വനവാസികളുടെ അവകാശം സംരക്ഷിക്കുന്നതിനുള്ള പ്രസ്ഥാനവും പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനുള്ള പ്രസ്ഥാനവും പരസ്പര പൂരകമാണ്. എന്നാൽ യുക്തിസഹമായ പര്യവസാനത്തിലേക്ക് നയിക്കുന്നതിന് ശരിയായ പ്രത്യയശാസ്ത്ര–രാഷ്ട്രീയ നേതൃത്വത്തിന് കീഴിൽ സംഘടിതവും നിരന്തരവും ശക്തവുമായ പോരാട്ടമായി അവ കെട്ടിപ്പടുക്കേണ്ടതുണ്ട്. ■

# പണിയെടുക്കുന്നവരുടെ സംഘടിത സമരശേഷിയെ തകർക്കുകയെന്ന മൂലധനശക്തികളുടെ ഇംഗിതത്തിന് പിണറായി സർക്കാർ കൂട്ടുനിൽക്കുന്നു

(6-ാം പേജിൽ നിന്ന്)

## സർക്കാർ നടത്തുന്ന കൂലിക്കൊള്ള

ഇനി,കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ സർക്കാർ സ്വന്തം ജീവനക്കാരിൽ നിന്നും നടത്തുന്ന കൂലിക്കൊള്ളയുടെ അളവും രീതികളും പരിശോധിക്കാം.

1. 2020 ന ശേഷം സർക്കാർ ജീവനക്കാർക്ക് അനുവദിക്കേണ്ട ക്ഷാമബത്ത അനുവദിച്ചിട്ടില്ല. ശമ്പളത്തിന്റെ 22% ആണ് നൽകാതിരിക്കുന്നത്.

2. അഞ്ചുമാസത്തെ പൂർണ്ണ ശമ്പളത്തിന് തുല്യമായ അഞ്ചുവർഷത്തെ സറണ്ടർ വേതനം പിടിച്ചു വച്ചിരിക്കുന്നു.

3. 2019ലെ ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക ഇനിയും കൊടുത്തുതീർത്തിട്ടില്ല.

4. 240 കോടി രൂപയോളം വരുന്ന തുകക്കുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് നിർത്തലാക്കി. എന്ന് മാത്രമല്ല, മെഡിസെപ്പ് എന്ന തട്ടിപ്പ് ഇൻഷുറൻസ് പദ്ധതിയിലൂടെ ഓരോ ജീവനക്കാരനിൽനിന്നും പ്രതിവർഷം 6000 രൂപ പിടിച്ചു വാങ്ങി ഇൻഷുറൻസ് കമ്പനിയെ ഏല്പിക്കുന്നു.

5. ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നിർത്തലാക്കി.

6. ഈ ജൂലൈ മാസം മുതൽ നടപ്പിലാക്കേണ്ടുന്നശമ്പള പരിഷ്കരണം നടപ്പിലാക്കാതിരിക്കുന്നത് വഴി ഏറ്റവും കുറഞ്ഞത് പ്രതിമാസം 500 കോടി രൂപയാണ് ജീവനക്കാർക്ക് നഷ്ടമാവുന്നത്.

7. എൻപിഎസ് പദ്ധതിയിലൂടെ പെൻഷൻ ഇല്ലാതാക്കി. അത് പിൻവലിക്കും എന്ന് പറഞ്ഞ് വോട്ട് വാങ്ങി അധികാരത്തിൽ കയറിയതിനുശേഷം അത് തുടരുന്നു എന്ന് മാത്രമല്ല, അതിനെ ബലപ്പെടുത്തി നിയമപ്രാബല്യം നൽകിയതും ഈ സർക്കാർ ആണ്. മറ്റു പല സംസ്ഥാനങ്ങളും ഇതിനോടകം എൻ പിഎസ് നിർത്തലാക്കി. ജീവനക്കാരുടെ കോൺട്രിബ്യൂഷൻ മറ്റു സംസ്ഥാനങ്ങളിൽ 6% ആയിരിക്കെ ഇവിടെ അത് 10% ആണ്. തന്നെയുമല്ല, ഇവിടെ ഗ്രാറ്റിവിറ്റിയും നൽകുന്നില്ല. പങ്കാളിത്ത പെൻഷൻ പിൻവലിക്കില്ല എന്ന് ഉറപ്പു പറഞ്ഞ് കേന്ദ്രത്തിൽ നിന്ന് 3511 കോടി രൂപ വായ്പയും സംഘടിപ്പിച്ചു. പത്തു വർഷം കഴിയുമ്പോൾ എല്ലാ സർക്കാർ ജീവനക്കാരും എൻപിഎസിൽ പെട്ട് പെൻഷൻ ഇല്ലാത്തവരാകുന്ന സുന്ദര മുഹൂർത്തം കാത്തിരിക്കുകയാണ് പിണറായി സർക്കാർ. ആനുകൂല്യമല്ല അവകാശമാണ് പെൻഷൻ എന്നും മാറ്റിവയ്ക്കപ്പെട്ട വേതനമാണെന്നും സുപ്രീം കോടതി പറയുമ്പോൾ, പെൻഷൻ അവകാശമല്ല എന്നാണ് സംസ്ഥാന ധനകാര്യ മന്ത്രി ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിരിക്കുന്നത്. ഇതെല്ലാം പോരാഞ്ഞിട്ട് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളത്തിൽ നിന്ന് 10% മുതൽ 20% വരെ തട്ടിയെടുക്കാനും ഭാവിയിൽ പെൻഷൻ സംവിധാനം പൂർണമായി ഇല്ലാതാക്കാനും ലക്ഷ്യമിട്ട് 'ജീവാനന്ദം' എന്ന പേരിൽ പുതിയ പദ്ധതിയുമായി സർക്കാർ ഇറങ്ങിയിരിക്കുകയാണ്.

ഇതിന് പുറമേ ഏത് പ്രകൃതിദുരന്തം വന്നാലും മഹാമാരി വന്നാലും സർക്കാർ ജീവനക്കാരിൽ നിന്ന് നിർബന്ധപൂർവ്വം ആയിരക്കണക്കിന് കോടി രൂപ പിടിച്ചെടുക്കാറുണ്ട്. ദുരന്തങ്ങളിലെ പുനരധിവാസ പ്രവർത്തനങ്ങൾ ജീവനക്കാരുടെ ബാധ്യതയാണെന്ന മട്ടിലാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. ഇതിലൂടെ, മുതലാളിത്ത താൽപര്യങ്ങൾക്ക് അനുസൃതമായി പൊതു ആവശ്യത്തിന് ജനങ്ങളിൽനിന്നുതന്നെ പിരിച്ചെടുക്കുന്ന 'ക്രൗഡ് ഫണ്ടിങ്' എന്ന പുതിയ മാർഗം അവലംബിച്ചുകൊണ്ട് ഡിസാസ്റ്റർ ക്യാപിറ്റലിസ്റ്റ് നയങ്ങൾ നടപ്പിലാക്കുകയാണെന്ന് നാം മനസ്സിലാക്കണം. ഈ മാർഗ്ഗത്തിലൂടെയെല്ലാം ഏതാണ്ട് 50,000 കോടി രൂപയാണ് സർക്കാർ പിടിച്ചെടുത്തിരിക്കുന്നത്. ഇത്രയും തുക കമ്പോളത്തിൽ എത്തിയിരുന്നെങ്കിൽ കേരളത്തിലുള്ള മൾട്ടിപ്ലയർ ഫോർമുല അനുസരിച്ച് ഒരു ലക്ഷത്തി ഇരുപത്തിഅയ്യായിരം കോടി രൂപയുടെ സാമ്പത്തിക ഉത്തേജനവും അതുവഴി 10,000 മുതൽ 12,000 കോടി രൂപ രൂപവരെ നികുതി ഇനത്തിലും സർക്കാരിന് ലഭിച്ചേനേ. അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങൾ വേറെയും.

## ആഗോളവൽക്കരണനയങ്ങൾ ലോകബാങ്ക് പദ്ധതികളിലൂടെ നടപ്പിലാക്കുന്നു

ഇക്കാര്യങ്ങളൊന്നും അറിയാത്തവരല്ല സർക്കാർ ഭരണത്തിലിരുന്ന് സംസ്ഥാനത്തിന്റെ സാമ്പത്തിക നയങ്ങൾ തീരുമാനിക്കുന്നവർ. സാമ്പത്തിക വിശാരദന്മാരെക്കൊണ്ട് നിറഞ്ഞ പ്ലാനിങ് ബോർഡ്. സർവോപരി, വളരെ പ്രഗൽഭനായ ശ്രീമാൻ കെ.എം.എബ്രഹാം മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി എന്ന സ്ഥാനത്തിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രാഗൽഭ്യം ആന്റണി സർക്കാരിന്റെ 2002ലെ ജനുവരി 16ലെ കറുത്ത ഉത്തരവിന്റെ കാലത്ത് നമ്മൾ കണ്ടതാണ്. ആഗോളവൽക്കരണ നയങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലും ലോകബാങ്ക്, എഡിബി തുടങ്ങിയ അന്തർദേശീയ സാമ്രാജ്യത്വ സാമ്പത്തിക ഏജൻസികളിൽ നിന്ന് വായ്പ തരപ്പെടുത്തിയും വായ്പയുടെ വ്യവസ്ഥകളെന്നുള്ള നിലയിൽ സംസ്ഥാന ഭരണ സംവിധാനത്തെ പൊളിച്ചടുക്കുകയും ചെയ്ത ഒരു സംഘത്തിന്റെ തലവൻ എന്ന നിലയിൽ സ്വന്തം ശേഷി തെളിയിച്ച ഉദ്യോഗസ്ഥനാണ് അദ്ദേഹം. ഒന്നാം പിണറായിസർക്കാരിന്റെ കാലത്ത് സ്വദേശ-വിദേശ മൂലധന താൽപര്യങ്ങൾ നടപ്പിലാക്കാനായി കൊണ്ടുവന്നത് ഗീതാഗോപിനാഥ് എന്ന ലോകബാങ്ക് ചീഫ് എക്കണോമിസ്റ്റിനെ ആയിരുന്നല്ലോ.

കേരളത്തെ കേരളമാക്കിയ സാമ്പത്തിക സാമൂഹിക തൊഴിൽ മേഖലകളെ ഉടച്ചുവാർത്തത് 1990 കളുടെ ഒടുവിൽ കൊണ്ടുവന്ന 'മോഡേണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം'(എംജിപി) എന്ന എഡിബി/ലോകബാങ്ക് പദ്ധതിയിലൂടെയായിരുന്നു. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി, ക്ഷേമപ്രവർത്തനങ്ങളിൽ നിന്ന് സർക്കാർ പിൻവാങ്ങുകയും പകരം മൂലധനതാല്പര്യങ്ങളുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ സംവിധാനങ്ങളിൽ ഘടനാപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാനായി കൊണ്ടുവന്ന പദ്ധതിയായിരുന്നു എംജിപി. ഇടതുമുന്നണി ഗവൺമെന്റ് തുടങ്ങിവച്ച്, എ.കെ.ആന്റണി ശക്തമായി നടപ്പിലാക്കിത്തുടങ്ങിയ ആ പരിഷ്കാരങ്ങളുടെ പുതിയ ഘട്ട പരിഷ്കാരങ്ങളാണ് ഇന്ന് പിണറായി വിജയൻ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. തുടക്കത്തിൽ 'നവകേരള' പദ്ധതിയിലൂടെ ആയിരുന്നു അവ നിർവഹിച്ചത്. പിന്നീട് പ്രളയദുരന്തത്തെ തുടർന്ന് വന്ന 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്' ലോക ബാങ്ക് സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതിയാണ്. അതിന്റെ ഒരു പ്രധാന ഘടകമായ 'Sustainable Fiscal and Debt Management' എന്ന ഘടകത്തിന്റെ പ്രധാന ഉദ്ദേശം സംസ്ഥാന സർക്കാരിന്റെ കടങ്ങൾ കുറയ്ക്കുക എന്നതല്ല, കടങ്ങൾക്ക് മേലുള്ള പലിശയുടെ തിരിച്ചടവ് ശേഷി ഉയർത്തുക എന്നതാണ്. അതായത്, മറ്റു ചിലവിനങ്ങൾ കുറയ്ക്കുകയും അതിനുവേണ്ടി ഖജനാവിനെ ഒരുക്കുകയും ചെയ്യുക. ആ ദിശയിലുള്ള പ്രവർത്തിയാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

2002ലെ കറുത്ത ഉത്തരവ് വന്ന കാലത്തെ ലോകബാങ്ക് പദ്ധതികളുടെ ഒരു പ്രധാന ലക്ഷ്യമായി പ്രഖ്യാപിക്കപ്പെട്ടത് 'ഫിസ്കൽ മാനേജ്മെന്റും കടത്തിന്റെ മാനേജ്മെന്റും' ആയിരുന്നു. അതിന്റെ ഭാഗമായാണ് 2003ൽ 'കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് 'കൊണ്ടുവന്നത്. കടമെടുക്കുന്നതിന് നിയന്ത്രണങ്ങൾ കൊണ്ടുവരുക എന്നതായിരുന്നു ഉദ്ദേശം. രണ്ടു പതിറ്റാണ്ടിനിപ്പുറം 'നവ കേരള'ത്തിന്റെ ഭാഗമായ ലോകബാങ്ക് പദ്ധതിയുടെയും ഒരു ഘടകം കടത്തിന്റെ മാനേജ്മെന്റ് ആണ് എന്നതാണ് വിചിത്രം. ഈ കാലയളവിൽ കടം കുറയുകയല്ല, പതിന്മടങ്ങ് വർദ്ധിക്കുകയാണ് ചെയ്തത് എന്ന് കാണാം. വായ്പാധിഷ്ഠിത വികസനം എന്ന സങ്കല്പത്തിലൂടെ കടബാധ്യത കൂടുകയാണുണ്ടായത്. ആ തുക അടിസ്ഥാന സൗകര്യ വികസനം എന്ന പേരിൽ വൻതോതിൽ വൻകിട കമ്പനിക്കാർക്ക് മാത്രം ഗുണം കിട്ടുന്ന, സംസ്ഥാന കമ്പോളത്തിൽ എത്താത്ത, നേരത്തെ പറഞ്ഞ മൾട്ടിപ്ലയർ എഫക്ട് വട്ടപൂജ്യമായ, പിപിപി(പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ്) പദ്ധതികളിലൂടെ ഒഴുക്കുകയാണ്. പി പിപി എന്നാൽ, മുടക്ക് മുതൽ പൊതുജനത്തിന്റെ നികുതിപ്പണത്തിൽ നിന്ന്, ലാഭം സ്വകാര്യകുത്തകകൾക്ക് എന്നാണർത്ഥം. വിഴിഞ്ഞം പദ്ധതി ഉദാഹരണം. സംസ്ഥാനത്തെ ജനങ്ങൾക്ക് വരുന്ന 40 വർഷത്തേക്ക് യാതൊരു പ്രയോജനവും ലഭിക്കാത്ത, ഒരു സ്വകാര്യ കുത്തക മുതലാളിയായ അദാനിക്ക് മാത്രം ലാഭം ചെന്നുചേരുന്ന വിഴിഞ്ഞം പദ്ധതിക്ക് വേണ്ടി നാടിന്റെ വികസനം എന്ന വ്യാജ പ്രചരണത്തിലൂടെ ഇതിനോടകം ഏതാണ്ട് പതിനായിരം കോടി രൂപയാണ് സംസ്ഥാന സർക്കാർ പണമായും ഗ്യാരണ്ടിയായും സ്ഥലമെടുപ്പായും ഒക്കെ നൽകിയത്. ഇതെല്ലാം കടംകൊണ്ടും ജനങ്ങളുടെ നികുതിപ്പണമായും സ്വരുക്കൂട്ടിയതാണ്.

## ചെലവിനത്തിലെ മുഖ്യപങ്ക് പലിശ നൽകാൻ

കടം വർദ്ധിച്ചത് വഴി പലിശ നൽകാനുള്ള തുകയുടെയും കാര്യത്തിൽ വൻ വർദ്ധനവുണ്ടായി.ശമ്പളത്തിനും പെൻഷനും പലിശ നൽകാനും വേണ്ടി വിനിയോഗിക്കുന്ന തുകയുടെ പാറ്റേൺ ശ്രദ്ധിച്ചാൽ ഈ മാറ്റം പ്രകടമാണ്. ശമ്പളം നൽകാൻ 2023-24 ബഡ്ജറ്റിൽ 40,042 കോടി രൂപ വകയിരുത്തിയപ്പോൾ യഥാർത്ഥത്തിൽ ചെലവാക്കിയത് 38,178 കോടി രൂപ (2% കുറവ്). പെൻഷന് 28,239 കോടി രൂപ വകയിരുത്തിയപ്പോൾ ചെലവാക്കിയത് 26,182 കോടി രൂപ (7% കുറവ്). പലിശയ്ക്കായി 26,246 കോടി രൂപ വകയിരുത്തിയപ്പോൾ ചെലവായത് 26,843 കോടി രൂപ (2% വർദ്ധനവ്). ബഡ്ജറ്റ് വിഹിതത്തിൽ ഏതാണ്ട് 4000 കോടി രൂപ നിലനിൽക്കവേ സർക്കാർ ജീവനക്കാർക്ക് മറ്റ് ആനുകൂല്യങ്ങളും നൽകാതെ പിടിച്ചു വച്ചത് പലിശ കൊടുക്കാനായി മാറ്റി. ശമ്പളയിനത്തിൽ ചെലവാക്കുന്ന ശതമാനക്കണക്കും തുകയും വർഷംതോറും കുറഞ്ഞു വരികയാണെന്നും ബഡ്ജറ്റ് രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. കടം കൂടുന്നതനുസരിച്ച് പലിശയിനത്തിൽ ചെലവ് വൻതോതിൽ കൂടുന്നതായും മനസ്സിലാവും. പ്രതിവർഷം എടുക്കുന്ന കടം ഏതാണ്ട് പൂർണമായും പലിശ നൽകാനായാണ് ഉപയോഗിക്കുന്നത്. കഴിഞ്ഞ എട്ടുവർഷം കൊണ്ട് പലിശ ചെലവ് ഇരട്ടിയിലധികമാണ് വർദ്ധിച്ചത് (116%). പക്ഷേ പലിശയുടെ വർദ്ധനവിനെപ്പറ്റി ഒരു സാമ്പത്തിക വിശാരദന്മാരും മന്ത്രിപുംഗവന്മാരും മിണ്ടില്ല.

## ജീവനക്കാർക്ക് എതിരെയുള്ള ആക്രമണത്തിന്റെ നിഗൂഢ ലക്ഷ്യങ്ങൾ

വസ്തുതകൾ ഇവ്വിധമായിരിക്കെ, സർക്കാർ ജീവനക്കാരുടെ ശമ്പളം നിഷേധിക്കുവാൻ വേണ്ടി കേരളത്തിന്റെ വരവെല്ലാം കൊണ്ടുപോകുന്നവരായി അവരെ ചിത്രീകരിക്കുകയും സാമ്പത്തിക ബുദ്ധിമുട്ടുകളുടെ കദനകഥകൾ അവതരിപ്പിക്കുകയും ചെയ്തു കൊണ്ട് കൂലി കവർച്ച ചെയ്യുന്നത് എന്തുകൊണ്ടാണ്? സ്വകാര്യ നിക്ഷേപം പോഷിപ്പിക്കുവാൻ വേണ്ടിയുള്ള സാമ്പത്തിക നീക്കങ്ങളെ കൂടാതെ വളരെ ഗുരുതരമായ മറ്റൊരു നിഗൂഢ ലക്ഷ്യംകൂടി ഇതിന്റെ പുറകിലുണ്ട്.

അത്, പിണറായി സർക്കാരിന്റെ പ്രധാനമുദ്രാവാക്യങ്ങളിലൊന്നായ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' ആണ്. അതായത്, മൂലധന നിക്ഷേപത്തിന്, അത് എത്ര ക്രിമിനൽ സ്വഭാവമുള്ളതായിക്കൊള്ളട്ടെ, യാതൊരുതരത്തിലുമുള്ള തടസ്സങ്ങളും ഉണ്ടാവില്ല, എന്ന് മാത്രമല്ല, സർവ്വവിധ സഹായങ്ങളും ഒരുക്കിക്കൊടുക്കും എന്ന പ്രഖ്യാപനമാണത്. നിലവിലുള്ള യാതൊരു തൊഴിൽ - സാമൂഹിക-പാരിസ്ഥിതിക നിയമങ്ങളും തടസ്സമായി വരാത്ത രീതിയിൽ എൻഫോഴ്സ്മെന്റ് പരിശോധനകളെ മരവിപ്പിച്ച് നിർത്തിയിരിക്കുകയാണ്. തന്നെയുമല്ല, മേൽപ്പറഞ്ഞ ലക്ഷ്യത്തോടെ തൊഴിലാളികളുടെ വേതനം,തൊഴിൽ സമയം, തൊഴിൽ സ്ഥിരത, അപകടത്തിൽ നിന്നുള്ള സുരക്ഷ എന്നിങ്ങനെയുള്ള എല്ലാ സംരക്ഷണ നിയമങ്ങളും എടുത്തു കളഞ്ഞുകൊണ്ട് മുതലാളിമാരുടെ താൽപര്യം മാത്രം സംരക്ഷിക്കുന്ന, തൊഴിലാളികളെ അടിമപ്പണിക്കാരാക്കുന്ന ആ നാല് ലേബർ കോഡുകൾ കേന്ദ്രസർക്കാർ കൊണ്ടുവന്നപ്പോൾ കേരളമാണ് ആദ്യമായി അവ നടപ്പിലാക്കാൻ മുന്നിട്ടിറങ്ങിയത്. കോഡുകൾക്ക് റൂളുകൾ ആവിഷ്കരിച്ചു കഴിഞ്ഞു. അതിലെ പല കാര്യങ്ങളും മറ്റ് പിന്തിരിപ്പൻ സർക്കാരുകൾക്ക് പോലും മാതൃകയെന്നവണ്ണം നടപ്പിലാക്കി തുടങ്ങുകയും ചെയ്തിരിക്കുന്നു.

## 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' എന്ന ലോക ബാങ്ക് പദ്ധതി


'Doing business 2020: reforms to boost Indian business climate rankings' എന്ന റിപ്പോർട്ടിലൂടെയാണ് ലോക ബാങ്ക് 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' പദ്ധ

(ശേഷം 8-ാം പേജിൽ)

# വിപ്ലവജീവിതമാണ് ഏറ്റവും മഹത്തായത്

## സൈദ്ധാന്തിക പാഠങ്ങൾ

**സഖാവ് ശിബ്ദാസ് ഘോഷിന്റെ 48-ാം ചരമവാർഷികത്തോടനുബന്ധിച്ച് 'വിപ്ലവജീവിതമാണ് ഏറ്റവും മഹത്തായത്' എന്ന അദ്ദേഹത്തിന്റെ കൃതിയിൽനിന്നുള്ള വിലപ്പെട്ട ചില പാഠങ്ങൾ ഇവിടെ പുനരവതരിപ്പിക്കുന്നു.**



"ശരിയാണ്, മറ്റ് പാർട്ടികളുടെ പ്രവർത്തകരുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സഖാക്കൾ നിലവാരത്തിൽ മുന്നിട്ടുനില്ക്കുന്നവരാണ്. മുദ്രാവാക്യം വിളിക്കുക മാത്രം ചെയ്യുന്ന, കാര്യഗൗരവമില്ലാത്ത ഇതര രാഷ്ട്രീയ പ്രവർത്തകരുമായി തട്ടിച്ചു നോക്കുമ്പോൾ നമ്മൾ എത്ര സമർപ്പിതരും സത്യസന്ധരും ബോധമുള്ളവരുമാണെന്നുകണ്ട് ആത്മസംതൃപ്തിയടയാൻ നമുക്കാകില്ല. രാജ്യത്തിന്റെ ആവശ്യകതക്കനുസരിച്ച് പ്രവർത്തിക്കാൻ നമുക്കെത്ര മാത്രം കഴിയുന്നു എന്നതിലായിരിക്കണം നമ്മുടെ ശ്രദ്ധ. ഇന്നത്തെ സാമൂഹ്യസാഹചര്യത്തിൽ ജനങ്ങളിൽ ഒരു വശത്ത് ആഴത്തിലുള്ള നിരാശ നാം കാണുന്നു. മറുവശത്ത്, വിവിധ രാഷ്ട്രീയകക്ഷികളോട് അവർക്കുള്ള അങ്ങേയറ്റത്തെ അവിശ്വാസവും കാണാം. അതുകൊണ്ട്, നമ്മുടെ പാർട്ടി വിദ്യാഭ്യാസത്തിന്റെയും സംസാരരീതിയുടെയും പ്രവർത്തനശൈലിയുടെയും അറിവിന്റെയും നിരന്തരമായ സഹായത്തോടെ ജനങ്ങളുടെ മനസ്സിലുള്ള വൈഷമ്യങ്ങളെ അതിവേഗം ദൂരീകരിച്ച് അവരുടെ ആത്മവിശ്വാസത്തെ വീണ്ടെടുക്കേണ്ടത് നമ്മുടെ ചുമതലയാണ്...

ജനങ്ങളെ വസ്തുനിഷ്ഠമായി നയിക്കാനതകുംവിധം നമ്മുടെ പാർട്ടി ശക്തി നേടിയെടുക്കുകയും കഴിവ് ആർജ്ജിക്കുകയും ചെയ്യുക എന്ന പ്രശ്നവുമായി അഭേദ്യമായും ബന്ധപ്പെട്ടതാണ് വിപ്ലവപ്രസ്ഥാനത്തിന്റെയും ഇടതുമുന്നേറ്റത്തിന്റെയും വിജയവും പരാജയവും. എന്നാൽ, ഇക്കാര്യങ്ങളെല്ലാം ജനങ്ങളെ ബോധ്യപ്പെടുത്താൻ ഒരു രാഷ്ട്രീയ നേതൃത്വത്തിന് വേണ്ടുന്ന പ്രാപ്തിയുടെയും അറിവിന്റെയും രാഷ്ട്രീയമുൻകൈയുടെയും നിലവാരം പരിഗണിച്ചാൽ, അത്തരം രാഷ്ട്രീയബോധത്തിന്റെയും, യുക്തിചിന്തയ്ക്കും വാദങ്ങൾക്കുമുള്ള ശേഷിയുടെയും ശൂന്യമായകാഴ്ചയാണ് നമ്മുടെ പ്രവർത്തകർക്കുള്ളത്...

നല്ല ചെറുപ്പക്കാരുമായി മാത്രം കൂട്ടുകൂടുന്ന തരത്തിൽ നമ്മുടെ പ്രവർത്തകർ നല്ലവരായി മാറിയിരിക്കുന്നു. നല്ലവരുടെ മാത്രം പാർട്ടിയാണിതെന്ന ജനങ്ങളും കരുതുന്നു. പക്ഷേ നമ്മുടെ നാട്ടിലെ സാഹസികരായ ബഹുഭൂരിപക്ഷം യുവാക്കളും ആവേശം വിതയ്ക്കുന്ന രാഷ്ട്രീയത്താലും തെറ്റായ നേതൃത്വത്താലും അവസരവാദ രാഷ്ട്രീയപ്രസ്ഥാനങ്ങളാലും വഴിതെറ്റിക്കപ്പെട്ടവരാണ്. മര്യാദയില്ലാത്ത വിവിധതരം പ്രവർത്തനങ്ങളിൽ അറിയാതെയെങ്കിലും കുടുങ്ങിക്കിടക്കുകയാണവർ. യുവജനശക്തിയുടെ ശൂന്യമായ വിഭാഗമാണിവർ. എന്തുകൊണ്ടാണ് നമുക്ക് ഈ സാഹസികരായ എടുത്തുചാട്ടക്കാരെ സ്വാധീനിക്കാൻ കഴിയാത്തത്?... അവരുടെ രക്തത്തെ ചൂടാക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല?..

ഇന്ത്യയിൽ വിപ്ലവം സഫലമാക്കുന്നത് 'സദ്ഗുണസമ്പന്നരായ' ചെറുപ്പക്കാരായിരിക്കും എന്നത് ശരിയായ വസ്തുതയല്ല. ചരിത്രമതല്ല പറയുന്നത്. നമ്മുടെ പാർട്ടിയുടെപ്രത്യയശാസ്ത്രംശ്രേഷ്ഠമാണെന്നതിനാൽ നല്ല ചെറുപ്പക്കാർ അതു സ്വീകരിക്കും. എന്നാൽ എല്ലാത്തരം ബുദ്ധിമുട്ടുകളും ചുമലിലേറ്റി, പ്രതികൂല സാഹചര്യങ്ങളെ നേരിട്ട് രാഷ്ട്രീയമായ മുൻകൈയോടെ ജനങ്ങൾക്കിടയിൽ സജീവമായി പ്രവർത്തിക്കാൻ വേണ്ടുന്ന ത്രാണി അവരിൽ പലർക്കും ഉണ്ടാകണമെന്നില്ല. സാഹസികരായ യുവാക്കൾ ചിലപ്പോൾ തെറ്റായ പാതയിലായിരിക്കും. അവർ ചട്ടമ്പിത്തരം കാണിച്ചേക്കാം, തങ്ങൾക്കുതന്നെ ദ്രോഹം വരുത്തിവച്ചേക്കാം... എന്നാലും പ്രവർത്തിക്കാനുള്ള ശേഷി അവരിലുണ്ട്. ജനങ്ങളിലേക്ക് എത്താനും നൊടിയിടയിൽ പ്രവർത്തനനിരതരാകാനും അവർക്കു കഴിയും. എന്നാൽ ഏതു സാഹചര്യത്തിലും ജനങ്ങളിലേക്ക് ആഴ്ന്നിറങ്ങാനും വിവിധജനവിഭാഗങ്ങളെ സംഘടിപ്പിക്കാനും പ്രവൃത്തിയിലേക്ക നയിക്കാനുമുള്ള ശേഷി നേരത്തേ പറഞ്ഞ സദ്ഗുണസമ്പന്നരായ യുവാക്കൾക്ക് ഉണ്ടാകണമെന്നില്ല...

ഇതൊരു ആസിഡ് ടെസ്റ്റാണ്...പക്ഷേ നമുക്ക് ജീവിതത്തിന്റെ എല്ലാതുറകളിൽ നിന്നും കഴിവുറ്റവരും അർഹരും ആയ പ്രവർത്തകരെ ചേർക്കേണ്ടിയിരിക്കുന്നു. ബുദ്ധിയും യുക്തിചിന്തയും കൊണ്ടു മാത്രം വിപ്ലവത്തെ മനസ്സിലാക്കാൻ കഴിയുമോ? ബഹുജനസമരങ്ങളിൽ പങ്കെടുക്കുകയും മനസ്സും ചിന്തയും അർപ്പിച്ച് പാർട്ടിപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്യാൻ തുടങ്ങുമ്പോഴാണ് നിങ്ങൾക്കതിന്റെ സാരാംശം മനസ്സിലായിത്തുടങ്ങുക എന്നു നിങ്ങൾക്കറിയാമോ? ഇതു ചെയ്തു തുടങ്ങുമ്പോഴാണ് യഥാർത്ഥത്തിൽ നിങ്ങളുടെ ശരിയായ ധാരണ തെളിഞ്ഞു വരിക. അതിനു മുമ്പ് വാദിക്കാൻ മാത്രം പ്രാപ്തമായ ബുദ്ധിപരമായ ശേഷിയായി അത് നില കൊള്ളും. അറിവിന്റെ സാക്ഷാത്കാരം (realisation) എന്നതിനെ വിളിക്കാൻ കഴിയില്ല. ഓരോരുത്തരിലും അതു വ്യത്യസ്തവുമായിരിക്കും... ഒരു വിപ്ലവകാരി ഉടൻ തന്നെ മനസ്സിലാക്കും,"ജനങ്ങളോടുചേർന്നുപ്രവർത്തിക്കാനും താനാർജ്ജിച്ച അറിവിന്റെയടിസ്ഥാനത്തിൽ അവരെ സംഘടിപ്പിക്കാനും ഇരുപത്തിനാലു മണിക്കൂറും അവരോടൊപ്പം ജീവിക്കാനും തുടങ്ങുന്ന നിമിഷം മുതൽ ഞാൻ വിപ്ലവസിദ്ധാന്തം സക്ഷാത്കരിക്കാൻ തുടങ്ങുകയാണ്". ജനങ്ങളോടൊപ്പം നിലകൊള്ളുമ്പോൾ നിങ്ങൾക്ക് രാഷ്ട്രീയമായലക്ഷ്യബോധവും നേതൃസ്ഥാനം ഏറ്റെടുക്കാനുള്ള കഴിവും സൃഷ്ടിപരമായ മനസ്സുമുണ്ടാകണം. അപ്പോൾ നിങ്ങളുടെ ധാരണയുടെ നിലവാരം ക്രമാനുഗതമായി ഉയരും.

പലതരത്തിലുള്ള പ്രവർത്തനങ്ങളുണ്ട്. ഒറ്റക്കൊറ്റയ്ക്ക് നോക്കിയാൽ അവയെല്ലാം നിസ്സാരങ്ങളായിത്തോന്നാം എന്നാൽ അവ

(ശേഷം 9–ാം പേജിൽ)

---

(7–ാം പേജിൽ നിന്ന്)

തിയുടെ നടത്തിപ്പിനെ സംബന്ധിച്ച മാർഗ്ഗരേഖ നൽകിയിരിക്കുന്നത്.

ഈ പദ്ധതിയുടെ കേരളത്തിലെ നടത്തിപ്പിന്റെ നോഡൽ ഏജൻസിയായ കെ എസ് ഐ ഡി സി യുടെ വെബ് സൈറ്റിൽ പറയുന്നത് ശ്രദ്ധിക്കുക: "ബിസിനസ് അന്തരീക്ഷത്തിന്റെ നിലവച്ചുകൊണ്ട് സംസ്ഥാനങ്ങളുടെ റാങ്ക് നിശ്ചയിക്കുവാൻ വേണ്ടി ലോകബാങ്ക് ആവിഷ്കരിച്ച ഒരു സംരംഭമാണ് "ഈസ് ഓഫ് ഡൂയിങ് ബിസിനസ്". അതിന്റെ ചുവടുപിടിച്ച് കേന്ദ്ര ഗവൺമെന്റ് ബിസിനസ് പരിഷ്കാരത്തിന് വേണ്ടിയുള്ള ഒരു ആക്ഷൻ പ്ലാൻ പുറപ്പെടുവിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിന്റെ മാർക്കും ബിസിനസുകാരിൽ നിന്നുള്ള ഫീഡ്ബാക്ക് റിപ്പോർട്ടും വച്ചുകൊണ്ട് റാങ്ക് നിശ്ചയിക്കും. ഇതിന്റെ ലക്ഷ്യം നിക്ഷേപസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ്. കേരളം ഇക്കാര്യത്തിൽ പ്രോ-ആക്ടീവ് നടപടികളാണ് സ്വീകരിക്കുന്നത്." ഇത് കാര്യക്ഷമമാക്കി നടപ്പിലാക്കി കൂടുതൽ ഉയർന്ന റാങ്ക് വാങ്ങിക്കുന്നതിൽ കേരളം മത്സരിക്കുന്നതിന്റെ കാര്യങ്ങളാണ് തുടർന്ന് ഇതിൽ വിശദീകരിക്കുന്നത്. ഇന്ന് കേരളത്തിന്റെ റാങ്ക് 15 ആണ്. ആക്ഷൻ പ്ലാനിൽപ്പെട്ട 80 മുതൽ 90% വരെ കാര്യങ്ങൾ കേരളം ഇതിനോടകം നടപ്പിലാക്കി എന്നാണ് കെഎസ്ഐഡിസി പറയുന്നത്.

### അല്പം സാമ്പത്തിക ശാസ്ത്രം

മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം അതിന്റെ അടിസ്ഥാന ചോദന ലാഭമാണെന്ന് നമുക്കറിയാം. അതിഗുരുതരമായ കമ്പോള പ്രതിസന്ധിയുടെ ഇന്നത്തെ കാലത്ത് വെറും ലാഭമല്ല, കൊള്ളലാഭമാണ് ലക്ഷ്യം. ഷെയർ മാർക്കറ്റിലെ അങ്കപ്പയറ്റുകൾ കമ്പനികളുടെ വിധി നിശ്ചയിക്കുന്ന ഇന്നത്തെ കാലത്ത് ലാഭവർദ്ധനവിന്റെ നിരക്ക് കുറയുന്ന കമ്പനികളെ മറ്റൊരു വമ്പൻ വിഴുങ്ങും. അതിനാൽ, എത്ര അടിയുറച്ച പാരമ്പര്യമുള്ള കമ്പനികൾ ആണെങ്കിലും നിലനിൽപ്പിനായി ലാഭനിരക്ക് വർദ്ധിപ്പിക്കാനായി പോരാടിയേ മതിയാവൂ. ഇന്നത്തെ കഴുത്തറുപ്പൻ മത്സരത്തിന്റെ കാലത്ത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് മത്സരം. ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനായി ഉൽപ്പാദന ചിലവ് കുറയ്ക്കുക എന്നത് മാത്രമാണ് പോംവഴി. അക്കാര്യത്തിൽ തൊഴിലാളികളുടെ ഉത്പാദനക്ഷമത കൂട്ടുകയും കൂലി കുറയ്ക്കുകയും ചെയ്യുന്നതിലുള്ള വിജയത്തിലൂടെയാണ് ഒരു മുതലാളി മറ്റൊരു മുതലാളിക്ക് മേൽ മേൽകൈ നേടുന്നത്. തൊഴിൽ വൈദഗ്ധ്യം കൂട്ടുക, തൊഴിൽ സമയം കൂട്ടുക, കൂലി കുറയ്ക്കുക, അതായത് ചൂഷണത്തിന്റെ തോത് വർദ്ധിപ്പിക്കുക. ഇതിൽ വിജയിക്കുന്ന മുതലാളിയാണ് മത്സരത്തിൽ വിജയിക്കുക. തൊഴിലാളികളെ ഇത്തരത്തിൽ നിർബ്ബാധം ചൂഷണം ചെയ്യുന്നതിന് തടസ്സമായി നിൽക്കുന്ന എല്ലാറ്റിനെയും നിഷ്കാസനം ചെയ്യുക എന്നതാണ് "ഈസ് ഓഫ് ഡൂയിങ് ബിസിനസ്" ചെയ്യുന്നത്. മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാരുകൾ തമ്മിൽ മത്സരിക്കുമ്പോൾ തൊഴിൽ ചൂഷണത്തിൽ നൽകുന്ന എഡ്ജ് ആണ് നിക്ഷേപം ആകർഷിക്കാൻ പര്യാപ്തമാവുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസമികവും സാമൂഹിക പ്രബുദ്ധതയുമുള്ള തൊഴിലാളികളുടെ ഉത്പാദനക്ഷമത കൂടുതലാണെങ്കിലും പതിറ്റാണ്ടുകളുടെ പ്രക്ഷോഭണങ്ങളിലൂടെ നേടിയ താരതമ്യേന മെച്ചപ്പെട്ട വേതന ഘടനയും അവകാശ ബോധവും പൊളിച്ചടുക്കുക എന്നതാണ് സർക്കാരിന്റെ ചലഞ്ച്. ആ ചലഞ്ച് ആണ് പിണറായി സർക്കാർ ഏറ്റെടുത്തിരിക്കുന്നത്.

### പിണറായി സർക്കാർ സൃഷ്ടിക്കാൻ ശ്രമിക്കുന്ന കേരളത്തിന്റെ പുതിയ മാതൃക

അങ്ങനെ വിദ്യാസമ്പന്നർ എത്ര ചെറിയ കൂലിക്കും പണിയെടുക്കാൻ തയ്യാറായി വരുന്ന തൊഴിലാളി സമൂഹത്തെ സൃഷ്ടിക്കുവാൻ പുതിയ കേരളം മാതൃക സൃഷ്ടിക്കാനാണ് പിണറായി വിജയൻ എന്ന മൂലധനത്തിന്റെ വിശ്വസ്ത കാര്യസ്ഥന്റെ നേതൃത്വത്തിൽ സിപിഐ(എം)ഉം എൽഡിഎഫും ശ്രമിക്കുന്നത്.

മാതൃകാ തൊഴിൽദാതാവ് എന്ന നിലയിൽ സ്വകാര്യമേഖലയിൽ അടക്കമുള്ള തൊഴിൽ മേഖലകളിലേക്ക് പുതിയ മാതൃക സൃഷ്ടിക്കുന്ന തരത്തിൽ സ്വന്തം തൊഴിലാളികളെ മെരുക്കിയെടുക്കുകയാണ്. കെഎസ്ആർടിസിയിൽ ആരംഭിച്ച് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും തുടർന്ന് സർക്കാർ സർവീസിലും അത് നടപ്പിലാക്കി കാണിക്കുകയാണ്. എന്തൊക്കെയാണ് ആ മാതൃക? ശമ്പളം പകുതിയാക്കി കുറയ്ക്കാം. സാമ്പത്തിക ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കാം, നിഷേധിക്കാം. ശമ്പളം എല്ലാ മാസവും കൃത്യമായി നൽകണമെന്നില്ല. 12 മണിക്കൂർ അതായത് ഒന്നരയാളുടെ പണിയെടുപ്പിക്കാം. പെൻഷൻ വെട്ടിക്കുറക്കാം, മുടക്കം വരുത്താം, നൽകാതെയുമിരിക്കാം. നിലവിലുള്ള തൊഴിൽനിയമങ്ങൾ ലംഘിച്ചാലും ഒരു എൻഫോഴ്സ്മെന്റ് നടപടികളും ഉണ്ടാവില്ല. സർവോപരി തൊഴിലാളികൾ ഇതിനെയൊക്കെയെതിരെ സംഘടിക്കില്ല, ചോദ്യം ചെയ്യില്ല, സമരം ചെയ്യില്ല,പണിമുടക്കില്ല. കാരണം ഭരണപാർട്ടികൾ അവരുടെ നിയന്ത്രണത്തിലുള്ള സംഘടനകളുടെ സമരശേഷി ഇതിനോടകം ചോർത്തി കളഞ്ഞിരിക്കുന്നു.തൊഴിലാളികളെ വല്ലാത്ത നിരാശ്രയത്വത്തിലും നിരാശയിലുംപെടുത്തി സ്വയം സംഘടിക്കാനുള്ള ശക്തി ഇല്ലാതാക്കിയിരിക്കുന്നു. ഈ നിലയിൽ ചതയ്ക്കപ്പെട്ട തൊഴിലാളിയെ നിഷ്ഠുരമായ ചൂഷണത്തിന് വിധേയമാക്കാം. മറുവശത്ത് തൊഴിലില്ലാപ്പട കവിഞ്ഞു കൂടുമ്പോൾ തൊഴിലിൽനിന്ന് പുറത്താക്കപ്പെടും എന്ന ഒറ്റ ഭീഷണി മതി, ഏതൊരാളെയും കൂലിയടിമയാക്കി മാറ്റാൻ.

പക്ഷേ ഈ അവസ്ഥ ശാശ്വതമല്ലെന്നതാണ് ചരിത്രത്തിന്റെ ശാസ്ത്രീയ പാഠം. മുതലാളിത്ത സാമ്പത്തിക വ്യവസ്ഥ നിലനിൽക്കുവോളം ചൂഷണത്തിന്റെ, അടിച്ചമർത്തലിന്റെ തോത് വർദ്ധിച്ചു കൊണ്ടിരിക്കും എന്നതിനാൽ ഏതൊരു മനുഷ്യ ജീവിയുടെയും സഹനത്തിന്റെ സീമകളിൽ എത്തും. സഹജ സ്വഭാവത്തോടെ തൊഴിലാളികൾ അവരുടെ പ്രത്യയശാസ്ത്രത്തെ വീണ്ടും പുൽകും,സംഘടിതരാവും. മുതലാളിത്തത്തിന്റെ എല്ലാ കാര്യസ്ഥൻമാരെയും വൈതാളികന്മാരെയും തട്ടി നീക്കി സമൂഹം മുന്നേറും. ■

# വിപ്ലവ ജീവിതത്തിന്റെ മഹത്വം ആനന്ദത്തിന്റെയും അന്തസ്സിന്റെയും രൂപത്തിൽ പ്രവർത്തകർക്ക് അനുഭവപ്പെടുന്നു

(8–ാം പേജിൽ നിന്ന്)

യോരോന്നും പൂർത്തീകരിക്കാതെ വിപ്ലവം സംഘടിപ്പിക്കുക എന്ന ബൃഹത്തായ കർത്തവ്യം സഫലീകരിക്കുക സാധ്യമല്ല എന്നതും മനസ്സിലോർക്കണം. ദശലക്ഷക്കണക്കിനു ജനങ്ങളുടെ ഇടയിൽക്കഴിയുമ്പോഴും ദൈനംദിന പ്രവർത്തനങ്ങൾ മാത്രം ചെയ്യുകയും സ്വന്തമായി പ്രവർത്തനങ്ങൾ സൃഷ്ടിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന ഒരു പാർട്ടി കേഡർ എവിടെപ്പോകണം, എന്തു ചെയ്യണം എന്നൊക്കെ ആലോചിക്കാൻ തുടങ്ങും. എന്നാൽ നിരന്തരമായി പ്രവർത്തനങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള, സർഗ്ഗാത്മകതയുള്ള ഒരു കേഡർ ഒരു കൂട്ടം ജനങ്ങളെ ചുറ്റുംകണ്ട് ഇടപഴകാൻ തുടങ്ങുമ്പോഴേയ്ക്കും അവരുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. അദ്ദേഹത്തിന് വീണ്ടും വീണ്ടുമതിനെക്കുറിച്ചാലോചിക്കേണ്ടതില്ല. കാരണം അദ്ദേഹമെപ്പോഴും ജനങ്ങളുടെ ഇടയിൽ അവരോടൊപ്പമാണ്. സ്വന്തമായി പ്രവർത്തനങ്ങൾ സൃഷ്ടിക്കാൻ പഠിക്കാത്ത, സർഗ്ഗാത്മകത ഇല്ലാത്ത ഒരു കേഡർ ഒരു നാൾ നിരാശയിലും ഇച്ഛാഭംഗത്തിലും അടിപ്പെടും. കാരണം അദ്ദേഹം ദൈനംദിന പ്രവർത്തനങ്ങളിൽ മാത്രമാണ്, സൃഷ്ട്യുന്മുഖമായ പ്രവർത്തനങ്ങളിലല്ല ഏർപ്പെട്ടിരിക്കുന്നത്; അദ്ദേഹം ജനങ്ങളുടെ പ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കുകയോ ജനങ്ങളുടെ നേതാവായി ഉയർന്നുവരികയോ ചെയ്തിട്ടില്ല. ഒരു വിഷാദം അദ്ദേഹത്തെ പിടികൂടും.

അംഗത്വത്തിനായി ഏതൊരാൾക്കുമുള്ള കുറഞ്ഞ യോഗ്യത, ജനങ്ങളുടെ നേതാവായി സ്വയം മാറിത്തീരാൻ അയാൾക്കു കഴിയുന്നുണ്ടോ എന്നതാണ്. ബുദ്ധിപരമായ ശേഷികൊണ്ടു മാത്രം ഒരാൾക്കൊരു വിപ്ലവകാരിയായി മാറാൻ സാധ്യമല്ല. ഒരാളുടെ ജീവിതത്തിൽ ബുദ്ധിയും വികാരവും ബുദ്ധിയും ഹൃദയവും ബുദ്ധിയും ധാർമ്മികതയും സംസ്കാരവുമെല്ലാം ചേർന്ന് ഒന്നായി മാറണം. എനിക്കിന്ന് എത്ര ശക്തമായ ഇച്ഛാശക്തിയും സത്യസന്ധതയും ത്യാഗമനോഭാവവും ഉണ്ടെങ്കിലും ഈ നീണ്ട സമരത്തെ അതിജീവിക്കണമെങ്കിൽ എന്റെ രാഷ്ട്രീയബോധ്യത്തിന്റെ ഘടനയും സ്വഭാവവും ഈ തീക്ഷ്ണമായ സമരത്തിലൂടെ മാറ്റിയെടുക്കേണ്ടതുണ്ട്. പാർട്ടിക്ക് നിങ്ങളെയൊരു വിപ്ലവകാരിയായി ഒരുക്കിയെടുക്കാനാകില്ല. ജനങ്ങൾക്കിടയിൽ സദാ ജീവിക്കുകയും പ്രവർത്തിക്കുകയും ചർച്ച ചെയ്യുകയും രാഷ്ട്രീയ പ്രത്യയശാസ്ത്രം പരിപോഷിപ്പിക്കുകയും ചെയ്തുകൊണ്ട് വിപ്ലവകാരിയാകാൻ ശ്രമിക്കുന്ന, സ്വന്തം രാഷ്ട്രീയബോധ്യം വളർത്താനും ആവശ്യകതയ്ക്കനുസരിച്ച് സ്വഭാവം മാറ്റിയെടുക്കാനും പ്രവർത്തനശൈലി നിരന്തരമായി പരിഷ്ക്കരിക്കാനും ശ്രമിക്കുന്ന ഒരാളെ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും വഴി പാർട്ടിക്ക് സഹായിക്കാം. എങ്കിൽപ്പോലും വിപ്ലവപ്രവർത്തനങ്ങളുമായി താദാത്മ്യപ്പെടുകയും, ജനങ്ങളിലേക്കിറങ്ങി വിപ്ലവസമരങ്ങളിൽ തീവ്രമായി മുഴുകുകയും ചെയ്യുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ വികാസം സംഭവിക്കുകയില്ല. ഒരു കേഡറിന് പ്രവർത്തനം സൃഷ്ടിച്ചു കൊടുക്കാൻ പാർട്ടിക്കാകില്ല. ഓരോ കേഡറിന്റെയും സഹജമായ ഗുണവിശേഷം ഇവിടെയാണ്. പാർട്ടി ഏൽപ്പിച്ച ഉത്തരവാദിത്തങ്ങൾക്കപ്പുറത്ത്, തനിക്കു ചുറ്റും ജീവിക്കുന്ന ജനങ്ങളിൽ നിന്ന് ഉചിതരായ വ്യക്തികൾക്കൊപ്പം പ്രവർത്തനങ്ങൾ സൃഷ്ടിക്കുകയെന്ന പ്രതിഭാസത്തിലൂടെയാണ് കേഡർമാരുടെ ഈ ഗുണവിശേഷം പ്രതിഫലിക്കുന്നത്. പക്ഷേ, ഒരു സംഘം സഖാക്കൾക്കൊപ്പം വർദ്ധിതോന്മേഷത്തോടെ പ്രവർത്തിക്കുന്ന ഒരു കേഡറിനെ അവിടെനിന്നു പിൻവലിച്ച് പാർട്ടിപ്രവർത്തകരുംസുഹൃത്തുക്കളുമില്ലാത്ത, പാർട്ടിക്ക് വളർച്ചയുടേതായ സ്ഥിതിയില്ലാത്ത സംഘടനാപ്രവർത്തനങ്ങളൊന്നുമില്ലാത്ത ഒരിടത്തേക്ക് നിയോഗിച്ചാൽ രണ്ടു ദിവസത്തിനുള്ളിൽ അവിടെ നിന്ന് ഓടി മറയുന്നതെന്തുകൊണ്ട് എന്നു നിങ്ങളാലോചിച്ചിട്ടുണ്ടോ?

## സൈദ്ധാന്തിക പാഠങ്ങൾ

ജനങ്ങളോടും സുഹൃത്തുക്കളോടും പാർട്ടിപ്രവർത്തകരോടുമൊപ്പം പ്രവർത്തിക്കുന്നതിനിടെ ഒറ്റപ്പെട്ട ഒരിടത്തേക്ക് നിയോഗിച്ചാൽ ഏതാനും ആഴ്ചകൾ അല്ലെങ്കിൽ ഒരു മാസംകൊണ്ട് ഒരു കേഡറിന്റെ ഉത്സാഹം ഇല്ലാതാകുന്നത് കാണാം. എന്താണിതിന്റെ അർത്ഥം? രാഷ്ട്രീയ വിദ്യാഭ്യാസവും പ്രത്യയശാസ്ത്രവും മനസ്സിലാക്കുന്നതിനുള്ള പ്രചോദനം അയാൾക്കനുഭവപ്പെടുന്നില്ല എന്നതാണതിനർത്ഥം. ഉപരിപ്ലവമായാണ് അദ്ദേഹമതെടുത്തിരിക്കുന്നത്... ഈ ജീവിതാഹ്ലാദത്തെക്കുറിച്ചും അതിന്റെ മറ്റു ഘടകങ്ങളെക്കുറിച്ചുമുള്ള ബോധ്യം ക്രമേണയായാണ് അയാളുടെ മനസ്സിൽ വളർന്നു വരിക. പാർട്ടിയിലെ പങ്കാളിത്തത്തിന്റെ ഊർജ്ജസ്വലമായ ആദ്യനാളുകളിൽ വിപ്ലവകാരിയാകാൻ കഴിയാതിരുന്ന, ക്രിയാത്മകമായ പ്രവർത്തനങ്ങളോട് പരിചിതമാകാതിരുന്ന, സ്വന്തമായ ശ്രമങ്ങളിലൂടെ ആവശ്യമായ പ്രവർത്തനങ്ങൾ സൃഷ്ടിച്ച് ജനങ്ങളുടെ നേതൃത്വം ഏറ്റെടുക്കാൻ കഴിയാതിരുന്ന ഒരാൾ ഇത്തരം പ്രശ്നങ്ങൾ നേരിടുകയും അധ:പതനത്തിലേക്കു പോകുകയും ചെയ്യും...

മുള്ളുനിറഞ്ഞ ഈ വിപ്ലവപാതയിൽ അനേകം ദുഃഖങ്ങളും വേദനകളുമുണ്ടാകാം. എന്നാലുമത് ആനന്ദകരമാണ് എന്നു നാം മനസ്സിലാക്കണം. വിപ്ലവത്തിലേക്കുള്ള പാത പിന്നിടുമ്പോൾ വിപ്ലവകാരികൾക്ക് ദുഃഖങ്ങളും കഷ്ടപ്പാടുകളുംകൊണ്ട് രക്തം കിനിഞ്ഞേക്കാം. എന്നാലും വിപ്ലവകാരികൾക്ക് ആ സഞ്ചാരപഥവും പരിസരവും ആനന്ദദായകമാണ്...

കുഴമറിച്ചിലുകൾ ഈ ജീവിതത്തിലുണ്ടാകാം; എങ്കിലുമത് മഹത്വപൂർണ്ണവും ശ്രേഷ്ഠവുമാണ്. ഈ ജീവിതത്തിൽ നാമനുഭവിക്കുന്ന ആനന്ദം ഉത്തരവാദിത്തബോധത്തെ ചുറ്റിപ്പറ്റി മാത്രം ഉണ്ടാകുന്നതാണോ? സന്തോഷത്തിന്റെയും അന്തസ്സിന്റെയും രൂപത്തിൽ നമുക്കത് അനുഭവപ്പെടുന്നില്ലെങ്കിൽ ഏറെ വൈകുന്നതിനുമുമ്പു തന്നെ ഉത്തരവാദിത്തങ്ങളുടെ ഭാരത്താൽ നമ്മുടെ സമരങ്ങളെല്ലാമവസാനിക്കും. നിങ്ങൾക്കു വിരസത അനുഭവപ്പെടുകയും അധികം മുന്നോട്ടു പോകാൻ കഴിയാതെ വരികയും ചെയ്യും...

മറ്റുള്ളവരുമൊത്ത് ഒരു ജൈവികബന്ധത്തിൽ ഒരു കൂട്ടായ ജീവിതം നാം നയിക്കണം; അല്ലെങ്കിൽ നമ്മുടെ പൊതുസ്വഭാവത്തെയും അതിന്റെ വ്യത്യസ്ത സവിശേഷതകളെയും മറ്റു പലതിനെയും നമുക്ക് അപഗ്രഥിക്കാൻ കഴിയില്ല; എവിടെയാണു നമ്മുടെ കുറവുകൾ എന്നു മനസ്സിലാക്കാനും കഴിയില്ല. പാർട്ടി കമ്മ്യൂണിലോ സെന്ററിലോ ഓഫീസിലോ കൂട്ടായ ജീവിതം നയിക്കുന്നതിന്റെ പ്രാധാന്യം അത് പല സംഗതികളെയും പ്രത്യക്ഷമാക്കും, പല കാര്യങ്ങളും നമ്മുടെ ശ്രദ്ധയിലേക്കു കൊണ്ടുവരും, പലതിനേയും പരിശോധനയ്ക്കു വിധേയമാക്കേണ്ടി വരും, പല സംഘർഷങ്ങളെയും നേരിടേണ്ടതായും വരും എന്നതാണ്. ഇതാണ് കൂട്ടായി ജീവിക്കുന്നതിന്റെ ആവശ്യകത...

അവിടെയുമിവിടെയും ഏതാനും ചില പ്രാദേശിക സംഘടനകൾ ഉണ്ടാക്കാൻ മാത്രം കഴിയുന്ന സ്ഥിതിയിൽ നിന്ന്, ബഹുജനപ്രക്ഷോഭങ്ങളും വിശാലമായ ബഹുജന സംഘടനകളും സംഘടിപ്പിക്കാൻ മുൻകൈയെടുത്തുകൊണ്ട് നമ്മുടെ പാർട്ടിയെ വലിയൊരു ബഹുജന പാർട്ടിയായി മാറ്റാൻ ശ്രമിക്കുന്ന രണ്ടാമത്തെ ഘട്ടത്തിലേക്കു നാം പ്രവേശിക്കുകയാണ്... എന്റേതായ ഭാഷയിൽ അവതരിപ്പിക്കാൻ കഴിയും വിധം പാർട്ടിയുടെ ആശയഗതികൾ ഞാൻ മനസ്സിലാക്കിയിരിക്കണം. ആവശ്യം വരുന്ന സന്ദർഭത്തിൽ പുനരവതരിപ്പിക്കാൻ പാകത്തിൽ നന്നായി അവതരിപ്പിക്കപ്പെട്ട, വിശദമാക്കപ്പെട്ട, ഉചിതമായ യുക്തിചിന്തകളാൽ സാധൂകരിക്കപ്പെട്ട ഉള്ളടക്കങ്ങൾ ഞാൻ വായിച്ചിരിക്കുകയും മനസ്സിലാക്കുകയും ചെയ്തിരിക്കണം. നന്നായി മനസ്സിലുറയ്ക്കുന്നവിധത്തിൽ ആവർത്തിച്ച് പഠിക്കണം. പാർട്ടിയെ ജനങ്ങളിലേക്കെത്തിക്കുകയുംഅവർക്കിടയിൽപ്രവർത്തിക്കുകയുമാണ് നമ്മൾ എന്നത് നിഷേധിക്കാൻ കഴിയില്ല. 'ജനങ്ങളിലേക്കു പോകു' എന്ന മുദ്രാവാക്യമുയർത്തി മാത്രം നമുക്കെല്ലാം നേടാനും എല്ലാം പഠിക്കാനും കഴിയില്ല; നേതൃത്വം ഇപ്പോൾ തീരുമാനിച്ചുറപ്പിച്ചിരിക്കുന്ന ദൗത്യം പൂർത്തീകരിക്കാനും കഴിയില്ല, എത്ര തീവ്രമായി നമ്മളതാഗ്രഹിച്ചാലും... വിപ്ലവസ്വഭാവത്തിന്റെ കാര്യത്തിൽ സാംസ്കാരികമായി ഉയർന്ന നിലവാരമുള്ള ആദരണീയരായ പല നല്ല സഖാക്കളും ഈ പുതിയ ആവശ്യകതയെ മുൻനിർത്തി അൽപമെങ്കിലും സ്വയം ഉടച്ചു വാർക്കാൻ തയ്യാറാകണം... വായിക്കുന്നവയിൽ പ്രധാന ഭാഗങ്ങളിൽ അടിവരയിട്ട് ഗൗരവതരമായി നമ്മുടെ സഖാക്കൾ പഠിക്കുന്നില്ല, അവർ ലാഘവത്തോടെ വായിക്കുക മാത്രം ചെയ്യുന്നു. പരസ്പരം ചർച്ച ചെയ്യാതിരിക്കുകമൂലം വിമർശനാത്മക നിരീക്ഷണത്തിനുള്ള ശേഷി അവരിൽ വളർന്നു വരികയുമില്ല. നാം വായിക്കുന്നതിൽ അനേകം കാര്യങ്ങൾ പ്രധാനപ്പെട്ടവയാണെന്ന് നാമോർക്കണം. ഒന്നുമില്ലെങ്കിൽത്തന്നെ ആ ഉള്ളടക്കത്തെ പല കോണുകളിൽനിന്നു വീക്ഷിച്ചു കൊണ്ട് നമ്മുടെ ധാരണയെ മെച്ചപ്പെടുത്താൻ നാം തയ്യാറാകണം. ഇവ രണ്ടും ആവശ്യമാണ്.

പരിമിതമായ സ്ഥലങ്ങളിൽ നാം സ്വയം കുടുങ്ങിപ്പോകരുത്. പുറത്തു കടന്ന് പാർട്ടിയുടെ രാഷ്ട്രീയം സ്വന്തമായ മുൻകൈയിൽ ജനങ്ങളിലേക്കെത്തിക്കുകയും വിവിധ സംഘടനകളിൽ അവരെ സംഘടിപ്പിക്കുകയും വേണം. സ്വന്തമായ മുൻകൈയിലും ആശയത്തിലും നിങ്ങളോരോരുത്തരും ഈ കർത്തവ്യങ്ങൾ നിർവഹിക്കാൻ തയ്യാറായാൽ കുറഞ്ഞ സമയത്തിനുള്ളിൽ എല്ലാവരുടെയും അംഗീകാരം നേടുന്ന തരത്തിൽ പാർട്ടിയുടെയും നിങ്ങളുടെയും ശക്തി വർദ്ധിക്കുകയും ചെയ്യും...

നമുക്കിപ്പോൾ ധാരാളം പാർട്ടി പ്രസിദ്ധീകരണങ്ങളുണ്ട്. ഇവയുടെ പ്രചാരണത്തിനായി പാർട്ടി മുകളിൽനിന്ന് ഒരു പരിപാടി ആസൂത്രണം ചെയ്യുമ്പോൾ വില്പന വർദ്ധിക്കുന്നു. എന്നാൽ പാർട്ടി പ്രസിദ്ധീകരണങ്ങൾ എപ്പോഴും തങ്ങളുടെ കൈവശം വയ്ക്കുക എന്നത് അങ്ങേയറ്റം ആവശ്യമാണെന്ന് സഖാക്കളോർക്കുന്നില്ല. ഓരോ യൂണിറ്റിനും അനുവദിക്കപ്പെട്ട പ്രസിദ്ധീകരണങ്ങളുടെ എണ്ണത്തിലുപരിയായി ഒരെണ്ണം ഓരോ സഖാവും സ്വന്തം കൈയിൽ കരുതണം. ഇതിനു രണ്ടുപയോഗങ്ങളുണ്ട്. ഒന്ന് അവർക്കത് ഇടക്കിടെ വായിക്കാം, ട്രെയിനിലോ ബസിലോ യാത്ര ചെയ്യുമ്പോൾ സമയം കിട്ടുന്നതിനനുസരിച്ച് സ്വന്തം ബാഗിൽ നിന്നതെടുത്തു വായിക്കാൻ കഴിയും. മറ്റൊന്ന്, എല്ലാ കോപ്പികളും വിറ്റു തീർന്നതിനു ശേഷവും സ്വന്തമായി ഒരു കോപ്പി കൈവശമുണ്ടെങ്കിൽ ആവശ്യം വരുന്ന സന്ദർഭത്തിൽ അഞ്ചോപത്തോ പേരടങ്ങുന്ന ഒരു സംഘത്തിന് ആവശ്യമായ ഭാഗങ്ങൾ വായിച്ചു കൊടുക്കാനോ ചർച്ച ചെയ്യാനോ കഴിയും... കൂട്ടായ വായന ഒരു സംഘടനയാണ്... ചോദ്യോത്തരങ്ങളുടെയടിസ്ഥാനത്തിലുള്ള ക്ലാസുകൾ തുടരുമ്പോൾത്തന്നെ അതിൽ പങ്കെടുക്കുന്നവർക്ക് അടുത്ത കാലത്തിറക്കിയ മുഖപത്രവും പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും മുൻകൂറായി വായിച്ചു വരാനുള്ള സംവിധാനങ്ങളുണ്ടാക്കണം.

ഒരു സഖാവ് വായിക്കുകയും വായിച്ച വിഷയത്തിലുള്ള ചർച്ചയിൽ മറ്റെല്ലാ സഖാക്കളും പങ്കെടുക്കുകയും വേണം. ചിട്ടയോടു കൂടി ഇതു നടപ്പാക്കണം. ഇത് അത്യന്താപേക്ഷിതമാണ്... നിങ്ങളെവിടെപ്പോയാലും നിങ്ങൾക്കെത്ര തിരക്കുണ്ടെങ്കിലും, പ്രാധാന്യമുള്ള ഒരു വിഷയം ചർച്ച ചെയ്തിരിക്കുന്ന പാർട്ടി പ്രസിദ്ധീകരണങ്ങൾ അവർക്ക് ലഭിച്ചോ എന്നും ലഭിച്ചെങ്കിൽ അവ വായിച്ചോ എന്നും അന്വേഷിക്കണം. മറ്റുള്ളവർക്കു മുമ്പാകെ അത് ഉറക്കെ വായിച്ചോ എന്നും അന്വേഷിക്കണം...

ജനങ്ങളുമായി ഇടപഴകുമ്പോൾ അവരുടെ മനോഭാവം നിങ്ങൾ തുടർച്ചയായി നിരീക്ഷിച്ചുകൊണ്ടിരിക്കണം. ഒരാൾ ഒരു കാര്യം കേൾക്കാനും മനസ്സിലാക്കാനും തയ്യാറാകുന്നതെപ്പോൾ എന്നു നിങ്ങൾക്കു മനസ്സിലാകണം... അവരോടൊപ്പം നിലകൊള്ളുകയും ആ നിലകൊള്ളൽ ഒരു വിപ്ലവകാരിയുടെതു പോലെയായിരിക്കുകയും വേണം. അതായത്, അവരോടൊപ്പം നിലകൊള്ളുമ്പോൾ അവരുടെ സംസ്കാരത്തിന്റെ ഒഴുക്കിനൊത്തുലഞ്ഞ് ഒരേ തൂവൽപ്പക്ഷികളെപ്പോലെ ആകാതെ നോക്കുകയും വേണം.

അവരുടെ ഒരു കൂട്ടാളി മാത്രമാകരുത്. നിങ്ങളുടെ വ്യക്തിസവിശേഷതകളും സ്വഭാവവും നിലനിർത്തിക്കൊണ്ട്, അവരുമായുള്ള ഒത്തുചേരലിന്റെ അന്തരീക്ഷത്തിൽ അവരോടൊപ്പം നിലകൊള്ളുക. അതു മതിയാകും. സാവധാനത്തിൽ സ്വയം മാറാനവരെ പ്രേരിപ്പിക്കാനും അവരുടെ മേലുള്ള നിങ്ങളുടെ സ്വാധീനം വളർത്താനുമതു സഹായിക്കും... നിങ്ങളോരോരുത്തരും സ്വന്തം കഴിവിന്റെ നിലയ്ക്കൊത്തു പ്രവർത്തിക്കുകയും സ്വയം സജ്ജരായിരിക്കുകയും വേണം... മാർക്സിസം -ലെനിനിസത്തിന്റെ തത്വങ്ങൾ സ്വാംശീകരിക്കാൻ പാർട്ടി നിങ്ങളോടാവശ്യപ്പെടുന്ന പ്രക്രിയയിൽ അധീശത്വം നേടുകയും വേണം. പാർട്ടി എങ്ങനെയാണ് ഈ വിഷയങ്ങൾ വിശദീകരിക്കുന്നതെന്നും എങ്ങനെയതു പ്രയോഗിക്കുന്നുവെന്നും വ്യത്യസ്ത മേഖലകളിൽ എങ്ങനെ വിശകലനത്തിനായുപയോഗിക്കുന്നുവെന്നും മനസ്സിലാക്കണം... ഇത്തരത്തിൽ നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിച്ചു തുടങ്ങിയാൽ ഭാവി നിങ്ങളുടേതായിരിക്കും." ■

# റിസർവ് ബാങ്ക് വ്യാജമായി നിർമ്മിച്ച തൊഴിൽ വിവരങ്ങൾ

**കു**തിച്ചുയരുന്ന തൊഴിലില്ലായ്മ ജനജീവിതത്തിൽ നാശം വിതച്ചുകൊണ്ടിരിക്കുമ്പോൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, 2024 ജൂലൈ 8 ന് വിചിത്രമായ ഒരു റിപ്പോർട്ട് പുറത്തുവിട്ടിരിക്കുകയാണ്. ഭരണവൃത്തങ്ങളിൽനിന്നുള്ള നിർദ്ദേശമാകാം ഇതിനു പിന്നിൽ. വ്യവസായ തലത്തിലുള്ള ഉൽപ്പാദനക്ഷമത നിർണ്ണയിക്കൽ-ഇന്ത്യ ക്ലെംസ്(KLEMS) ഡാറ്റാബേസ് ആണിത്. (ക്ലെംസിലെ ഓരോ അക്ഷരവും യഥാക്രമം മൂലധനം, അദ്ധ്വാനം, ഊർജ്ജം, വിഭവങ്ങൾ, സേവനങ്ങൾ എന്നിവയെ സൂചിപ്പിക്കുന്നു) ഈ സ്ഥിതിവിവരക്കണക്ക് പ്രസ്താവിക്കുന്നു: "മൊത്തം ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ, തൊഴിലെടുക്കുന്നവരുടെ എണ്ണം 2024 സാമ്പത്തിക വർഷത്തിൽ 44.2 ശതമാനമായി വർദ്ധിച്ചിരിക്കുന്നു. 2023 സാമ്പത്തിക വർഷത്തിൽ അത് 34.7 ശതമാനമായിരുന്നു. തൊഴിൽ സേന, 16.8 കോടി വർദ്ധിച്ച് 64.33 കോടിയിലെത്തി. മാത്രമല്ല, തൊഴിലെടുക്കുന്നവരുടെ മൊത്തം എണ്ണം, 2023 സാമ്പത്തിക വർഷത്തിലെ 59.67 കോടി എന്ന അവസ്ഥയിൽനിന്ന് 4.66കോടിഅധികമായികൂട്ടിച്ചേർത്തുകൊണ്ട് 2024 സാമ്പത്തിക വർഷത്തിൽ 64.33 കോടിയായി വർദ്ധിച്ചു." ഈ കണക്കുകൾ സൃഷ്ടിക്കപ്പെട്ടത്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനി(EPFO)ലും നാഷണൽ പെൻഷൻ സിസ്റ്റ(NPS)ത്തിലും കൂട്ടിച്ചേർക്കപ്പെട്ട പുതിയ വരിക്കാരെ ആധാരമാക്കിയാണെന്നാണ് പ്രസ്താവിക്കപ്പെടുന്നത്. ബിജെപി ഗവണ്മെന്റും ഒരു പ്രസ്താവനയിലൂടെ ഇപ്രകാരം പറയുകയുണ്ടായി: "2020-21 കാലയളവിലെ കോവിഡ്-19 മഹാമാരി ഉണ്ടായിരുന്നിട്ടും, സാമ്പത്തിക വർഷം 2018നും 2022 നുമിടയിൽ പ്രതിവർഷം ശരാശരി രണ്ട് കോടിയിൽപ്പരം എന്ന തോതിൽ ഇന്ത്യ 8 കോടി തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്."*(ബിസിനസ് സ്റ്റാൻഡേർഡ്, 08-06-2024)* മറ്റു വാക്കുകളിൽ പറഞ്ഞാൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി 2014ൽ നൽകിയ വാഗ്ദാനത്തെ ന്യായീകരിക്കാനായി, പ്രതിവർഷം രണ്ട് കോടി തൊഴിലുകൾ സൃഷ്ടിച്ചുവെന്ന് ഗവണ്മെന്റ് പറഞ്ഞുവയ്ക്കുന്നു. എന്തുകൊണ്ടാണ് രണ്ട് കോടി തൊഴിലുകളുടെ സൃഷ്ടിയെപ്പറ്റിയുള്ള കണക്കുകൾ പെട്ടെന്ന് പൊട്ടിമുളച്ചത്? ഈ വിഷയത്തിന്മേൽ എന്തുകൊണ്ടാണ് ഗവണ്മെന്റ് ഇക്കാലമത്രയും മൗനമവലംബിച്ചത്? സിറ്റി ബാങ്ക് റിസർച്ച് ഗ്രൂപ്പിന്റെ സമീപകാലത്തെ ഒരു റിപ്പോർട്ടിനെ നേരിടാനാണ് യഥാർത്ഥത്തിൽ മേൽപ്പറഞ്ഞ സ്ഥിതിവിവരപ്പട്ടിക തയ്യാറാക്കിയത്. ആ റിസർച്ച് ഗ്രൂപ്പ് അനുമാനിക്കുന്നത്, "തൊഴിൽക്കമ്പോളത്തിൽ വന്നണയുന്ന പുതിയ ആളുകളെ ഉൾക്കൊള്ളുന്നതിന് വരുന്ന ഒരു ദശകക്കാലത്തേക്ക് പ്രതിവർഷം 1.2 കോടി തൊഴിലവസരങ്ങൾ ഇന്ത്യ സൃഷ്ടിക്കേണ്ടതായുണ്ട്. 7 ശതമാനം എന്ന വളർച്ചാ നിരക്ക് പ്രകാരം, ഇന്ത്യയ്ക്ക് 0.8-0.9 കോടി തൊഴിലുകൾ മാത്രമേ പ്രതിവർഷം സൃഷ്ടിക്കാനാവൂ... മൊത്തം ആഭ്യന്തരോല്പാദനത്തിൽ കാർഷിക രംഗത്തിന്റെ വിഹിതം 20 ശതമാനം മാത്രമേയുള്ളൂവെങ്കിലും, തൊഴിൽ സേനയുടെ 46 ശതമാനവും ഈ രംഗത്താണ് പണിയെടുക്കുന്നത്. 2018ലേതിനേക്കാൾ കുറവായ 11.4 ശതമാനമാണ് നിർമ്മാണവ്യവസായ രംഗത്തെ മൊത്തം തൊഴിലുകൾ."കൂടാതെ, "വ്യവസ്ഥാപിത രംഗത്ത് കോവിഡ് മഹാമാരിക്കു മുമ്പുള്ളതിനേക്കാൾ കുറച്ച് ആളുകൾ മാത്രമാണ് പണിയെടുക്കുന്നത് - 2023ൽ അതിന്റെ വിഹിതം, 18 വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിലവാരമായ, 25.7 ശതമാനമായിരുന്നു." തീർന്നില്ല, "ഇന്ത്യയിലെ തൊഴിൽ സേനയിലെ 21 ശതമാനത്തിന്, അതായത്12.2 കോടി പേർക്ക്, മാത്രമാണ് വേതനമോ കൂലിയോ ലഭിക്കുന്ന ജോലിയുള്ളത്, മഹാമാരിക്കു മുമ്പ് അത് 24 ശതമാനമായിരുന്നു. ഇന്ത്യയിലെ 58.2 കോടി തൊഴിലാളികളിൽ പകുതിയിലേറെ ആളുകളും സ്വയം തൊഴിൽ ചെയ്യുന്നവരാണെന്ന് വസ്തുതകൾ വെളിപ്പെടുത്തുന്നു."

2023-24ൽ തൊഴിൽവളർച്ചാ നിരക്ക് 6 ശതമാനമാണെന്നും റിസർവ് ബാങ്ക് റിപ്പോർട്ട് കണക്കാക്കുന്നു, 2022-23ൽ രേഖപ്പെടുത്തിയ 3.2 ശതമാനത്തേക്കാൾ ഉയർന്നതാണിത്. എന്നു മാത്രമല്ല, 2023-24 സാമ്പത്തിക വർഷത്തിൽ ഏകദേശം 4.7 കോടി തൊഴിലുകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ടത്രെ. അത്ഭുതകരം! സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി(CMIE) പറയുന്നതു പ്രകാരമാണെങ്കിൽ, "2024 മേയിൽ തൊഴിൽരാഹിത്യ നിരക്ക് 9.2 ശതമാനമാണ്. അത് എട്ടു മാസത്തിലെ ഏറ്റവും ഉയർന്നതാണ്. 20-24 വയസ് പ്രായമുള്ളവരിൽ തൊഴിൽ രാഹിത്യ നിരക്ക് 40 ശതമാനത്തിന് മുകളിലാണ്." അന്തർദേശീയ ലേബർ ഓർഗനൈസേഷനും(ILO) ഹ്യൂമൻ ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും(IHD) സംയുക്തമായി പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടുപ്രകാരം, അഭ്യസ്തവിദ്യരായ(കുറഞ്ഞപക്ഷം സെക്കണ്ടറി വിദ്യാഭ്യാസമെങ്കിലും ലഭിച്ച) യുവാക്കളിൽ തൊഴിൽ രഹിതരായിട്ടുള്ളവരുടെ അനുപാതം 2000-ാമാണ്ടിൽ 35.2 ശതമാനമായിരുന്നത് 2022ൽ 65.7 ശതമാനമായി, അതായത് ഏകദേശം രണ്ടിരട്ടി. തൊഴിൽരഹിതരായ ജനങ്ങളുടെ83ശതമാനത്തെപ്രതിനിധീകരിക്കുന്ന വിഭാഗമായ ഇന്ത്യയിലെ യുവജനങ്ങൾ ഉയരുന്ന തൊഴിലില്ലായ്മ നിരക്കുകളിൽ കുടുങ്ങിക്കിടക്കുന്ന അവസ്ഥ തുടരുകയാണെന്ന് റിപ്പോർട്ട് കൂട്ടിച്ചേർക്കുന്നു. കൂടാതെ, 2019നു ശേഷം, സ്ഥിരം തൊഴിലാളികളുടെയും സ്വയം തൊഴിലിലേർപ്പെടുന്നവരുടെയും യഥാർത്ഥ വരുമാനം നഷ്ടപ്പെടുന്ന പ്രവണത കാട്ടുകയാണ്. അങ്ങനെ, കൂലി സ്തംഭിക്കുകയോ കുറയുകയോ ചെയ്യുന്നത് വ്യാപകമായി തുടരുന്നു. 2022ൽ, നിയമപ്രകാരമുള്ള മിനിമം കൂലി ഗണ്യമായ ഒരു വിഭാഗം അവിദഗ്ദ്ധ താൽക്കാലിക തൊഴിലാളികൾക്കും ലഭിച്ചില്ല. *(മിന്റ്, 27-03-2024)*

ഇന്ത്യയിലെ തൊഴിലില്ലായ്മ പ്രശ്നത്തിന്റെ ഗൗരവം ഏതാനും ദൃഷ്ടാന്തങ്ങളിലൂടെ അളക്കാനാവും. "ലാൻഡ് സർവേയർമാർ, തൊഴിൽസംബന്ധ രോഗചികിത്സകർ, സ്റ്റെറിലൈസർ ടെക്നീഷ്യൻ, ഗ്രാഫിക് ഡിസൈനർ, മെഷീൻ ഓവർസിയർ, വയർമാൻ, ജൂനിയർ പ്രോസസ്സ് അസിസ്റ്റന്റ് എന്നീ തസ്തികകൾക്കായുള്ള 1,258 ക്ലാസ്-3 ഗവണ്മെന്റ് ജോലികൾക്കുവേണ്ടി 2023 നവംബറിൽ വന്ന പരസ്യത്തെ തുടർന്ന് ഗുജറാത്ത് സബോർഡിനേറ്റ് സർവ്വീസ് സെലക്ഷൻ ബോർഡിന് ലഭിച്ചത് ഏതാണ്ട് 5.5 ലക്ഷം അപേക്ഷകളാണ്."*(ടൈംസ് ഓഫ് ഇന്ത്യ, 23-02-2024)* "യുപി പോലീസിലെ 60,244 കോൺസ്റ്റബിൾ തസ്തികകളിലെ റിക്രൂട്ട്മെന്റിനുവേണ്ടി 2023 ഡിസംബർ 27 മുതൽ 2024 ജനുവരി 12 വരെ 50 ലക്ഷത്തിൽപ്പരം യുവാക്കളാണ് ഓൺലൈനായി അപേക്ഷ നൽകിയത്."*(ഇക്കണോമിക് ടൈംസ്, 21-01-2024)* 2018ൽപ്പോലും "12,206 ക്ലാസ് -3 ജോലികൾക്കായി അപേക്ഷിച്ചത് 37.7 ലക്ഷത്തോളം യുവാക്കളാണ്. ഇവയിൽ, വെറും 1,800 പഞ്ചായത്ത് കണക്കപ്പിള്ളമാരുടെ പ്രവേശനത്തിനായി 19 ലക്ഷം പേരാണ് അപേക്ഷിച്ചത്, 9713 പോലീസ് കോൺസ്റ്റബിൾ ജോലിക്കായി 8.76 ലക്ഷമാളുകളും 334 ഫോറസ്റ്റ് ബീറ്റ് ഗാർഡ് തസ്തികയിലേക്ക് 4.84 ലക്ഷമാളുകളും അപേക്ഷിച്ചു. *(ടൈംസ് ഓഫ് ഇന്ത്യ, 29-11-2018)*. ബജറ്റിനു മുന്നോടിയായി തെരഞ്ഞെടുക്കപ്പെട്ട സാമ്പത്തിക വിദഗ്ദ്ധരുമായി പ്രധാനമന്ത്രി മോദി രഹസ്യസംഭാഷണം നടന്ന ദിവസം, ഗുജറാത്തിലെ ഭാറൂച്ച് എന്ന സ്ഥലത്ത് ഒരു സ്വകാര്യ എഞ്ചിനിയറിംഗ് കോളേജിലെ വെറും 10 തസ്തികയിലേക്ക് 1800 ഉദ്യോഗാർത്ഥികൾ തടിച്ചുകൂടി. തൽഫലമായി ഇരുമ്പു കമ്പിവേലി തകരുകയും ആറു പേർക്ക് പരുക്കേൽക്കുകയും ചെയ്തു *(ABP, 12-07-2024)*. *പ്രോലിറ്റേറിയൻ ഇറ*യിൽ മുമ്പ് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതു പോലെ, താണ തരം ജോലികൾക്കുവേണ്ടി പ്രത്യേക ഉഭയകക്ഷി ഉടമ്പടി പ്രകാരം സ്വകാര്യ ഏജൻസികൾ ഇടനിലക്കാരായി നിന്നുകൊണ്ട് രാജ്യത്തെ തൊഴിൽ രഹിതരായ യുവാക്കളെ റഷ്യ, ഇസ്രയേൽ, തായ്‌വാൻ, ഇറ്റലി എന്നീ രാജ്യങ്ങളിലേക്ക് അയയ്ക്കുകയാണ്. 2018ൽ, ഒരു ഇന്റർവ്യൂവിൽ, ഇന്ത്യയിലെ തൊഴിൽ പ്രതിസന്ധിയെക്കുറിച്ചുള്ള ഒരു ചോദ്യത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നൽകിയ മറുപടി ഇപ്രകാരമായിരുന്നു: "ആരെങ്കിലും നിങ്ങളുടെ ഓഫീസിനു മുന്നിൽ ഒരു തട്ടുകട തുടങ്ങിയാൽ, അത് തൊഴിൽ ലഭ്യതയായി ഗണിക്കപ്പെടില്ലേ? ആ മനുഷ്യന്റെ 200 രൂപ പ്രതിദിന വരുമാനം ഒരു രജിസ്റ്ററിലോ കണക്കിലോ ഒരിക്കലും വരില്ല. വൻതോതിൽ ആളുകൾക്ക് തൊഴിൽ ലഭിച്ചുകൊണ്ടിരിക്കുകയാണ് എന്നതാണ് സത്യം".*(ദി വയർ, 14-10-2021)* വൻതോതിൽ പുതുതായി തൊഴിൽ സൃഷ്ടിക്കപ്പെടുന്നു എന്ന ഔദ്യോഗിക വാദം ഉയർത്തപ്പെടുമ്പോൾ, രാജ്യത്തെ തൊഴിലില്ലായ്മയുടെ "അരുണാഭമായ ചിത്രം" അപ്രകാരമാണ്.

മറ്റൊരു വശത്തുകൂടി ഈ വിഷയത്തെ നോക്കുക. 2015-16 നും 2022-23നുമിടയിൽ 63 ലക്ഷം അസംഘടിത സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെടുകയും അതേത്തുടർന്ന് 1.6 കോടി തൊഴിലുകൾ നഷ്ടപ്പെടുകയും ചെയ്തുവെന്ന് അനുമാനിക്കപ്പെടുന്നു. 2016നും 2023 നും ഇടയിൽ ബാഹ്യദൃശ്യമായ സാമ്പത്തിക ആഘാതങ്ങളുടെ സഞ്ചിത സമ്മർദ്ദം ഇന്ത്യൻ സമ്പദ്ഘടനയെ 11.3 ലക്ഷം കോടി രൂപയുടെ നഷ്ടത്തിലേക്ക് നയിച്ചതായി അനുമാനിക്കപ്പെടുന്നു എന്ന് ഇന്ത്യാ റേറ്റിംഗ്സ്&റിസർച്ച് എന്ന റേറ്റിംഗ് ഏജൻസി പറയുന്നു. അസംഘടിത മേഖലയിലെ 1.6 കോടി തൊഴിൽ നഷ്ടത്തിനു പുറമേയാണിത്. *(സ്ക്രോൾ.ഇൻ, 10-07-2024)*

യഥാർത്ഥത്തിൽ, നോട്ടു നിരോധനവും ജിഎസ്ടി നടപ്പാക്കലും കോവിഡ് മഹാമാരിയും പോലുള്ള സാമ്പത്തിക ആഘാതം മൂലം, ഇന്ത്യയുടെ നിർമ്മാണ വ്യവസായ രംഗം, സംഘടിത മേഖലയിലും അസംഘടിത മേഖലയിലും ഒരേപോലെ, തൊഴിൽ സൃഷ്ടിയുടെ കാര്യത്തിൽ വളരെ പിന്നിലാണ്. ആ രംഗത്ത് തൊഴിലാളികളുടെ എണ്ണം 2022-23ൽ 3.06 കോടിയാണ്. 2015-16ൽ അത് 3.60 കോടി ആയിരുന്നു. അതായത്, ഇക്കാലയളവിൽ, ഡീമോണിറ്റൈസേഷന്റെയും ജിഎസ്ടിയുടെയും കോവിഡ്-19 ന്റെയും ഒരുമിച്ചുള്ള ആഘാതം മൂലം, 54 ലക്ഷം തൊഴിലാളികളുടെ കുറവ് ഉണ്ടായി. *(ദ ഹിന്ദു, 09-07-2024)*

ഇന്ത്യാ റേറ്റിംഗ്സ് ആന്റ് റിസർച്ചി(ഇൻഡ്-റാ)ന്റെ വിശകലനത്തിൽ കാണുന്നത്, അസംഘടിത മേഖലയിൽ "2022-23ൽ സ്ഥാപനങ്ങളുടെ എണ്ണം 6.5 കോടിയായിരുന്നു, 2015-16നെ അപേക്ഷിച്ച് വെറും 20 ലക്ഷം കൂടുതൽ. എന്നാൽ, 2010-11നും 2015-16 നുമിടയിൽ 57 ലക്ഷം അസംഘടിത സ്ഥാപനങ്ങളുടെ വർദ്ധനവ് ഉണ്ടായിരുന്നു."*(ദ പ്രിന്റ്, 10-07-2024)*

"അതുപോലെ, 2015-16 ലേതിനു സമാനമായി അസംഘടിത മേഖലയിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ഓരോ സ്ഥാപനവും 1.8 ആളുകളെ തൊഴിലെടുക്കാൻ നിയോഗിച്ചിരുന്നുവെന്ന് കരുതിയാൽ, അതുപ്രകാരം, തൊഴിലെടുക്കുന്നവരുടെ എണ്ണം 12.53 കോടിയാകുമായിരുന്നു." "മറ്റു വാക്കുകളിൽ പറഞ്ഞാൽ, 63 ലക്ഷം അസംഘടിത സ്ഥാപനങ്ങളുടെ കുറവും 1.6 കോടി(160 ലക്ഷം) തൊഴിലുകളുടെ നഷ്ടവും 2015-16നും 2022-23നുമിടയിലുള്ള കാലയളവിൽ സംഭവിച്ചിരിക്കുന്നു. *(ദ പ്രിന്റ്, 10-07-2024)* ഇൻഡ്-റായുടെ വിശകലനം വീണ്ടും ചൂണ്ടിക്കാണിക്കുന്നത്, "കാർഷികേതര അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം 2022-23ൽ 10.96 കോടി ആയിരുന്നു. 'ആഘാതത്തിനു മുമ്പുള്ള' കാലയളവായ 2015-16ൽ ഈ മേഖലയിൽ പണിയെടുത്തിരുന്നവരുടെ എണ്ണത്തേക്കാൾ (11.13 കോടി) കുറവാണിത്." നിർമ്മാണ വ്യവസായരംഗത്തെ തൊഴിൽ നഷ്ടമാണ് മുഖ്യമായും ഇതിനു കാരണമെന്ന് റിപ്പോർട്ട് പറയുന്നു. ഇത് സൂചിപ്പിക്കുന്നത്, നോട്ടുനിരോധനവും ജിഎസ്ടിയും കോവിഡ് മഹാമാരിയും തൊഴിൽ സൃഷ്ടിയുടെ കാര്യത്തിൽ സ്ഥിരമായ ക്ഷതമേല്പിച്ചു എന്നാണ്. ഇത് സുവ്യക്തമായും തെളിയിക്കുന്നത്, രണ്ട് കോടി തൊഴിലുകൾ പ്രതിവർഷം സൃഷ്ടിച്ചുവെന്ന റിസർവ്വ് ബാങ്കിന്റെ അവകാശവാദം തീർത്തും അടിസ്ഥാനരഹിതമാണെന്നാണ്. വ്യാജമായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതുവഴി, യഥാർത്ഥത്തിൽ, മുൻനിര സ്ഥാപനമെന്ന നിലയിൽ ആ സ്ഥാപനത്തിനുള്ള ബഹുമാന്യത അട്ടിമറിക്കപ്പെടുകയുമാണ്.

തൊഴിലില്ലായ്മ പ്രശ്നം സാധാരണ സ്വഭാവത്തിലുള്ള ജോലികളിൽ മാത്രമൊതുങ്ങുന്നതല്ല. ഈ വർഷം മൊത്തം 23 ഐഐടികളിലുമായി7000ത്തിൽമുകളിൽഐഐടി വിദ്യാർത്ഥികൾ കാമ്പസ് നിയമനം വഴി അവസരം ലഭിക്കാതെ നിൽക്കുകയാണ്. രണ്ട് വർഷംമുമ്പ് ഇപ്രകാരം അവസരം ലഭിക്കാതിരുന്നവരുടെ എണ്ണം ഏതാണ്ട് പകുതിയായിരുന്നു, 3400 പേർ. നിയമനം ലഭിക്കുന്നവരുടെ എണ്ണം 1.2 മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. എന്നാൽ, ലഭിക്കാത്തവരുടെ എണ്ണം 2 മടങ്ങാണ്. *(ഇക്കണോമിക് ടൈംസ്, 23-05-2024)* 16,400 വിദ്യാർത്ഥികൾക്ക് ഉദ്യോഗനിയമനം രജിസ്റ്റർ ചെയ്യപ്പെടുകയും, 6050 പേർക്ക് (37 ശതമാനം) തൊഴിൽ രഹിതരായി തുടരുകയും ചെയ്യുന്നു. നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മയുടെ ഭീകര ചിത്രമാണിത്. എന്നാൽ ഗവണ്മെന്റും അതിനുമുന്നിൽ നട്ടെല്ലു വളയ്ക്കുന്ന സ്ഥാപനങ്ങളും യാഥാർത്ഥ്യത്തെ മൂടിവയ്ക്കാനായി മറിമായത്തിന്റെ സദ്യയൊരുക്കാൻ വിഫലശ്രമം നടത്തുകയാണ്. ■

# കർഷക പ്രക്ഷോഭം പുനരുജ്ജീവിപ്പിക്കാൻ സംയുക്ത കിസാൻ മോർച്ച

സംയുക്ത കിസാൻ മോർച്ച(എസ്കെഎം)യുടെ ജനറൽ ബോഡി യോഗം 2024 ജൂലൈ 10ന് ഡൽഹിയിൽ നടന്നു. ഡോ. അശോക് ധവാലെ, ഡോ.ദർശൻ പാൽ, യുധ്വീർ സിംഗ്, ബൽബീർ സിംഗ് രാജേവൽ, രേവുല വെങ്കയ്യ, മേധാ പട്കർ, സത്യവാൻ, റുൽദു സിംഗ് മാൻസ, ഡോ. സുനിലം, അവിക് സാഹ, ഡോ. ആശിഷ് മിത്തൽ, തജീന്ദർ സിംഗ് വിർക്ക്, കൻവർജിത് സിംഗ് എന്നിവരായിരുന്നു ജനറൽ ബോഡിയുടെ പ്രസീഡിയത്തിൽ ഉണ്ടായിരുന്നത്. ഹന്നൻ മൊള്ള സ്വാഗതം ആശംസിച്ചു. 17 സംസ്ഥാനങ്ങളിൽ നിന്നുള്ള 143 പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. ബിജെപിയുടെ വർഗീയ, കോർപ്പറേറ്റ് അനുകൂല പ്രചരണങ്ങളെ ചെറുക്കുന്നതിനുവേണ്ടി, അതിനു ബദലായി കർഷകരുടെ നീറുന്ന ജീവൽപ്രശ്നങ്ങളെ വിജയകരമായി മുന്നോട്ട് വെച്ചുകൊണ്ട് 'ചാർ സൗ(400) പാർ' എന്ന ബിജെപിയുടെ ലക്ഷ്യത്തെ പൊളിച്ചതിന് ഇന്ത്യയിലുടനീളമുള്ള കർഷകരെയും തൊഴിലാളികളെയും യോഗം അഭിനന്ദിച്ചു. 63 സീറ്റുകൾ നഷ്ടപ്പെട്ട ബിജെപിക്ക് 240 സീറ്റുകൾ മാത്രമേ നേടാനായുള്ളൂ. പാർലമെന്റിൽ കഴിഞ്ഞ പത്തു വർഷത്തിലാദ്യമായി ബിജെപിക്ക് കേവല ഭൂരിപക്ഷം ഇല്ലാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്.

'ബിജെപിയെ തുറന്നുകാട്ടുക, എതിർക്കുക, ശിക്ഷിക്കുക' എന്ന എസ്കെഎം പ്രചാരണം കർഷക പ്രസ്ഥാനം വ്യാപകവും സജീവവുമായ ഇടങ്ങളിലെല്ലാം വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ള 38 ഗ്രാമീണ ലോക്സഭാ സീറ്റുകളിൽ ബിജെപിയുടെ പരാജയവും, യുപിയിലെ ലഖിംപൂർ ഖേരിയിൽ അന്നത്തെ കേന്ദ്രമന്ത്രിമാരായ അജയ് മിശ്ര തേനിയും (കർഷകരുടെ കശാപ്പുകാരൻ) ജാർഖണ്ഡിലെ ഖുന്തിയിൽ അർജ്ജുൻ മുണ്ടയും (കൃഷി മന്ത്രി) പരാജയപ്പെട്ടത് കർഷക സമരത്തിന്റെ ആഘാതം വെളിപ്പെടുത്തുന്നു. ഗ്രാമീണ ആധിപത്യമുള്ള 159 മണ്ഡലങ്ങളിൽ ബിജെപി പരാജയപ്പെട്ടു.

ഉപജീവന പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സമരത്തിന്റെ തുടർച്ചയും, തീവ്രതയും വലിയൊരു വിഭാഗം ജനങ്ങളിൽ ആത്മവിശ്വാസം പകരുകയും മാധ്യമങ്ങളെ സ്വാധീനിക്കുകയും, പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളെ ഒന്നിപ്പിക്കാനും ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യ, മതേതര, ഫെഡറൽ തത്വങ്ങളെയും സംവരണത്തെയും സംരക്ഷിക്കുന്നതിനുള്ള ആവശ്യകതയെ ഉയർത്തിക്കാട്ടാനും സഹായിച്ചു. പാർലമെന്റ് തിരഞ്ഞെടുപ്പിൽ രാജസ്ഥാനിലെ സിക്കറിൽ നിന്നുള്ള കർഷക നേതാക്കളായ അമ്രാറാം, ബിഹാറിലെ കാരക്കാട്ടിൽ നിന്നുള്ള രാജാറാം സിംഗ്, ബിഹാറിലെ അരായിൽ നിന്നുള്ള സുദാമ പ്രസാദ്, തമിഴ്നാട്ടിലെ ദിണ്ടിഗലിൽ നിന്നുള്ള ആർ.സച്ചിതാനന്ദം എന്നിവരുടെ വിജയത്തെ ജനറൽ ബോഡി അഭിനന്ദിച്ചു.

ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാരിന്റെ കോർപ്പറേറ്റ് അനുകൂല നയങ്ങളിൽ മാറ്റം വരുമെന്ന വ്യാമോഹത്തിന്റെ ആവശ്യമില്ല എന്ന നിഗമനത്തിലാണ് ജനറൽ ബോഡി എത്തിയത്. കടുത്ത ദുരിതങ്ങളും വ്യാപകമായ കടബാധ്യതയും തൊഴിലില്ലായ്മയും വിലക്കയറ്റവും നേരിടുന്ന ജനങ്ങൾക്ക് ആശ്വാസം പകരാൻ, കർഷകരും, കർഷകത്തൊഴിലാളികളും, സംഘടിതരും അസംഘടിതരുമായ തൊഴിലാളികളുമായുള്ള സംയുക്ത സമരങ്ങളെ ഊർജ്ജിതപ്പെടുത്തേണ്ടത് പരമ പ്രധാനമാണ്. 2021 ഡിസംബർ 9ന് കേന്ദ്രസർക്കാർ എസ്കെഎമ്മുമായി ഉണ്ടാക്കിയ കരാർ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭം പുനഃരാരംഭിക്കാൻ ജനറൽ ബോഡി തീരുമാനിച്ചു. എല്ലാ വിളകൾക്കും സംഭരണത്തോടൊപ്പം നിയമപരമായി ഉറപ്പുനൽകുന്ന MSP@ C2+50%, വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണവും പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകളും ഉപേക്ഷിക്കാനുള്ള ആവശ്യങ്ങൾ, ചരിത്രപ്രസിദ്ധമായ കർഷക സമരത്തിനിടെ മരിച്ച രക്തസാക്ഷികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, കർഷക പ്രക്ഷോഭവുമായി ബന്ധപ്പെട്ട എല്ലാ കേസുകളും പിൻവലിക്കുക, കച്ചി കുറ്റികൾ കത്തിച്ചതുമൂലമുള്ള ക്രിമിനൽ ബാധ്യതയിൽനിന്ന് മലിനീകരണ നിയന്ത്രണ നിയമം ഭേദഗതി ചെയ്ത് കർഷകരെ മോചിപ്പിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉൾക്കൊള്ളുന്നതാണ് ഈ കരാർ. ഡൽഹി അതിർത്തികളിൽ 2020 നവംബർ 26 മുതൽ 2021 ഡിസംബർ 11 വരെ 384 ദിവസങ്ങൾ നീണ്ട വിട്ടുവീഴ്ചയില്ലാത്ത സമരത്തിൽ പങ്കെടുത്ത - 736 രക്തസാക്ഷികളുടെ പരമോന്നത ത്യാഗത്തിനും, ലക്ഷക്കണക്കിന് കർഷകരുടെ ദുരിതങ്ങൾക്കും ശേഷം ഉണ്ടാക്കിയ കരാർ ലംഘിച്ചതിന് ബിജെപി നേതൃത്വത്തിലുള്ള എൻഡിഎയുടെ കർഷക വിരുദ്ധ സർക്കാരിനെ ജനറൽ ബോഡി യോഗം ശക്തമായി അപലപിച്ചു.

പുതിയ സമരത്തിന്റെ ഭാഗമായി, എസ്കെഎം എല്ലാ പാർലമെന്റ് അംഗങ്ങൾക്കും (ലോക്സഭയും രാജ്യസഭയും) പുതുക്കിയ ഡിമാൻഡ് ചാർട്ടർ സമർപ്പിക്കും. എസ്കെഎം സംസ്ഥാന നേതൃത്വത്തിന്റെ ഒരു പ്രതിനിധി സംഘം 2024 ജൂലൈ 16, 17, 18 തീയതികളിൽ അവരെ നേരിട്ട് കാണുകയും ആവശ്യങ്ങൾ ഉടനടി അംഗീകരിക്കാൻ എൻഡിഎ സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ അഭ്യർത്ഥിക്കുകയും ചെയ്യും. എസ്കെഎം നേതൃത്വം പ്രധാനമന്ത്രിയോടും പ്രതിപക്ഷ നേതാവിനോടും കൂടിക്കാഴ്ച തേടുകയും ആവശ്യങ്ങളുടെ മെമ്മോറാണ്ടം അവർക്ക് സമർപ്പിക്കുകയും ചെയ്യും.

പ്രക്ഷോഭപരിപാടികൾപ്രഖ്യാപിക്കാൻ ജൂലൈ 11ന് പത്രസമ്മേളനം നടത്തി. 2024 ആഗസ്റ്റ് 9ന്, ഡിമാൻഡുകളെ പിന്തുണച്ച് രാജ്യത്തുടനീളം പ്രതിഷേധ പ്രകടനങ്ങൾ നടത്തി എസ്കെഎം 'കോർപ്പറേറ്റുകൾ, ക്വിറ്റ് ഇന്ത്യാ ദിനം' ആയി ആചരിക്കും. കാർഷിക ഉൽപ്പാദനത്തിലും വ്യാപാരത്തിലും ഇന്ത്യ ഡബ്ല്യുടിഒയിൽ നിന്ന് പുറത്തുവരണമെന്നും എംഎൻസി വേണ്ടെന്നുമുള്ള ആവശ്യം കർഷകർക്കിടയിൽ പ്രചരിപ്പിക്കും. എസ്കെഎമ്മിന്റെ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റികളാണ് ക്യാമ്പയിന്റെ രൂപം തീരുമാനിക്കുക.

2024 ആഗസ്റ്റ് 17ന്, കടുത്ത ജലക്ഷാമം ഉടൻ പരിഹരിക്കുക, കടബാധ്യത കുറയ്ക്കുക, റോഡ് മുഖേനയുള്ള ഇന്ത്യ-പാകിസ്ഥാൻ വ്യാപാരം തുറക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരുടെയും വസതികൾക്ക് മുന്നിൽ എസ്കെഎം പഞ്ചാബ് യൂണിറ്റ് 3 മണിക്കൂർ പ്രതിഷേധം ആചരിക്കും. പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാരിന്റെ അധികാര, വിഭവ കേന്ദ്രീകരണ നയത്തിനെതിരെ പഞ്ചാബിന്റെ ഫെഡറൽ ആവശ്യങ്ങളും ഉയർത്തും. ജലക്ഷാമം, കൃഷിയെ ബാധിക്കുന്ന കാലാവസ്ഥാ വ്യതിയാനം, ജലം, ഭൂമി, വനം, ധാതുക്കൾ എന്നിവയുൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങളെ വിൽപ്പനച്ചരക്കുകളാക്കുന്നതിനെതിരെയും അന്നേ ദിവസം എസ്കെഎം എല്ലാ സംസ്ഥാനങ്ങളിലും വലിയ സെമിനാറുകൾ സംഘടിപ്പിക്കും.

വരാനിരിക്കുന്ന അസംബ്ലി തിരഞ്ഞെടുപ്പിൽ, ബിജെപിയെ തുറന്നുകാട്ടാനും, എതിർക്കാനും ശിക്ഷിക്കാനുമുള്ള എസ്കെഎമ്മിന്റെ ആവശ്യങ്ങളെ അടിസ്ഥാനമാക്കി, ഹരിയാന, മഹാരാഷ്ട്ര, ജാർഖണ്ഡ്, ജമ്മു-കശ്മീർ സംസ്ഥാനങ്ങളിലെ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റികൾ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കർഷകർക്കിടയിൽ സ്വതന്ത്രവും ബൃഹത്തായതുമായ പ്രചാരണം ഉറപ്പാക്കുകയും ചെയ്യും. സംസ്ഥാന യൂണിറ്റുകൾ ട്രേഡ് യൂണിയനുകളുമായും മറ്റ് ബഹുജന-വർഗ സംഘടനകളുമായും ഏകോപനം സാദ്ധ്യമാക്കാനുള്ള വഴികൾ ആരായുകയും, വാഹന ജാഥകൾ, പദയാത്രകൾ, മഹാപഞ്ചായത്തുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യും.

തങ്ങളുടെ സംസ്ഥാനത്തെ കർഷകരുടെ നീറുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും, കേന്ദ്ര പ്രവർത്തന പരിപാടികൾക്കൊപ്പം അവരുടെ തനതായ പ്രക്ഷോഭ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി എല്ലാ സംസ്ഥാനങ്ങളിലും എസ്കെഎം സംസ്ഥാന ഏകോപന സമിതി യോഗങ്ങൾ ഉടൻ ചേരും. തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, സ്ത്രീകൾ, മറ്റ് ബഹുജന വിഭാഗങ്ങൾ എന്നിവരുടെ കേന്ദ്ര ട്രേഡ് യൂണിയനുകളുമായും സംഘടനകളുമായും ഏകോപന യോഗം വിളിക്കും. ■



പത്തനംതിട്ട ജില്ലയിലെ കുമ്പനാട് ബിറ്റുമിൻ പ്ലാന്റിൽ ലോഡ് കയറ്റി വന്ന ലോറികൾ തടഞ്ഞ സമരസമിതി പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്തു നീക്കുന്നു.



അഖിലേന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി കോട്ടയത്ത് വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക കേന്ദ്രത്തിൽ 'നാലുവർഷ ബിരുദം പരിപാടി: ആഘാതവും പ്രത്യാഘാതവും' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. ഡോ.രാജേഷ് കോമത്ത്, ഡോ.മനോജ് കുറൂർ, എം.ഷാജർഖാൻ എന്നിവർ ചർച്ച നയിച്ചു. പ്രൊഫ. പി.എൻ.തങ്കച്ചൻ, ലക്ഷ്മിപ്രഭ സ്നേഹലത, പി.ജെ. തോമസ്, ഒ.അരുൺകുമാർ, ജസ്റ്റിൻ പി. ജയിംസ്, ഡോ.റോസ് ലിജിയ, രലേഷ് ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.



കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെയും, പരിസ്ഥിതി സംഘടനകളുടെയും ആഭിമുഖ്യത്തിൽ കൊട്ടാരക്കര താലൂക്ക് ഓഫീസിനു മുന്നിൽ വയനാട് ദുരന്തത്തിൽ മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടുനടന്ന യോഗം കവി ഇഞ്ചക്കാട് ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.



ആഗസ്റ്റ് 4ന് ചങ്ങനാശ്ശേരിയിൽനടന്ന കേരള സ്റ്റേറ്റ് ആട്ടോറിക്ഷാതൊഴിലാളി സെന്റർ സംസ്ഥാന സമ്മേളനം എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ. സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.



ആഗസ്റ്റ് 11 ഖുദിറാം രക്തസാക്ഷിത്വദിനത്തോടനുബന്ധിച്ച് കോട്ടയത്ത് നടന്ന ഖുദിറാം അനുസ്മരണസമ്മേളനത്തിൽ എഐഡിവൈഒ കോട്ടയം ജില്ലാ സെക്രട്ടറി വി.അരവിന്ദ് പ്രസംഗിക്കുന്നു.

UNITY Malayalam Monthly 2024 August Price: Rs. 10.00

## ആർ.ജി. കാർ: പിജി ഡോക്ടറുടെ കൊലപാതകം

# രാജ്യമെമ്പാടും പ്രതിഷേധം അലയടിക്കുന്നു

### എസ്‌യുസിഐ(സി)ആഹ്വാനം ചെയ്ത 12 മണിക്കൂർ ബംഗാൾ ബന്ദ് സമ്പൂർണ്ണം

**ആ**ഗസ്റ്റ് 9ന് കൽക്കത്ത ആർ.ജി. കാർ സർക്കാർ മെഡിക്കൽ കോളജിലെ പിജി ട്രയിനി ഡോക്ടർ ഡ്യൂട്ടിക്കിടയിൽ ബലാത്ക്കാരത്തിനിരയായി കൊല്ലപ്പെട്ട സംഭവം അങ്ങേയറ്റം അപലപനീയമാണ്. 36 മണിക്കൂർ തുടർച്ചയായി ഡ്യൂട്ടിയിലായിരുന്ന ചെസ്റ്റ് മെഡിസിൻ ട്രയിനിയായ ഡോക്ടർ, രാത്രി രണ്ടുമണിക്ക് സഹപ്രവർത്തകർക്കൊപ്പം ഭക്ഷണം കഴിച്ച്, വിശ്രമിക്കാൻ പ്രത്യേകം ഓൺ കാൾ റൂമില്ലാത്തതിനാൽ സെമിനാർ ഹാളിൽ വിശ്രമിക്കാൻ നിർബന്ധിതയായി. പിറ്റേന്ന് രാവിലെ സെമിനാർ ഹാളിൽ കാണപ്പെട്ടത് ഡോക്ടറുടെ മൃതദേഹമാണ്. ക്രൂരമായ ബലാത്ക്കാരത്തിന്റെയും കൊലപാതകത്തിന്റെയും സൂചനകളാണ് പ്രാഥമിക പോസ്റ്റ് മോർട്ടം റിപ്പോർട്ട് പുറത്തു വിട്ടിരിക്കുന്നത്. ഡോക്ടറുടെ മരണം ആത്മഹത്യയാണ് എന്ന് വീട്ടുകാരെ തെറ്റിദ്ധരിപ്പിച്ചത്, മൂന്നുമണിക്കൂറോളം മകളുടെ മൃതദേഹം മാതാപിതാക്കളെ കാണിക്കാതിരുന്നത്, ആശുപത്രി മാനേജ്മെന്റിന്റെ പ്രതികരണങ്ങൾ, സംഭവത്തിൽ അറസ്റ്റിലായിരിക്കുന്ന പ്രതി ആശുപത്രിയിലെ സ്ഥിരം സാന്നിദ്ധ്യമാണെന്നത്, മെഡിക്കൽ കോളജിനുമുന്നിലെ സമരപന്തൽ അടിച്ചുതകർത്തത്, പ്രതിഷേധത്തിന്റെ മറവിൽ ആശുപത്രിയിലെ അത്യാഹിതവിഭാഗവും നഴ്സിംഗ് സ്റ്റേഷനും അടിച്ചുതകർത്തത് ഇതെല്ലാം സംഭവത്തെക്കുടുതൽ ദുരൂഹമാക്കുന്നു. അഴിഞ്ഞാടിയ അക്രമിസംഘത്തിന്റെ ലക്ഷ്യം മൃതദേഹം കാണപ്പെട്ട സെമിനാർ ഹാളായിരുന്നുവെന്ന് ജീവനക്കാരെ ഉദ്ധരിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. തീർത്തും സുരക്ഷിതമല്ലാത്ത തൊഴിലിടങ്ങളായി ആശുപത്രികൾ മാറിയിരിക്കുന്നു, വിശേഷിച്ചും പെൺകുട്ടികൾക്ക് എന്നാണ് ഇതെല്ലാം കാണിക്കുന്നത്. ഉത്തരാഖണ്ഡിൽ നഴ്സിനെ തട്ടിക്കൊണ്ടുപോയി ബലാത്ക്കാരം ചെയ്ത് കൊന്നുകളഞ്ഞ സംഭവവും ഇതിനിടയിലുണ്ടായി. കേരളത്തിൽ ഡോക്ടർ വന്ദനാ ദാസ് കൊല്ലപ്പെട്ടതും ഡ്യൂട്ടിക്കിടയിലാണ്.

ആർ.ജി. കാർ സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുക, കുറ്റവാളികളെ കർശനമായി ശിക്ഷിക്കുക, ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുക, ജോലിഭാരം കുറയ്ക്കുക, ആശുപത്രികളിൽ ആവശ്യമായ അളവിൽ ജീവനക്കാരെ നിയമിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് രാജ്യവ്യാപകമായി അതിശക്തമായ പ്രക്ഷോഭണമാണ് ഉയർന്നുവന്നിരിക്കുന്നത്. മെഡിക്കൽ കോളജിന്റെ മുന്നിൽ വിദ്യാർത്ഥികളും ഡോക്ടർമാരും സമരം നടത്തുന്ന പന്തലിലേയ്ക്ക് ഇതരസംസ്ഥാനങ്ങളിൽനിന്നുപോലും പിന്തുണയുമായി ആളുകൾ എത്തിച്ചേരുന്നു. ഡോക്ടർമാർ, നഴ്സുമാർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, വക്കീലന്മാർ തുടങ്ങി എല്ലാവിഭാഗം ജനങ്ങളും ഈ പ്രക്ഷോഭത്തെ പിന്തുണച്ച് പരസ്യമായി രംഗത്തുവന്നിരിക്കുന്നു. ഐഎംഎ നടത്തിയ ഒരു സർവേയുടെ റിപ്പോർട്ട്, എത്രമേൽ ഭയാന്തരീക്ഷത്തിലാണ് ആരോഗ്യപ്രവർത്തകർ ജോലിയെടുക്കുന്നത് എന്ന് സൂചിപ്പിക്കുന്നു. റിപ്പോർട്ട് അനുസരിച്ച് 82ശതമാനം ഡോക്ടർമാരും തൊഴിൽ രംഗത്ത് മാനസിക സമ്മർദ്ദം അനുഭവിക്കുന്നവരാണ്, 62 ശതമാനംപേർ ജോലിക്കിടയിൽ അക്രമം ഉണ്ടായേക്കും എന്ന് ഭയക്കുന്നവരാണ്.



ആഗസ്റ്റ് 14 രാത്രിയിൽ കൽക്കത്ത നഗരത്തിൽ നടന്ന വനിതകളുടെ രാത്രി കൈയടക്കൽ സമരത്തിൽ തടിച്ചുകൂടിയ പ്രതിഷേധക്കാർ

ഡോക്ടർമാരും ആരോഗ്യപ്രവർത്തരും നടത്തുന്ന സമരത്തെ പിന്തുണച്ചുകൊണ്ട് എസ് യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടി ആഗസ്റ്റ് 17ന് പശ്ചിമബംഗാളിൽ പ്രഖ്യാപിച്ച ബന്ദിന് വമ്പിച്ച പിന്തുണയാണ് ലഭിച്ചത്. ബംഗാളിനെ നിശ്ചലമാക്കിക്കൊണ്ട് എല്ലാവിഭാഗം ജനങ്ങളും വഴിയോര കച്ചവടക്കാരും തൊഴിലാളികളുമടക്കം ബന്ദിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

ഇനിമേൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കത്തക്കവിധം ശക്തമായ നിയമനടപടികൾ സ്വീകരിക്കുവാൻ സർക്കാരിന്റെമേൽ സമ്മർദ്ദം ചെലുത്താനുതകുന്ന അതിശക്തമായ ബഹുജനപ്രക്ഷോഭത്തിന്റെ പാതയിൽ അണിനിരക്കുവാൻ ഏവരോടും അഭ്യർത്ഥിക്കുന്നു. ■







എഐഡിഎസ്ഒ തിരുവനന്തപുരം മെഡിക്കൽ കോളജിനുമുന്നിൽ നടത്തിയ കാൻഡിൽ ലൈറ്റ് പ്രതിഷേധം. എഐഎംഎസ്എസ് സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിയ പ്രതിഷേധ പരിപാടിയിൽ അഖിലേന്ത്യ വൈസ് പ്രസിഡന്റ് ഷൈല കെ.ജോൺ പ്രസംഗിക്കുന്നു.

## ജനങ്ങളുടെ കുടിവെള്ളം മുട്ടിക്കരുത് – പ്രൊഫ.കെ.അരവിന്ദാക്ഷൻ



വാട്ടർ അതോറിറ്റിയുടെ എറണാകുളം ചീഫ് എൻജിനീയർ ഓഫീസിനു മുമ്പിൽ നടന്ന ബഹുജന ധർണ ജനകീയ പ്രതിരോധ സമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻഉദ്ഘാടനം ചെയ്യുന്നു..

**കൊ**ച്ചിയിലെ കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിനെതിരെ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ വാട്ടർ അതോറിറ്റിയുടെ എറണാകുളം ചീഫ് എൻജിനീയർ ഓഫീസിന്റെ മുമ്പിൽ നടന്ന ബഹുജന ധർണ സമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. കുടിവെള്ള വിതരണം ഫ്രഞ്ച് കമ്പനിയെ ഏൽപ്പിച്ചുകൊണ്ട് എഡിബി പദ്ധതി നടപ്പാക്കാനാണ് കേരള ഗവൺമെന്റിന്റെ നീക്കം. ജില്ലാ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അധ്യക്ഷത വഹിച്ചു. ഐഎൻടിയുസി ദേശീയസമിതിയംഗം വി.പി.ജോർജ്, റസിഡൻസ് അസോസിയേഷൻ അപെക്സ് കൗൺസിൽ സംസ്ഥാന സെക്രട്ടറി കുരുവിള മാത്യൂസ്, കുമ്പളം രവി, ഏലൂർ ഗോപിനാഥ്, രാധാകൃഷ്ണൻ കടവുങ്കൽ, ഹാഷീം ചേന്ദാമ്പിള്ളി, അഡ്വ. ജേക്കബ് പുളിക്കൻ, എൻ.ആർ. മോഹൻ കുമാർ, ജോമോൻ ജോൺ, പി.എ.ആന്റണി, കെ.കെ.വാമലോചനൻ, എം.വി.ലോറൻസ്, സുരേഷ് മുളവുകാട്, ആലുവ പൗരാവകാശ സംരക്ഷണ സമിതി പ്രസിഡന്റ് സാബു പരിയാരത്ത്, സെക്രട്ടറി ജോൺസൺ, ലൈജു ആലുങ്കൽ, മദ്യവിരുദ്ധ സമിതി നേതാവ് കെ. വിജയൻ, കെ.എ.അപ്പുക്കുട്ടൻ എന്നിവർ പ്രസംഗിച്ചു. ■

## തോട്ടപ്പള്ളി കരിമണൽ ഖനനത്തിനെതിരെ...



ആലപ്പുഴ തോട്ടപ്പള്ളിയിൽ നടക്കുന്ന കരിമണൽ ഖനനത്തിനെതിരെ പ്രതിഷേധിച്ച സമരസമിതി പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കുന്നു.

## കുമാരനാശാൻ ചരമശതാബ്ദി





വൈക്കം നവോത്ഥാന ചരിത്ര പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 3ന് വൈക്കം വ്യാപാരഭവനിൽ നടന്ന കുമാരനാശാൻ അനുസ്മരണ സെമിനാർ എസ്.ബി.കോളജ് റിട്ട.അധ്യാപകൻ ഡോ.പി.ആന്റണി ഉദ്ഘാടനം ചെയ്തു. എം.കൃഷ്ണകുമാർ അരവിന്ദൻ.കെ.എസ്.മംഗലം, മീര ബെൻ, ഡോ.ഇ.എസ്.രമേശൻ, സി.എം.ദാസപ്പൻ, പി.എൻ.ശിവൻകുട്ടി, എം.ബാബു, എൻ.കെ.ബിജു, എം.കെ.കണ്ണൻ എന്നിവർ പ്രസംഗിച്ചു. വൈക്കം താലൂക്കിലെ വിവിധ സ്കൂളുകളിൽനിന്നെത്തിയ വിദ്യാർത്ഥികൾ കുമാരനാശാൻ കവിതകളും അവതരിപ്പിച്ചു.





കുമാരനാശാൻ ചരമ ശതാബ്ദി ആചരണ സമിതിയും എറണാകുളം പബ്ലിക് ലൈബ്രറിയും സംയുക്തമായി സംഘടിപ്പിച്ച കുമാരനാശാൻ ചരമ ശതാബ്ദി ആചരണ പരിപാടി പ്രഭാഷകനും അധ്യാപകനുമായ രാജേന്ദ്രൻ എടത്തുംകര ഉദ്ഘാടനം ചെയ്തു. സമിതി ആലപ്പുഴ ജില്ലാ വൈസ് പ്രസിഡന്റ് എസ്.സൗഭാഗ്യകുമാരി, ലൈബ്രറി സെക്രട്ടറി അജിത് കുമാർ, ആചരണ കമ്മിറ്റി എറണാകുളം ജില്ലാ കൺവീനർ പി.പി.സജീവ് കുമാർ, നിഖിൽ സജി തോമസ് എന്നിവർ പ്രസംഗിച്ചു.

Volume: 51 No: 5 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.